# അദ്ധ്യായം 11

# വിശ്വാസത്താലുള്ള നീതീകരണം ദൈവത്തിന്റെ വിശ്വസ്തതയോടുകൂടെ

പത്താം അദ്ധ്യായത്തിൽ പൗലൊസ് മിക്ക യഹൂദന്മാരുടെയും ആത്മീയ അവസ്ഥയെക്കുറിച്ച് സംസാരിച്ചു. ഒന്നും രണ്ടും വാക്യങ്ങളിൽ പൗലൊസ് അവർ രക്ഷിക്കപ്പെടണമെന്നു തന്നെയാണ് തന്റെ ഹൃദയത്തിന്റെ വാഞ്ഛയും ദൈവത്തോടുള്ള പ്രാർത്ഥനയുമെന്നു പറഞ്ഞു. അവർ പരിജ്ഞാന പ്രകാരമല്ലെങ്കിലും ദൈവത്തെക്കുറിച്ച് എരിവുള്ളവർ ആകുന്നു എന്നും ‘‘യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിയ്ക്കപ്പെടുമെന്ന് ശക്തീകരിച്ചു പഠിപ്പിച്ചു (10:9). മിക്ക യഹൂദന്മാരും യേശുവിൽ വിശ്വസിച്ചില്ല. തന്മൂലം ഏറ്റു പറഞ്ഞുമില്ല. യിസ്രായേൽ അനുസരിക്കാത്തതും മറുത്തുപറയുന്നതുമായ ഒരു ജാതിയാണെന്ന് 10:21-ൽ പറഞ്ഞ് യെശയ്യാവിൽ നിന്നുള്ള ഉദ്ധരണിയോടുകൂടി ആ ആദ്ധ്യായം അവസാനിപ്പിച്ചു. ദൈവം അവരെ എന്നേക്കും ഉപേക്ഷിച്ചുകളഞ്ഞു എന്നാണോ പൗലൊസ് പറഞ്ഞത്? ഒരിക്കൽ ദൈവത്തിന്റെ ഉടമ്പടി സമൂഹമായിരുന്നവരെ ഉപേക്ഷിക്കയും അവരിൽ മേലാൽ ഒരു താല്പര്യവും ഇല്ലാതായി എന്നാണോ? 11-ാം അദ്ധ്യായത്തിൽ അതിനുത്തരം ഉണ്ട്.

ദൈവത്തിന്റെ താല്പര്യത്തിന് റോമർ 9-11 അദ്ധ്യായങ്ങളിൽ ചർച്ച ചെയ്യപ്പെടുന്ന സാഹചര്യങ്ങൾക്ക് അപ്പുറമായ കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആളുകൾ ഇന്നും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ചിലർക്കു എരിവുണ്ട് എന്നാൽ പരിജ്ഞാനപ്രകാരമല്ല. അനേകർ വിശ്വസിക്കുന്നു എന്നാൽ ഏറ്റു പറയുന്നില്ല. ‘‘അനുസരണം കെട്ടവരും,’’ ‘‘വഴങ്ങാത്തവരുമായവർ’’ നമ്മുടെ പാപപങ്കിലമായ ലോകത്തിന്റെ യോഗ്യമായ ഫലങ്ങളാണ്. ഇന്ന് ദൈവം പാപിയെ കൈവെടിഞ്ഞുവോ? *നിങ്ങളുടെ* ഏതെങ്കിലും സ്നേഹിതനെയോ കുടുംബാംഗത്തെയോ അയൽക്കാരനെയോ ഉപേക്ഷിച്ചുകളഞ്ഞുവോ? ഈ ചോദ്യങ്ങൾക്ക് നിത്യമായ സൂചന ഉണ്ട്.

### യഹൂദന്മാർ ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടവരല്ല (11:1-6)

**1എന്നാൽ ദൈവം സ്വജനത്തെ തള്ളിക്കളഞ്ഞുവോ എന്ന് ഞാൻ ചോദി**
**ക്കുന്നു? ഒരുനാളും ഇല്ല! ഞാനും യിസ്രായേല്യനല്ലോ, അബ്രാഹാമിന്റെ**
**സന്തതിയിൽ ബെന്യാമിൻ ഗോത്രത്തിൽ ജനിച്ചവൻ തന്നെ. 2ദൈവം മുന്ന**
**റിഞ്ഞ തന്റെ ജനത്തെ തള്ളിക്കളഞ്ഞിട്ടില്ല. ഏലിയാവിന്റെ ചരിത്രത്തിൽ**
**തിരുവെഴുത്തു പറയുന്നത് അറിയുന്നില്ലയോ. അവൻ യിസ്രായേലിനു വിരോ**
**ധമായി, 3കർത്താവേ അവർ നിന്റെ പ്രവാചകന്മാരെ കൊന്നു. നിന്റെ യാഗപ**

**ീഠങ്ങളെ ഇടിച്ചു കളഞ്ഞു. ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു. അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു. [4]എന്ന് ദൈവത്തോടു വാദിക്കുമ്പോൾ അവന് ദൈവത്താൽ അരുളപ്പാടുണ്ടായത് എന്ത്?'' ഞാൻ ബാലിനു മുട്ടുകുത്താത്ത ഏഴായിരം പേരെ എനിക്കായി ശേഷിപ്പിച്ചിരിക്കുന്നു എന്നുതന്നെ. [5]അങ്ങനെ ഈ കാലത്തിലും കൃപയാലുള്ള തെരഞ്ഞെടുപ്പിൻ പ്രകാരം ഒരു ശേഷിപ്പുണ്ട്. [6]കൃപയാൽ എങ്കിൽ പ്രവൃത്തിയാലല്ല, അല്ലെങ്കിൽ കൃപ കൃപയല്ല.**

**വാക്യം 1.** പൗലൊസ് ഒരു ചോദ്യത്തോടെ തുടങ്ങുന്നു. 94-ാം സങ്കീർത്തനത്തിന്റെ 14-ാം വാക്യത്തിലെ വാക്കുകളുടെ മുഴക്കം കേൾക്കുന്ന ചോദ്യം: **ഞാൻ പറയുന്നു ദൈവം തന്റെ ജനത്തെ ഉപേക്ഷിച്ചിട്ടില്ല**. സാന്ദർഭികമായി തന്റെ ജനം എന്നു പറയുന്നത് യിസ്രായേലിനെ ഉദ്ദേശിച്ചാണ്. പൗലൊസ് ചോദ്യത്തിനുത്തരമായി ''**ഒരുനാളും ഇല്ല!**'' എന്ന് ഞെട്ടലോടെ പറയുന്നു. രണ്ടാം വാക്യത്തിൽ ദൈവം തന്റെ ജനത്തെ നിരസിച്ചിട്ടില്ല എന്നു പറയുന്നു.

ദൈവം യിസ്രായേലിനെ ഉപേക്ഷിച്ചിട്ടില്ല എന്ന് ഉറപ്പു പറയുന്നു. എന്നാൽ ഈ അദ്ധ്യായത്തിൽ പിന്നീട് തന്റെ സ്വജാതിക്കാർ എന്നു പറയുന്നു (11:14, 15). വാക്യങ്ങളിൽ അവരുടെ ഭ്രംശം എന്നു പറയുന്നു. അത് രണ്ട് വൈരുദ്ധ്യങ്ങളാണ്. ദൈവം യിസ്രായേലിനെ തള്ളിക്കളഞ്ഞു - ദൈവം യിസ്രായേലിനെ തള്ളിക്കളഞ്ഞിട്ടില്ല. ഇതു രണ്ടും കൂടെ എങ്ങനെ നിരപ്പിക്കും. 9:6 ലുള്ള അപ്പൊസ്തലന്റെ പ്രസ്താവന ശ്രദ്ധിക്കാം. യിസ്രായേലിൽ നിന്നു ജനിച്ചവർ എല്ലാം യിസ്രായേൽ എന്നു വരുകയില്ല. ഈ ഉപദേശം ഒരു വലിയ വൃത്തത്തിനുള്ളിൽ ഒരു ചെറിയ വൃത്തമായി കരുതാം.

ദൈവം യിസ്രായേലിൽ ഭൂരിഭാഗത്തേയും ഉപേക്ഷിച്ചു (വലിയ വൃത്തം), വിശ്വസിച്ച യഹൂദന്മാരെ അവൻ *ഉപേക്ഷിച്ചിട്ടില്ല.* (ചെറിയ വൃത്തം) 11-ാം അദ്ധ്യായം തുടർന്നു പഠിയ്ക്കുമ്പോൾ ഈ വ്യത്യാസം മനസ്സിൽ സൂക്ഷിക്കണം. ഈ അദ്ധ്യായത്തിൽ യേശുവിനെ സ്വീകരിച്ച യഹൂദന്മാരെ ദൈവത്തിന്റെ ജനം എന്നും (11:1) മുന്നറിഞ്ഞവർ എന്നും (11:2) തെരഞ്ഞെടുക്കപ്പെട്ടവർ (11:7) എന്നും പറഞ്ഞിട്ടുണ്ട്.

യിസ്രായേൽ ജാതിയെ ഉപേക്ഷിച്ചിട്ടില്ല എന്നതിനു തെളിവായി പൗലൊസ് തന്നെത്തന്നെ കാണിക്കുന്നു:[1] ''**ഞാനും യിസ്രായേല്യനല്ലോ. അബ്രാഹാമിന്റെ സന്തതിയും ബെന്യാമിൻ ഗോത്രക്കാരനും**'' (ഫിലി. 3:5) യിസ്രായേലിന്റെ ഒരു ഭാഗമായിരുന്നു: പൗലൊസ് യേശുവിനെ മശിഹായായി അംഗീകരിച്ച യഹൂദൻ.

**വാക്യം 2, 3.** ദൈവത്താൽ സ്വീകരിയ്ക്കപ്പെട്ട ഒരു യഹൂദനായിരുന്നതുകൊണ്ട് അവൻ ഈ നിഗമനത്തിലെത്തി. ദൈവം മുന്നറിഞ്ഞ തന്റെ ജനത്തെ ഒരിക്കലും കൈവിട്ടിട്ടില്ല. നേരത്തേ നാം ചർച്ചചെയ്തതുപോലെ ദൈവത്തിന്റെ മുന്നറിവ് മനുഷ്യന്റെ ഇച്ഛാസ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്നില്ല (8:29, 30ലെ വ്യാഖ്യാനം നോക്കുക). ദൈവം മുന്നറിഞ്ഞവരാണ് സുവിശേഷത്തിന്റെ വിളിയിൽ അനുകൂലമായി പ്രതികരിക്കുന്നത് (2 തെസ്സ. 2:14). വിശ്വാസത്താൽ (1:16) അങ്ങനെ അവർ നീതീകരിക്കപ്പെടുന്നു (5:1). ദൈവം ആ വിശേഷണങ്ങളുള്ള യഹൂദനെ ഉപേക്ഷിക്കുന്നില്ല.

കൂടുതൽ യഹൂദന്മാരും ഈ ഗുണങ്ങൾ ഉള്ളവരായിരുന്നില്ല - എന്നാൽ അതൊരു അതിശയകരമായ കാര്യമായിരുന്നില്ല. ചരിത്രത്തിലുടനീളം യഹൂദന്മാ

രുടെ ഒരു ചെറിയ കൂട്ടം മാത്രമെ ദൈവത്തെ അനുഗമിച്ചിരുന്നുള്ളൂ. അതായിരുന്നു പഴയ നിയമത്തിലെ പ്രസിദ്ധമായ കഥകൾ നമ്മെ പഠിപ്പിക്കുന്നത്.

> **ഏലിയാവിന്റെ ചരിത്രത്തിൽ തിരുവെഴുത്തു പറയുന്നത് അറിയുന്നില്ലയോ. അവൻ യിസ്രായേലിനു വിരോധമായി കർത്താവേ അവർ നിന്റെ പ്രവാചകന്മാരെ കൊന്നു. നിന്റെ യാഗപീഠങ്ങളെ ഇടിച്ചു കളഞ്ഞു. ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു. അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു.**

ഏലിയാവിന്റെ വാക്കുകളുടെ പശ്ചാത്തലം എന്താണ്? പ്രവാചകൻ ബാലിന്റെ പ്രവാചകന്മാരുടെ മേൽ ജയമെടുത്തു, കർമ്മേൽ പർവ്വതത്തിൽ വച്ച് (1 രാജാ. 18) ഒരു പക്ഷേ അത് ദേശം മുഴുവൻ പടരുന്ന ഒരു അഗ്നിയായിത്തീരണമെന്ന് അവൻ ആഗ്രഹിച്ചു കാണും. അതിനു പകരം ഇസബേൽ രാജ്ഞി അവനെ കൊല്ലുവാൻ ഭാവിച്ചു. അവന് ജീവരക്ഷയ്ക്കായി ഓടിപ്പോകേണ്ടതായും വന്നു (1 രാജാ. 19:1–8). നിരാശനും ഏകാകിയുമായി. അവന്റെ നിരാശയെല്ലാം ദൈവസന്നിധിയിൽ കുടഞ്ഞിട്ടു ''യിസ്രായേൽ മക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ച് നിന്റെ യാഗപീഠങ്ങളെ ഇടിച്ച് നിന്റെ പ്രവാചകന്മാരെ വാൾകൊണ്ടു കൊന്നുകളഞ്ഞു. ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു. അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു'' (1 രാജാ. 19:10; കാണുക 19:14). വിശ്വസ്തരായ യിസ്രായേലിനെ തൂത്തെറിയുവാൻ പോകുന്നു എന്ന് ഭയപ്പെട്ടു.

**വാക്യം 4.** കഥയുടെ അവസാനം അതല്ലാതിരുന്നതിനാൽ നന്ദിയുള്ളവരായിരിക്കാം. പൗലൊസ് തുടർന്നു. ഏലിയാവിനോടുള്ള ദൈവിക മറുപടി എന്തായിരുന്നു? **എന്നാൽ ബാലിനു മടങ്ങാത്ത മുഴങ്കാലും അവനെ ചുംബനം ചെയ്യാത്തവരായുമുള്ളവരായി ഏഴായിരം പേരെ ഞാൻ യിസ്രായേലിൽ ശേഷിപ്പിച്ചിരിക്കുന്നു** (1 രാജാ. 19:18) കർത്താവിന്റെ വചനത്തിൽ നിന്നും രണ്ടു കാര്യങ്ങൾ പ്രയോഗിക്കാം. ഏഴായിരം എന്നത് യിസ്രായേലിന്റെ ജനസംഖ്യയുടെ ഒരു ചെറിയ ഭാഗംമാത്രമേയുള്ളൂ (വടക്കേ രാജ്യം). ആ ഏഴായിരം പേർ യിസ്രായേലിന്റെ ഒരു ചെറിയ അംശം മാത്രമായിരുന്നു. ഒരു ചെറിയ കൂട്ടം യിസ്രായേല്യർ മാത്രമെ ഏലിയാവിന്റെ കാലത്തും യഥാർത്ഥ യിസ്രായേല്യരായി അംഗീകരിച്ചിരുന്നുള്ളൂ എന്നതിനാൽ പൗലോസിന്റെ കാലത്തും സമാനമായ സാഹചര്യമായിരുന്നു എന്നതിൽ അത്ഭുതപ്പെടുവാനില്ല.

എന്നാൽ പൗലൊസിന്റെ ആദ്യത്തെ ചിന്ത റോമർ 11–ൽ ഏഴായിരം ഒരു *ചെറിയ* സംഖ്യ ആണെങ്കിലും കണക്കാക്കപ്പെടുന്ന സംഖ്യയാണ്. അവരുടെ ഭാര്യമാരെയും മക്കളെയും കൂടെ ചേർത്താൽ ഒരു ഇരുപതിനായിരത്തോളം വരും. ഏലിയാവ് ചിന്തിച്ചിരുന്നതിനെക്കാൾ വലിയ സംഖ്യയാണ്. പൗലൊസിന്റെ കാലത്ത് ദൈവം യഹൂദന്മാരിൽ തിരസ്ക്കരിച്ചുവെങ്കിലും ചെറിയൊരു ഗണത്തെ തനിക്കായി നിർത്തിയിരുന്നു. പെന്തെകോസ്തുനാളിൽ മൂവായിരം പേർ സ്നാനമേറ്റു – രക്ഷിക്കപ്പെട്ടു (പ്രവൃത്തി. 2:5, 37, 38, 41, 47). യരുശലേമിലെ യഹൂദ ക്രിസ്ത്യാനികളുടെ സംഖ്യ പതിനായിരം വരെ വളർന്നു (പ്രവൃത്തി 2:47; 4:4; 5:14; 6:7). (പ്രവൃ. 8:1, 4), സഭ യെരുശലേമിൽ നിന്നും ചിതറിപ്പോയശേഷം പൗലൊസിന്റെ മൂന്നാം മിഷനറിയാത്രയുടെ അന്ത്യത്തിങ്കൽ അവിടെയും ഇവിടെയും ഉണ്ടായിരുന്ന യഹൂദന്മാർ സുവിശേഷ

പ്രസംഗത്തിന് അനുകൂലമായി പ്രതികരിയ്ക്കുവാൻ തുടങ്ങി (പ്രവൃത്തി. 14:1; 17:1–4, 10–12). മൂന്നാം മിഷണറിയാത്ര കഴിഞ്ഞ് പൗലൊസ് യെരുശലേമിലേക്ക് തിരിച്ചുവരുമ്പോൾ സഭയുടെ യെരുശലേമിലെ നേതാക്കന്മാർ ‘‘അനേകായിരങ്ങളെ’’[2] ക്കുറിച്ച് സംസാരിക്കുന്നുണ്ട് (പ്രവൃത്തി. 21:20). ഈ ആയിരങ്ങൾ ദൈവം യിസ്രായേലിനെ തള്ളിക്കളഞ്ഞില്ല എന്നതിനു നല്ല തെളിവാണ്. പ്രത്യേകമായും യിസ്രായേൽ രാജ്യത്തിലുള്ളവരെയും ദൈവം തള്ളിക്കളഞ്ഞില്ല എന്നതിനു നല്ല തെളിവാണ്, (വലിയ വൃത്തം) തന്റെ ജനമായിരുന്നവരെ (ചെറിയ വൃത്തം).

**വാക്യം 5, 6.** ഏലിയാവിന്റെ കാലത്തു നിന്നും ഒരു സമാന്തര കഥ കൊണ്ടുവന്നതിനു ശേഷം പൗലൊസ് തുടർന്നു. **അങ്ങനെ ഈ കാലത്തിലും കൃപയാലുള്ള തിരെഞ്ഞെടുപ്പിൻ പ്രകാരം ഒരു ശേഷിപ്പുണ്ട്.** ശേഷിപ്പ് (Remnant) λεῖμμα (*leimma*) എന്നതിൽ നിന്ന് തർജ്ജമചെയ്യപ്പെട്ടതാണ്. ബാക്കിയുള്ളത് എന്നർത്ഥം.[3] യിരെമ്യ. 42:2 ലുള്ള ശേഷിപ്പ് എന്ന വാക്ക് അനേകരിൽ നിന്നുള്ള കുറച്ചുപേർ എന്നർത്ഥം വരുത്തുന്നു. റോമൻ ലേഖനത്തിൽ നേരത്തേ പൗലൊസ് യെശയ്യാവിനെ ഉദ്ധരിച്ചിരുന്നു. ‘‘യിസ്രായേൽ മക്കളുടെ എണ്ണം കടൽക്കരയിലെ മണൽപോലെ ആയിരുന്നാലും ഒരു ശേഷിപ്പ്[4] മാത്രമെ രക്ഷിക്കപ്പെടുകയുള്ളൂ’’ (9:27). യിസ്രായേലിലെ അനേകരിൽ നിന്നും കുറെ പേർ മാത്രമേ രക്ഷിക്കപ്പെടുകയുള്ളൂ എന്ന് പ്രവചിയ്ക്കപ്പെട്ടിരുന്നു (വലിയ വൃത്തത്തിലുള്ള ചെറിയ വൃത്തം).

അതിന്റെ അർത്ഥം ആ ശേഷിപ്പ് എന്തെങ്കിലും പുണ്യം ചെയ്തിട്ടാണോ അവരെ മറ്റവരിൽ നിന്നും തെരഞ്ഞെടുത്തത്? അവരെ സ്വീകരിച്ചത് വ്യക്തിപരമായ നന്മകൊണ്ടല്ല, ദൈവത്തിന്റെ കരുണയുടെയും കൃപയുടെയും വെളിപ്പെടുത്തൽ മൂലമാണ്. അത് ‘‘ദൈവത്തിന്റെ കരുണയുള്ള തിരഞ്ഞെടുപ്പിനാലാണ്.’’

ദൈവത്തിന്റെ കൃപയാലുള്ള തിരഞ്ഞെടുപ്പാണെന്നു പറഞ്ഞ ശേഷം പൗലൊസ് തന്റെ ബലവത്തായ ഒരു പ്രസ്താവന തരുന്നു. കൃപയാലുള്ള രക്ഷയുടെയും പ്രവൃത്തിയാലുള്ള രക്ഷയുടെയും വൈരുദ്ധ്യം കാണിച്ചുകൊണ്ട്. **കൃപയാലല്ലെങ്കിൽ പ്രവർത്തിയാലല്ല. അല്ലെങ്കിൽ കൃപ കൃപയല്ല.** ‘‘കൃപയാലുള്ള രക്ഷ’’ യുടെ സങ്കല്പവും പ്രവൃത്തിയാലുള്ള രക്ഷയുടെ സങ്കൽപവും തമ്മിൽ വൈപരീത്യമുള്ളവയാണ്. ദൈവം *കൃപ*യാൽ ഞാൻ ചെയ്ത പ്രവർത്തികളാൽ രക്ഷ*നേടി* എന്നു പറയുന്നതും അബദ്ധമാണ്. ഞാൻ വൃത്തികേടായിക്കൊണ്ട് വൃത്തിയായി എന്നു പറയുന്നതുപോലെയും പക്ഷി നിലത്തിരുന്നുകൊണ്ട് ഉയരത്തിൽ പറന്നു എന്നു പറയുകയും ചെയ്യുന്നതു പോലെയാണ്. പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ കൃപയാൽ രക്ഷിക്കപ്പെട്ടു എന്നുപറഞ്ഞാൽ ‘‘കൃപ’’ യുടെ അർത്ഥം നഷ്ടപ്പെട്ടുപോകുന്നു. പിന്നെ ‘‘കൃപ’’ കൃപയല്ല.

5, 6 വാക്യങ്ങൾ വിട്ട് പോകുന്നതിനുമുമ്പായി ‘‘ശേഷിപ്പിനെ’’ ക്കുറിച്ച് ചില കാര്യങ്ങൾ കൂടെ ചിന്തിക്കാം. വേദപുസ്തകം എക്കാലത്തും ഒരു *ശേഷിപ്പിന്റെ* രക്ഷയെകുറിച്ചു മാത്രമെ പഠിപ്പിച്ചിട്ടുള്ളു (ശേഷിപ്പ്-ഒരു ചെറിയ ഭാഗം).[5] നോഹയുടെ കാലത്ത് ഭൂമിയിലുണ്ടായിരുന്ന അനേകായിരങ്ങളിൽ നിന്ന് വെറും എട്ടുപേർ (ഒരു ചെറിയ സംഖ്യ) ഉള്ള ശേഷിപ്പുമാത്രമെ രക്ഷപ്പെട്ടുള്ളു (1 പത്രൊ. 3:20). സൊദോമും ഗൊമോറയും നശിപ്പിക്കപ്പെട്ടപ്പോൾ ലോത്തും രണ്ടു പെൺമക്കളും മാത്രം രക്ഷപെട്ടു (ഉല്പ. 19:15–26). യഹൂദന്മാർ

പ്രവാസത്തിൽ കൊണ്ടുപോകപ്പെട്ട ശേഷം ഒരു ശേഷിപ്പുമാത്രമെ തിരിച്ചെത്തിയുള്ളൂ (യെശ. 10:21). പുതിയനിയമത്തിൽ യേശു പറഞ്ഞു. അനേകർ നശിച്ചുപോകും. ചുരുക്കം പേർമാത്രം രക്ഷിയ്ക്കപ്പെടും (മത്താ. 7:13, 14). വെളിപ്പാട് ദൈവജനത്തെ ഒരു ശേഷിപ്പ്[6] എന്നാണ് വിളിക്കുന്നത് (വെളി. 12:17; ഗഖഢ). ''ദൈവ കല്പന പ്രമാണിക്കുന്ന ഒരു ശേഷിപ്പ്'' ഈ ഭാഗത്തെ പലവാക്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള ശ്രമത്തിനിടയിൽ ഈ സത്യം പ്രത്യേകം ഓർത്തുകൊള്ളണം. ഒരു *ശേഷിപ്പ്* മാത്രമെ രക്ഷിയ്ക്കപ്പെടൂ. ഇത് എന്നും സത്യമായിരുന്നു. എന്നും സത്യമായിരിക്കുകയും ചെയ്യും.

## യഹൂദന്മാരുടെ ഹൃദയ കാഠിന്യം (11:7-10)

**7ആകയാൽ എന്ത്? യിസ്രായേൽ താൻ തിരഞ്ഞതു പ്രാപിച്ചില്ല. തിരഞ്ഞെടുക്കപ്പെട്ടവർ അതു പ്രാപിച്ചു. ശേഷമുള്ളവരോ കഠിനപ്പെട്ടിരിക്കുന്നു. 8ദൈവം അവർക്ക് ഇന്നുവരെ ഗാഢനിദ്രയും കാണാത്ത കണ്ണും കേൾക്കാത്ത ചെവിയും കൊടുത്തു എന്ന് എഴുതിയിരിക്കുന്നുവല്ലോ. 9അവരുടെ മേശ അവർക്കു കെണിയും**
**കുടുക്കും ഇടർച്ചയും പ്രതികാരവും**
**ആയിതീരട്ടെ.**
**10അവരുടെ കണ്ണു കാണാതവണ്ണം ഇരുണ്ടുപോകട്ടെ.**
**അവരുടെ മുതുക് എല്ലായപ്പോഴും കുനിയിക്കേണമേ.**

യിസ്രായേലിന്റെ ഒരു ശേഷിപ്പു മാത്രം *എന്തുകൊണ്ട്* രക്ഷിക്കപ്പെടുന്നത്? ഈ ചോദ്യത്തിനുത്തരമാണ് 7–10 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് പ്രസ്താവിക്കുന്നത്.

**വാക്യം 7. ആകയാൽ എന്ത്?** എന്ന ചോദ്യത്തിന് ആകയാൽ **താൻ തിരഞ്ഞത് യിസ്രായേൽ പ്രാപിച്ചിട്ടില്ല**. നേരത്തെതന്നെ പൗലൊസ് പറഞ്ഞിരുന്നു. നീതി അന്വേഷിച്ച യിസ്രായേൽ അതു പ്രാപിച്ചില്ല. (നീതി – ദൈവത്തിന്റെ മുമ്പിൽ ശരിയായത്) അവർക്ക് ലക്ഷ്യം തെറ്റിപ്പോയി. കാരണം അവർ വിശ്വാസത്താൽ അന്വേഷിച്ചില്ല (9:31, 32). അതുതന്നെയാണ് 11:7ലും പൗലൊസ് പറയുന്നത്. യിസ്രായേൽ താൻ തിരഞ്ഞത് പ്രാപിച്ചില്ല, എന്ത്? ദൈവത്തിന്റെ മുമ്പിൽ ശരിയായ നിലപാട്.

എങ്കിലും *ചില* യിസ്രായേല്യർക്ക് അവർ ആഗ്രഹിച്ചത് ലഭിയ്ക്കുവാൻ ഇടയായി: **തെരഞ്ഞെടുക്കപ്പെട്ടവർ അതു പ്രാപിച്ചു**. അവരാണ് യഥാർത്ഥ യിസ്രായേൽ. വലിയ വൃത്തത്തിനുള്ളിലെ ചെറിയ വൃത്തം അവർക്കു അതു ലഭിച്ചു. എന്തുകൊണ്ടെന്നാൽ അവർ ''വിശ്വാസത്താൽ, യേശുവിലുള്ള വിശ്വാസത്താൽ'' അന്വേഷിച്ചു.

അംഗസംഖ്യ കൂടുതലുള്ള യിസ്രായേലിന് എന്തു സംഭവിച്ചു? നാമിങ്ങനെ വായിക്കുന്നു **ശേഷമുള്ളവരോ കഠിനപ്പെട്ടിരിക്കുന്നു.** കട്ടിയാക്കുക എന്നർത്ഥം വരുന്ന πωρόω (*pōroō*) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ്[7] 9–ാം അദ്ധ്യായത്തിൽ പൗലൊസ് ദൈവം തനിക്കു മനസ്സുള്ളവരെ അവൻ കഠിനനാക്കുന്നു എന്ന് (9:18) പറഞ്ഞു. 9:17–ൽ ഫറവോന്റെ ഉദാഹരണം[8] കാണിക്കുകയും ചെയ്യുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ ദൈവം ആരെയും കഠിനനാക്കുന്നില്ല. ആദ്യം സ്വന്തമായി ഹൃദയം കഠിനപ്പെടുത്തിയവരെയാണ്

(9:18) ചിലപ്പോൾ കഠിനനാക്കുന്നത്. യിസ്രായേലിന്റെ പ്രശ്നം അവർക്ക് മത്സരമുള്ള സ്വീകരണമില്ലാത്ത ഹൃദയങ്ങളുണ്ടായിരുന്നു എന്നതാണ് (മത്താ. 13:15; പ്രവർത്തി. 28:27 കാണുക).

**വാക്യം 8.** എപ്പോഴും ചെയ്തുവരുന്നതുപോലെ പൗലൊസ് പഴയ നിയമ വചനങ്ങൾ കൊണ്ട് തന്റെ പ്രസ്താവനകളെ പിൻതാങ്ങുകയാണ് ചെയ്തത്. ആവർത്തനം 29:4, യെശയ്യാ 29:10 ഇവ ചേർക്കുകയാണ് ആദ്യം ചെയ്തത്. **ദൈവം അവർക്കു ഇന്നുവരെ ഗാഢനിദ്രയും കാണാത്ത കണ്ണും കേൾക്കാത്ത ചെവിയും കൊടുത്തു** എന്നെഴുതിയിരിക്കുന്നുവല്ലോ.

**വാക്യങ്ങൾ 9, 10.** അപ്പോൾ പൗലൊസ് 69-ാം സങ്കീർത്തനത്തിൽ നിന്ന് ഒരു ഭാഗം ഉദ്ധരിച്ചു. യേശുവും ആദിമ ക്രിസ്ത്യാനികളും അധികമായി അനുഭവിച്ചുവന്നിരുന്ന ഒരു സങ്കീർത്തനം (യോഹ. 2:17; 15:25; പ്രവൃത്തി. 1:20; റോമ. 15:3): **അവരുടെ മേശ അവരുടെ മുമ്പിൽ കെണിയായും അവർ സുഖത്തോടിരിക്കുമ്പോൾ കുടുക്കായും തീരട്ടെ. അവരുടെ കണ്ണ് കാണാതവണ്ണം ഇരുണ്ടുപോകട്ടെ; അവരുടെ അര എപ്പോഴും ആടുമാറാകേണമേ** (സങ്കീ. 69:22, 23). ദാവീദ് തന്റെ ശത്രുക്കളോട് പലവിധത്തിൽ പ്രവർത്തിക്കണമെന്ന് ദൈവത്തോടു പറയുന്ന സങ്കീർത്തനമാണ്. എന്നാൽ പൗലൊസിന്റെ ചിന്താഗതിയെ ബാധിയ്ക്കുന്ന ഭാഗം ഇതാണ്. ‘‘അവരുടെ കണ്ണു കാണാതവണ്ണം ഇരുണ്ടുപോകട്ടെ.’’ യിസ്രായേലിന്റെ കണ്ണ് ഇരുണ്ടതായിപ്പോയി. അവരിൽ ഭൂരിഭാഗവും യേശുവാണ്, വളരെ നാളുകളായി കാണാൻ കാത്തിരുന്ന മശിഹാ എന്നുള്ളതിന്റെ ദൈവദത്തമായ തെളിവുകൾ കാണാതെ തള്ളിക്കളഞ്ഞു.

### യഹൂദന്റെ നിരാകരണവും ജാതികളുടെ സ്വീകരണവും (11:11-16)

**[11]എന്നാൽ അവർ വീഴേണ്ടതിനോ ഇടറിയത്? എന്നു ഞാൻ ചോദിക്കുന്നു. ഒരു നാളുമല്ല. അവർക്ക് എരിവു വരുത്തുവാൻ അവരുടെ ലംഘനം ഹേതുവായി ജാതികൾക്ക് രക്ഷ വന്നു എന്നേയുള്ളൂ. [12]അവരുടെ നഷ്ടം ജാതികൾക്കു സമ്പത്തു വരുവാൻ കാരണമായി എങ്കിൽ അവരുടെ യഥാസ്ഥാനം എത്ര അധികം. [13]എന്നാൽ ജാതികളായ നിങ്ങളോട് ഞാൻ പറയുന്നത് ജാതികളുടെ അപ്പൊസ്തലനായിരിക്കയാൽ ചിലരെ രക്ഷിക്കാമെങ്കിലോ എന്നു വച്ച് ഞാൻ എന്റെ ശുശ്രൂഷയെ പുകഴ്ത്തുന്നു. [14]അവരുടെ ഭ്രംശം ലോകത്തിന്റെ നിരപ്പിനു ഹേതുവായി എങ്കിൽ അവരുടെ അംഗീകരണം മരിച്ചവരുടെ ഉയിർപ്പെന്നല്ലാതെന്താകും? [15]ആദ്യ ഭാഗം വിശുദ്ധം എങ്കിൽ പിണ്ഡം മുഴുവനും അങ്ങനെ തന്നെ. [16]വേർ വിശുദ്ധം എങ്കിൽ കൊമ്പുകളും അങ്ങനെ തന്നെ.**

പൗലൊസ് ചോദിച്ചിരുന്നു. ദൈവം തന്റെ ജനത്തെ തള്ളിക്കളഞ്ഞുവോ? ഫലത്തിൽ ഇല്ല എന്ന് പ്രത്യുത്തരവും കൊടുത്തു (11:1). ഈ തീരുമാനത്തെ താങ്ങുവാനായി താൻ കൊടുത്ത മറുപടിയിൽ ആദ്യം കാണിച്ചത് യഹൂദനെ തിരസ്ക്കരിച്ചത് *പരിപൂർണ്ണമായിട്ടല്ല* എന്ന് പറഞ്ഞു കൊണ്ടാണ്. രണ്ടാമത്തെ തെളിവ് ദൈവം **തരിസ്ക്കരിച്ചത് അന്തിമമായിട്ടുള്ള** തിരസ്ക്കാരമല്ല എന്നു പറഞ്ഞു കൊണ്ടാണ്. ദൈവം അനുതപ്പിപ്പാനും തിരികെ വരുവാനുമുള്ള അവസരങ്ങൾ അവർക്ക് നീട്ടിക്കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇതാണ് 11-ാം അദ്ധ്യായത്തിന്റെ ശിഷ്ട ഭാഗത്തിലെ പ്രധാന വിഷയം.

**വാക്യം 11.** പൗലൊസ് ഈ ഭാഗം ആരംഭിക്കുന്നത്, **ഞാൻ പറയുന്നു**

എന്ന വാക്കുകളാലാണ്. യിസ്രായേൽ ജാതി സ്വീകരിക്കപ്പെട്ടില്ല എന്നു സമ്മതിച്ചശേഷം വീണ്ടും ചോദിക്കുന്നു, **അവർ** (യഹൂദന്മാർ) **വീഴ്ച്ചക്കുവേണ്ടി ഇടറിപ്പോയി** (πίπτω, *piptō*) **അവർ അങ്ങനെയല്ലേ?** വീണ്ടും താൻ തന്നെ തന്റെ ചോദ്യത്തിന് മറുപടി നല്കുന്നു. "**ഒരു നാളും അരുത്**" (11:1 കാണുക).

വീണ്ടും നാം ഒരു പ്രത്യക്ഷമായ വൈരുദ്ധ്യത്തെ അഭിമുഖീകരിക്കുന്നു. 11മയിൽ യഹൂദന്മാർ വീണില്ല എന്നു പറയുന്നതായി തോന്നുന്നു. എന്നാൽ 11യയും 12ഉം അവരുടെ ലംഘനത്തെയും പാപത്തെയും കുറിച്ച് പറയുന്നു. അതെ സമയം 15-ാം വാക്യം അവരെ തിരസ്ക്കരിച്ചതിനെക്കുറിച്ചും പറയുന്നു. അപ്പോൾ പറയുന്നു. വിശ്വസിക്കാത്ത യഹൂദന്മാരെ ആദരിക്കാതെ (11:20, 21) ദൈവത്തിന്റെ ദയയും ഖണ്ഡിതവും കാൺക. വീണവരിൽ ദൈവത്തിന്റെ ഖണ്ഡിതവും. അവർ വീണില്ല, എന്നാൽ അവർ വീണു. ഖണ്ഡിതം (11:22) *വീഴാത്തവരിലോ* എങ്ങനെയെങ്കിലും അത് വിശേഷിപ്പിക്കണം.

പല തർജ്ജമകളിലും 11-ാം വാക്യത്തോട് വ്യക്തതയ്ക്കായി ചില വാക്കുകൾ കൂടെ ചേർക്കുന്നുണ്ട്. NIV യിൽ, അവർ *ഒരിക്കലും സുഖപ്പെടാതിരിക്കേണ്ടതിനാണോ* ഇടറിയത്? ഇത് ഈ വാക്യത്തിന്റെ മോശമായ ഒരു വ്യാഖ്യാനം അല്ല. അദ്ധ്യായത്തിന്റെ ബാക്കിഭാഗം അവർ അവിശ്വാസത്തിൽ തുടരാതിരിക്കുമെങ്കിൽ അവർക്ക് പ്രത്യാശയുണ്ട് എന്ന് തെളിയിച്ചിരിക്കുകയാണ്.

അവർ ഇടർച്ചക്കല്ലായ യേശുവിന്മേൽ തട്ടി വീണപ്പോൾ യഹൂദന്മാരുടെ വീഴ്ച്ച മാത്രമല്ല സംഭവിച്ചത് (9:32). യഹൂദന്മാരുടെ വീഴ്ചയിൽനിന്നും ഒരു *നല്ല* ഫലം പൗലൊസ് മനസ്സിലാക്കുന്നുണ്ട്. **യഹൂദന്മാരുടെ ലംഘനം മൂലം ജാതികൾക്ക് രക്ഷ വന്നു**. പൗലൊസ് ഒരു പട്ടണത്തിൽ ചെല്ലുമ്പോൾ ആദ്യം യഹൂദന്മാരുടെ പള്ളിയിലാണ് പോകുന്നത്. യഹൂദന്മാർ അവനെ തള്ളിക്കളയുമ്പോൾ അവൻ ജാതികളുടെ അടുത്തേക്കു തിരിഞ്ഞു. (അവർ എപ്പോഴും അവനോട് അങ്ങനെ ചെയ്തിരുന്നു) (പ്രവൃത്തി. 13:46; 14:1; 18:6; 19:8, 9; 28:28) ഇങ്ങനെ യഹൂദന്മാരുടെ ലംഘനം (സുവിശേഷം ത്യജിച്ചത്) ജാതികൾക്ക് സുവിശേഷം കേൾക്കുവാനും അനുസരിക്കുവാനും അവസരം ഒരുക്കി. ഒരു വിവരണം ഇങ്ങനെയാണ്, യഹൂദന്മാർ അകത്തു നിന്ന് പുറത്തേക്കുപോയപ്പോൾ അവർ വാതിൽ അടയ്ക്കാതെ തുറന്നിട്ടിട്ടാണ് പോയത്. ജാതികൾ അകത്തേക്കു നടന്നു കയറി (ങടഎ). യഹൂദന്മാർ സുവിശേഷം ത്യജിച്ചത് ജാതികൾക്ക് അവസരം നൽകി. (അത് കാരണമല്ല) സുവിശേഷം ജാതികളോട് അറിയിക്കുവാനുള്ള അവസരം ഉണ്ടായി. പക്ഷേ യഹൂദന്മാർ പൗലൊസിന്റെ പ്രസംഗം സ്വീകരിച്ചിരുന്നെങ്കിലും പൗലൊസ് ജാതികളോട് പ്രസംഗിക്കുമായിരുന്നു.

എന്നാൽ ജാതികളുടെ മാനസാന്തരം എന്നത് സംഭവ പരമ്പരകുളുടെ അവസാനത്തേതായിരിക്കണമെന്ന് ദൈവം ഉദ്ദേശിച്ചിട്ടില്ല. യഹൂദന്മാർക്ക് **തീഷ്ണത ജനിപ്പിക്കുവാൻ** ജാതികളുടെ രക്ഷ ഉപയോഗിക്കണമെന്ന് ദൈവം ഉദ്ദേശിച്ചിട്ടില്ല. 10:19-ൽ ജാതികളുടെ സ്വീകാര്യത യഹൂദന്മാർക്ക് **അസൂയ**, (തീക്ഷ്ണത) ജനിപ്പിക്കുമെന്നുള്ള ആശയം പൗലൊസ് നേരത്തേ സൂചിപ്പിച്ചിട്ടുണ്ട് (10:19) "ജനമല്ലാത്തവരെക്കൊണ്ട് ഞാൻ നിങ്ങൾക്ക് എരിവു വരുത്തും. മൂഢജാതിയെക്കൊണ്ട് ഞാൻ നിങ്ങൾക്ക് കോപം ജനിപ്പിക്കും." ഈ വാക്യത്തിന്റെ വ്യാഖ്യാനം കാണുക (10:19).

ഇവിടെ അസൂയ എന്ന വാക്കുപയോഗിച്ചിരിക്കുന്നതു വളരെ അപരിചിതത്വം തോന്നിയ്ക്കുന്നു. അസൂയ എന്നത് παραζηλόω (*parazēloō*) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ്. ζηλόω (*zēloō*) അതിനോട് παρά (*para*) എന്നു ചേർക്കുമ്പോൾ അതു കിട്ടുന്നു. ζέω (*zeō*) എന്നതിന് അസൂയപ്പെടുക എന്നോ തീക്ഷ്ണരാകുക[9]

എന്നോ അർത്ഥമുണ്ട്[10]. അസൂയയും തീക്ഷ്ണതയും നമ്മെ ചൂടാക്കാം. *Zēloō* എന്നത് ചിലപ്പോൾ മോശമായ അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട് (1 കൊരി. 13:4 കാണുക). എപ്പോഴുമല്ല പൗലൊസ് കൊരിന്ത്യരോട് ആത്മീയ വരങ്ങളെ ആഗ്രഹത്തോടെ വാഞ്ഛിപ്പിൻ എന്നു പറയുന്നു.

റോമർ 10:19 ലെയും 11:11, 14 ലെയും ''അസൂയ'' എന്ന വാക്ക് *ഉത്സാഹ ത്തോടെ ആഗ്രഹിപ്പിൻ* എന്ന് അർത്ഥമാക്കിയാൽ മതിയാകും.[11] പൗലൊസ് പ്രത്യാശിച്ചത് മശിഹായുടെ രാജ്യത്തിൽ (സഭയിൽ) ജാതികൾ അനുഭവി ക്കുന്ന പ്രയോജനങ്ങൾ കണ്ട് ഒരു *വലിയ ആഗ്രഹത്താൽ* ആ അനുഗ്ര ഹങ്ങൾ വേണമെന്ന് ആഗ്രഹിക്കണം. അവരുടെ തീക്ഷ്ണമായ ആഗ്രഹം വളർന്ന് സുവിശേഷത്തോടുള്ള മുൻവിധി മാറി ഹൃദയം യേശുകർത്താവിന ായി തുറന്നു കൊടുക്കണമെന്നും പൗലൊസ് ആഗ്രഹിച്ചു. സംഭവിയ്ക്കേണ്ട സംഭവപരമ്പരയുടെ ക്രമം ഇങ്ങനെയാണ്. ആഗ്രഹിക്കപ്പെടുന്നത്:

യഹൂദന്മാർ ത്യജിക്കപ്പെടുന്നു (ദൈവത്താൽ)
ജാതികൾ സ്വീകരിക്കപ്പെടുന്നു (ദൈവത്താൽ)
യഹൂദന്മാർ സ്വീകരിക്കപ്പെടുന്നു (ദൈവത്താൽ)

11-ാം അദ്ധ്യായത്തിന്റെ ഈ ക്രമം ഓർത്തുകൊള്ളണം. എങ്ങനെയാണ് ദൈവം ഈ ക്രമം യഹൂദന്മാരിൽ വിശ്വാസം ഉണർത്തുവാൻ ഇടയാക്കിയ തെന്ന് പൗലൊസ് പലപ്രാവശ്യം സൂചിപ്പിക്കുന്നുണ്ട്. വളരെ ചീത്തയായ ഒന്നിൽനിന്നും ഏറ്റവും നല്ലതായ ഒന്നിനെ നിർമ്മിയ്ക്കുവാൻ കഴിവുള്ളവന ാണ് നമ്മുടെ ദൈവം.

**വാക്യം 12**. തന്റെ ജാതിയിൽ പെട്ടവരായ കൂട്ടു യഹൂദന്മാർ രക്ഷി യ്ക്കപ്പെടുന്നതിനേക്കുറിച്ച് പൗലൊസ് സന്തോഷാധിക്യം ഉള്ളവനായി തീർന്നു. എന്നാൽ അവരുടെ (യഹൂദന്മാരുടെ) ലംഘനം ലോകത്തിനു ധനവും അവരുടെ നഷ്ടം ജാതികൾക്കു സമ്പത്തും ആയെങ്കിൽ അവരുടെ (യഹൂദന്മാരുടെ) യഥാസ്ഥാനം എത്ര അധികം!

ഒരു നിമിഷം ''യഥാസ്ഥാനം'' എന്ന വാക്കു ശ്രദ്ധിക്കാം. എന്തുകൊണ്ടെ ന്നാൽ ഈ അദ്ധ്യായത്തിന്റെ ഒടുവിലായി ഈ പദം വരുന്നത് ഈ വൈരു ദ്ധ്യമുള്ള ഭാഗത്തിലെ മർമ്മ പ്രധാനമായ വാക്കായിട്ടാണ് (11:25 കാണുക). πλήρωμα (*plērōma*) എന്ന ഗ്രീക്കുപദം ആണ് പുറകിലുള്ളത്.[12] πλήρης (*plēres*, "നിറഞ്ഞത്") πληρόω (*plēroo*, "നിറയ്ക്കുക") എന്നർത്ഥം വരുന്ന വാക്കുകൾ ചേർന്നുണ്ടായത്. റോമാലേഖനത്തിൽ അനേകം പ്രാവശ്യം ഇതുപയോഗിച്ചിട്ടുണ്ട് (1:29; 8:4; 13:8, 10; 15:13, 14 കാണുക). 11:12-ൽ *plērōma* എന്നതും ഏതർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു? പൗലൊസ് എങ്ങനെയാണ് ഇതിനെ ''ലംഘനത്തിനും'' ''തോൽവിയ്ക്കും'' എതിരായി ഉപയോഗിച്ചിരിക്കുന്നത് എന്നു കാണിക്കുകയാണ്.

വീണ്ടും വായിക്കാം: ''അവരുടെ *ലംഘനം*, ലോകത്തിന് ധനവും അവ രുടെ *തോൽവി* ജാതികൾക്ക് ധനവും ആയെങ്കിൽ അവരുടെ *യഥാസ്ഥാ പനം* എത്രയധികം.'' യഹൂദന്മാർക്ക് അവരുടെ ലംഘനവും തോൽവിയും ദൈവത്തിന് അവരെക്കുറിച്ചുള്ള ഉദ്ദേശം ത്യജിച്ചതാണ്. തൻമൂലം അവരെ ദൈവം ത്യജിച്ചു. അവരുടെ യഥാസ്ഥാനം എന്നു പറഞ്ഞാൽ ദൈവത്തിന് അവരെക്കുറിച്ചുള്ള ഉദ്ദേശം നിറവേറുന്നതും തന്മൂലം ദൈവത്താൽ സ്വീക രിക്കപ്പെടുന്നതുമാണ്. 12-ാം വാക്യത്തിനു സമാന്തരമായി 15-ാംവാക്യം ഇതു

മനസ്സിലാക്കുവാൻ സഹായിക്കുന്നു. അവരെ (യഹൂദരെ) തിരസ്ക്കരിച്ചത് ലോകത്തെ നിരപ്പിക്കുവാൻ കാരണമായി. എങ്കിൽ അവരെ സ്വീകരിക്കുന്നത് മരിച്ചവരുടെ ഇടയിൽ നിന്നുള്ള ഉറപ്പല്ലാതെ എന്താകും?

11:12 നെ കുറിച്ച് ഒരു കാര്യം കൂടെ ശ്രദ്ധിക്കണം: വാക്യത്തിന്റെ അവസാനഭാഗം NASB യിൽ ഭാവികാലക്രിയയിലാണ് എഴുതിയിരിക്കുന്നത്. അവരുടെ യഥാസ്ഥാനം എത്രമാത്രം അധികമായിട്ടായിരിക്കും. അവരുടെ നിറവ് എത്ര അധികമായിരിക്കും എന്നാണ് മൂലഭാഷയിൽ (KJV കാണുക). പൊതുവേ പറഞ്ഞാൽ ഒരു വാക്യത്തിൽ ഒരു ക്രിയാപദം ഇല്ലാതെയായാൽ പകരം ചേർക്കുന്ന ക്രീയാ പദം ആ വാചകത്തിലുള്ള ഇതര ക്രിയകളുടെ കാലം തന്നെ ആയിരിക്കണം. 12-ാം വാക്യത്തിൽ ഒരു ക്രിയാപദവുമില്ലെന്നുള്ളതാണ് പ്രശ്നം.[13] അതുകൊണ്ട് ചേർക്കുന്ന ക്രിയ വർത്തമാനകാലമാണോ ഭാവി കാലമാണോ എന്ന് മനസ്സിലാക്കുന്നില്ല. ഞ.ഇ.ഒ. ഘലിസ്യെ താഴെപറയുന്ന നിഗമനത്തിലെത്തിയതായി പറയുന്നു. പൗലൊസ് യഹൂദന്മാരുടെ യഥാസ്ഥാനത്തെക്കുറിച്ചു പറയുമ്പോൾ അപ്പൊസ്തലന്റെ മനസ്സിൽ ഭാവിയുടെ കാര്യമല്ല അപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ് മനസിലുള്ളത്:

> പൗലൊസ് എഴുതിയത് അക്കാലത്തു തന്നെ യഹൂദന്റെ ഉയർച്ചയും താഴ്ച്ചയും എല്ലാം ജാതികളുടെ ലോകത്തിന്റെ ധനമാണ് എന്നു കണക്കാക്കണം. പൗലൊസ് ചോദിക്കുകയാണ് അതു ശരിയാണെങ്കിൽ യഹൂദ ശേഷിപ്പ് ഇപ്പോൾതന്നെ നേടിയിട്ടുള്ള രക്ഷയുടെ നിറവ് എത്രമാത്രം ജാതികളുടെ ധനമായി കണക്കാക്കാം.[14]

12-ാം വാക്യത്തിലെ പൗലോസിന്റെ ചില വാക്കുകളുടെ ഉപയോഗം വ്യക്തമല്ല എന്നാൽ പൗലൊസിന്റെ ചിന്താഗതി വ്യക്തമാണ്. ദൈവം യഹൂദന്മാരെ ത്യജിച്ചത് ജാതികളെ സ്വീകരിക്കുവാൻ കാരണമായെങ്കിൽ യഹൂദന്മാരെ സ്വീകരിക്കുന്നത് എത്ര കൂടുതലായിട്ടുള്ള അനുഗ്രഹങ്ങൾ ലഭിയ്ക്കുവാൻ ഇടയാക്കും (അവർ മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്കു തിരിയുമ്പോൾ)! ഒരു പ്രയോജനകരമായ ഫലം കൂടുതൽ ഉണ്ടാകും. ഒരു പ്രയോജനം യഹൂദ പ്രസംഗികൾ ഉണ്ടാകും എന്നതാണ് (പത്രൊസിനെയും പൗലൊസിനെയും പോലെയുള്ളവർ) അതിൽ അന്തർഭവിച്ചിരിക്കുന്നത്. തൽഫലമായി കൂടുതൽ ആളുകൾ ജാതികളിൽ നിന്നും മാനസാന്തരപ്പെടുമെന്നാണ്. മുകളിൽ പറഞ്ഞ ക്രമങ്ങൾ വിശാലമാകാൻ സാദ്ധ്യതയുണ്ട്, താഴെ പറയും പ്രകാരം:

യഹൂദന്മാരെ തിരസ്ക്കരിക്കുന്നത് (ദൈവത്താൽ)
ജാതികൾ സ്വീകരിക്കപ്പെടുന്നു (ദൈവത്താൽ)
യഹൂദന്മാർ സ്വീകരിക്കപ്പെടുന്നു (ദൈവത്താൽ)
കൂടുതൽ ജാതികൾ സ്വീകരിക്കപ്പെടുന്നു (ദൈവത്താൽ)!

**വാക്യം 13, 14.** യഹൂദന്മാരെ തള്ളിയത് ജാതികൾക്ക് പ്രവേശിക്കുവാൻ അവസരമൊരുക്കി (11:11). ജാതികളിൽ പെട്ട ചിലർ ചിന്തിച്ചേക്കാം ദൈവം യഹൂദന്മാരെ തള്ളിയത് ജാതികളെ സ്വീകരിക്കുവാനാണെന്ന് (11:19 കാണുക). ശതാബ്ദങ്ങളായി യഹൂദന്മാർ ദൈവത്തിന്റെ പ്രത്യേക ജനങ്ങളായിരു

ന്നതിനാൽ അവർ ജാതികളെക്കാൾ ഉയർന്നവരാണെന്ന് തങ്ങളെക്കുറിച്ച് തന്നെ ചിന്തിച്ചിരുന്നു. ഇപ്പോൾ കാര്യം തിരിഞ്ഞു വന്നു. ജാതികൾ തങ്ങൾ യഹൂദന്മാരെക്കാൾ ഉന്നതരാണെന്ന് ചിന്തിക്കുവാനുള്ള പരീക്ഷയാണ് അതിനാൽ പൗലൊസ് തന്റെ ശ്രദ്ധ അവരുടെ നേരേ അയ്ക്കുന്നു: **ജാതികളായ നിങ്ങളോട് ഞാൻ പറയുന്നു.** ഈ സ്ഥാനം മുതൽ അദ്ധ്യായം തീരുന്നതുവരെ പൗലൊസ് ജാതികളിൽ നിന്നുള്ള ക്രിസ്ത്യാനികളോടാണ് സംസാരിക്കുന്നത്.

അപ്പൊസ്തലൻ അവരോടു പറയുന്നത് അവർക്ക് പ്രശംസിക്കുവാൻ യാതൊരു കാരണവുമില്ലെന്നാണ്. കാരണം യഹൂദന്മാരുടെ തിരസ്ക്കരണം അന്തിമമല്ല. ദൈവം അവരെ ഇന്നും കരുതുന്നുണ്ട്. അവരെ വീണ്ടും സ്വീകരിപ്പാൻ ഒരുങ്ങിയിരിക്കുകയും ചെയ്യുന്നു. അവർ അവരുടെ വഴങ്ങാത്ത സ്വഭാവത്തെക്കുറിച്ച് അനുതപിച്ച് യേശുവിൽ വിശ്വസിച്ചാൽ മതി. പൗലൊസ് പറഞ്ഞു. **ഞാൻ ജാതികളുടെ അപ്പൊസ്തോലനാ** (കാണുക 1:1, 5; 15:16) **യിരിക്കുന്നിടത്തോളം ഞാൻ എന്റെ ശുശ്രൂഷയെ പുകഴ്ത്തുന്നു.** പൗലൊസിന്റെ പ്രാഥമികമായ ശുശ്രൂഷ ജാതികളുടെ ഇടയിലായിരുന്നു (δοξάζω, *doxazo*). എന്നാൽ തന്റെ സ്വന്തജനങ്ങളായ യഹൂദന്മാരെക്കുറിച്ച് ആഴമായ ചിന്താ ഭാരം ഉള്ളവനായിരുന്നു (9:1–3; 10:1). യഹൂദന്മാർ മാനസാന്തരപ്പെട്ടപ്പോൾ തന്റെ ശുശ്രൂഷ ''മഹത്വമുള്ളതാണെന്ന്'' പറയുകയും ചെയ്തു.

13, 14 വാക്യങ്ങളിൽ ജാതികൾ ദൈവരാജ്യത്തിന്റെ (മ്ശിഹായുടെ രാജ്യത്തിന്റെ) പ്രയോജനങ്ങൾ അനുഭവിക്കുമ്പോൾ അവർക്കും അനുഗ്രഹങ്ങൾക്കായി തീക്ഷ്ണമായ ആഗ്രഹം ഉണ്ടാകും. അങ്ങനെ യേശുവിൽ വിശ്വസിപ്പാൻ ഇടയാകും (11:11). വ്യാഖ്യാനം കാണുക. ഒരു വലിയകൂട്ടത്തിന്റെ മാനസാന്തരം പ്രതീക്ഷിച്ചില്ല. എന്നാൽ ചിലർ രക്ഷിക്കപ്പെടുന്നതു കാണുവാൻ ആഗ്രഹിച്ചു (1 കൊരി. 9:20–22).

**വാക്യം 15**. പൗലൊസ് തുടരുന്നു, **അവരുടെ** (യഹൂദൻമാരുടെ) **ഭ്രംശം** (ദൈവത്താൽ) **ലോകത്തിന്റെ** (ജാതികളുടെ) **നിരപ്പിന്നു ഹേതുവായി എങ്കിൽ അവരുടെ** (യഹൂദൻമാരുടെ) **അംഗീകരണം** (ദൈവത്താൽ) **മരിച്ചവരുടെ ഉയിർപ്പെന്നല്ലാതെ എന്താകും?** വാക്യം 14–ലും 15–ലും, മുൻപ് നൽകപ്പെട്ടിട്ടുള്ള സംഭവങ്ങളുടെ ക്രമം നമുക്ക് കാണാം (വ്യാഖ്യാനം 11:11) കാണുക. യഹൂദൻമാർ സുവിശേഷം ത്യജിച്ചപ്പോൾ, ദൈവം അവരെ ത്യജിച്ചു. ഇത് ജാതികളോട് സുവിശേഷം പറയുന്നതിന് അവസരമൊരുക്കുകയും അത് സുവിശേഷത്തോട് പ്രതികരിച്ച ജാതികളുടെ ദൈവവുമായുള്ള അനുരഞ്ജനപ്പെടലിന് (രക്ഷയ്ക്ക്) വഴി തുറക്കുകയും ചെയ്തു. ജാതികളെ കർത്താവ് സ്വീകരിക്കുന്നത് കണ്ട യഹൂദരും രക്ഷിക്കപ്പെടുന്നതിന് ആഗ്രഹിക്കുമെന്ന് പൗലൊസ് ആശിച്ചിരുന്നു (11:14).

അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ, പൗലൊസ് പറയുന്നു, ''അവരുടെ ഭ്രംശം ലോകത്തിന്റെ നിരപ്പിന്നു ഹേതുവായി എങ്കിൽ അവരുടെ അംഗീകരണം മരിച്ചവരുടെ ഉയിർപ്പെന്നല്ലാതെ എന്താകും?''[15] പൗലൊസ് ''മരിച്ചവരുടെ ഉയിർപ്പ്'' എന്ന വാക്കുകൾ ഉപയോഗിച്ചത്, യഹൂദൻമാർ രക്ഷിക്കപ്പെടുന്നതിന്റെ ഒരു ശ്രദ്ധേയമായ ഉപമയായിട്ടാണ് (11:14). അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നത് ശാരീരികമായ ഒരു ഉയിർത്തെഴുന്നേൽപ്പല്ലായിരുന്നു; മറിച്ച് ഒരു ആത്മീക ഉയിർത്തെഴുന്നേ ൽപ്പായിരുന്നു (കാണുക 6:4, 5). മുടിയനായ പുത്രനോട്, അവൻ മടങ്ങി വന്നപ്പോൾ പിതാവ് പറഞ്ഞതിനെയാണ് ഇത് അനുസ്മരിപ്പിക്കുന്നത്: ''എന്റെ പുത്രൻ മരിച്ചവനായിരുന്നു; ഇപ്പോഴിതാ ജീവിക്കുന്നവനായി മടങ്ങി

വന്നിരിക്കുന്നു'' (ലൂക്കോസ് 15:24).

യേശുവിന്റെ മടങ്ങി വരവിന് തൊട്ടു മുൻപുളള സംഭവങ്ങളെ അടിവരയിട്ടു കാണിക്കുന്നതാണ് അദ്ധ്യായം 11 എന്ന് ചിലർ വ്യാഖ്യാനിക്കുന്നു. 15-ാം വാക്യത്തിലെ ''മരിച്ചവരുടെ ഉയിർപ്പ്'' എന്നത്, യേശുവിന്റെ മടങ്ങി വരവിലെ എല്ലാ മനുഷ്യരുടെയും ശാരീരിക ഉയിർത്തെഴുന്നേൽപ്പിനെ കുറിക്കുന്നുവെന്നാണ് അവരുടെ നിഗമനം. എന്നാൽ, ''പൗലൊസ് ഇവിടെ ഉപയോഗിക്കുന്ന വാക്കുകൾ, പൊതുവായ ഉയിർത്തെഴുന്നേൽപ്പിനെ കുറിക്കുന്നതിനായി മറ്റെവിടെയും ഉപയോഗി ച്ചിട്ടുളളവയല്ല''[16] എന്ന് ലിയോൺ മോറിസ് ചൂണ്ടിക്കാട്ടുന്നു. ''ഈ പശ്ചാത്തലം ശാരീരിക ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ച് സൂചിപ്പിക്കുേ ന്നയില്ല'' എന്ന് വാൾട്ടർ ഡബ്ലിയു. വെസ്സൽ അഭിപ്രായപ്പെടു ന്നു.[17] റോമർ 11:15-ന് മുൻപും പിൻപുമുളള വാക്യങ്ങളുടെ ഉളളടക്കം വില്യം ഹെൻഡ്രി നിരീക്ഷിച്ചു കൊണ്ട് ഇങ്ങനെ അന്തിമ നിഗമനത്തി ലെത്തുന്നു. ''അതിനാൽ, ഇടയ്ക്കായി വരുന്ന 'അവരുടെ അംഗീകരണം മരിച്ചവരുടെ ഉയിർപ്പെന്നല്ലാതെ ...' എന്ന പ്രയോഗം, ലോക ചരിത്രത്തിന്റെ സമാപന സമയത്ത് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നവ യുടെ ചില പരാമർശമായി വ്യാഖ്യാനിപ്പിക്കപ്പെടാവുന്നവയല്ല.''[18]

പൗലൊസ് ലോകാന്ത്യത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നില്ല. എന്നാൽ തന്റെ കാലവുമായി ബന്ധപ്പെട്ട സംഭവങ്ങൾ പരാമർശിക്കു കയായിരുന്നു. സഹ-യഹൂദൻമാരുടെ രക്ഷയെക്കുറിച്ച് പരിഗണിക്കുമ്പോൾ, അദ്ദേഹത്തിന്റെ മനസ്സിലേക്ക് എത്തിയ ഏറ്റവും അനുയുക്തമായ വാക്യാലങ്കാരം, ''മരിച്ചവരുടെ ഉയിർപ്പ്'' എന്നതായിരുന്നു. സമാനമായ ഒരു തുലനത്തിനായി, യെഹെസ്കേൽ യിസ്രായേലിന്റെ പുനരുദ്ധാരണത്തെ ക്കുറിച്ച് മിഴിവാർന്ന ഒരു ചിത്രം വരയ്ക്കുന്നത് കാണാം (യെഹെ. 37:1-14).

വാക്യം 16-ലേക്ക് നാം നീങ്ങുന്നതിന് മുൻപായി, വാക്യങ്ങൾ 12-ഉം 15-ഉം താരതമ്യം ചെയ്യുന്നത് മൂല്യവത്തായി തീർന്നേക്കാം. വാക്യം 12 പറയുന്നു: ''എന്നാൽ അവരുടെ ലംഘനം ലോകത്തിന്നു ധനവും അവരുടെ നഷ്ടം ജാതികൾക്കു സമ്പത്തും വരുവാൻ കാരണമായി എങ്കിൽ അവരുടെ (യഹൂദരുടെ) യഥാസ്ഥാനം എത്ര അധികം!'' വാക്യം 15 പറയുന്നതാകട്ടെ, ''അവരുടെ (യഹൂദരുടെ) ഭ്രംശം ലോകത്തിന്റെ നിരപ്പിന്നു ഹേതുവായി എങ്കിൽ അവരുടെ അംഗീകരണം മരിച്ചവരുടെ ഉയിർപ്പെന്നല്ലാതെ എന്താകും?'' എന്നാണ്. വാക്യം 12 യഹൂദർ എന്തായിരുന്നു ചെയ്തത് എന്നതിനെക്കുറിച്ചും വാക്യം 15 അവർ ചെയ്തതിന്റെ പരിണിത ഫലത്തെക്കുറിച്ചുമാണ്. ഇനി നമുക്ക് രണ്ടു വാക്യങ്ങളും ചേർത്തു വെക്കാം: യഹൂദൻമാരുടെ ലംഘനവും പരാജയവും (11:12), ദൈവം അവരെ തിരസ്കരിക്കുന്നതിലേക്ക് നയിച്ചു (11:15) എന്നും അതേ സമയം, അവരുടെ യഥാസ്ഥാനം ദൈവത്തിന്റെ അംഗീകരണത്തിൽ കലാശിച്ചുവെന്നും നാം കാണുന്നു. 11:12-ന്റെ വ്യാഖ്യാനങ്ങളിൽ പറഞ്ഞതു പോലെ, ''യഥാസ്ഥാനം'' എന്ന വാക്ക് അത്തരമൊരു പശ്ചാത്തലത്തിൽ, ദൈവ ത്തിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കുക എന്നതാണ് അർത്ഥമാക്കുന്നത്. അതിന് ചിലർ നിർദ്ദേശിക്കുന്നതു പോലെ, അനുമാനിച്ചെടുത്ത ''സംഖ്യ തികയ്ക്കുക'' എന്നൊരു അർത്ഥമില്ല (കാണുക 11:25, 26 വ്യാഖ്യാനങ്ങൾ കാണുക).

**വാക്യം 16.** യഹൂദൻമാർ കർത്താവിലേക്ക് തിരിയുന്നതുമായി ബന്ധപ്പെട്ട രണ്ട് ഉപമകൾ പൗലൊസ് ഉപയോഗിച്ചു. ഒന്നാമതായി, അദ്ദേഹം അന ുഷ്ഠാനപരമായ ഒരു ചിത്രീകരണം ഉപയോഗിക്കുന്നു: ''**ആദ്യഭാഗം വിശുദ്ധം**

**എങ്കിൽ പിണ്ഡം മുഴുവനും അങ്ങനെ തന്നേ; വേർ വിശുദ്ധം എങ്കിൽ കൊമ്പുകളും അങ്ങനെ തന്നേ.**" എൻഐവി അത് ഇങ്ങനെ രേഖപ്പെടുത്തുന്നു: "ആദ്യഫലമായി അർപ്പിക്കുന്ന പിണ്ഡത്തിന്റെ ഭാഗം വിശുദ്ധമാണെങ്കിൽ, മുഴുവനും വിശുദ്ധം തന്നെ." പഴയ നിയമത്തിൽ, കർത്താവിന് അർപ്പിച്ചിരുന്ന പിണ്ഡത്തിന്റെ ഭാഗം ഉണ്ടാക്കിയിരുന്നത് വിളവെടുത്ത (ആദ്യഫലം) ഗോതമ്പിൽ നിന്നായിരുന്നു (സംഖ്യ. 15:17-21). ഈ പ്രവർത്തി ശേഷിക്കുന്ന മുഴു പിണ്ഡത്തെയും വിശുദ്ധമാക്കിയിരുന്നു. അങ്ങനെ അർപ്പണം നൽകിയ വ്യക്തിക്ക് അത് ഉപയോഗിക്കുന്നതിന് സാധിച്ചിരുന്നു. 11:6-ലെ പൗലൊസിന്റെ രണ്ട് ഉപമകൾ സമാന്തരമാണെങ്കിലും "പിണ്ഡത്തിന്റെ ആദ്യ ഭാഗം" "വേര്" പോലെ തന്നെയാണെങ്കിലും, "പിണ്ഡത്തിന്റെ ആദ്യ ഭാഗം" ഒരു പക്ഷേ പരാമർശിക്കുന്നത് യഹൂദ കുലപതികളെക്കുറിച്ചാകാം - പ്രത്യേകിച്ചും അബ്ര ാഹാമിനെക്കുറിച്ച്. ഗോ്ര തത്തലവൻമാർ വിശുദ്ധൻമാരായതിനാൽ, അവരുടെ "യഥാർത്ഥ" പിൻതുടർച്ചക്കാരേയും (അവരുടെ വിശ്വാസ മാതൃകയെ പിന്തുടർന്നവർ) ദൈവം വിശുദ്ധൻമാരായി പരിഗണിച്ചു.

പൗലൊസ് കാർഷികസംബന്ധിയായ ഒരു ഉദാഹരണമാണ് അടുത്തതായി ഉപയോഗിക്കുന്നത്: **വേർ വിശുദ്ധം എങ്കിൽ കൊമ്പുകളും അങ്ങനെ തന്നേ**. "വേര്" എന്താണ് (അല്ലെങ്കിൽ ആരാണ്) എന്നതിനെക്കുറിച്ച് ചില വിയോജിപ്പുകളുണ്ട്. ദൈവം തന്നെയാണ് വേര് എന്ന് ചിലർ പറയുന്നു. അത് ദൈവത്തിന്റെ രക്ഷാപദ്ധതിയാണ് എന്ന് മറ്റ് ചിലർ വിശ്വസിക്കുന്നു. ഈ തുലനം അതിന്റെ പൂർണ്ണമായും പരിഗണിക്കുമ്പോൾ (11:16-24), "വേര്", "പിതാക്കൻമാരെ (കുലപതികളെ)" (കാണുക 11:28) - പ്രത്യേകിച്ചും ദൈവത്തിന്റെ വാഗ്ദാനങ്ങൾ യഥാർത്ഥത്തിൽ നൽകപ്പെട്ട അബ്രാഹാമിനെ - പരാമർശിക്കുന്നുവെന്ന്മനസ്സിലാക്കാം. തീർച്ചയായുംഇവിടെപരാമർശിക്കപ്പെട്ടിട്ടുള്ള തിരഞ്ഞെടുപ്പുകളിൽ മുഖ്യമായവൈരുദ്ധ്യങ്ങളൊന്നുമില്ല: *ദൈവം* തന്റെ അമൂല്യ വാഗ്ദാനങ്ങൾ *അബ്രാഹാമിനും* മറ്റ് കുലപതികൾക്കും നൽകിയപ്പോൾ *ദൈവത്തിന്റെ രക്ഷാ പദ്ധതി* വെളിപ്പെടുത്തപ്പെട്ടു. പൗലൊസിന്റെ ചിന്തയിൽ മുഖ്യമായും അബ്രാഹാമായിരുന്നു ഉണ്ടായിരുന്ന തെങ്കിൽ, വാക്യം 16-ന്റെ അവസാനം ഇതേ പോലെയായിരിക്കും: "വേര് (അബ്രാഹാം) വിശുദ്ധിയുള്ളവനെങ്കിൽ, കൊമ്പുകളും ["പിതാവായ അബ്രാഹാമിന്റെ ... വിശ്വാസത്തെ അനുഗമിക്കുന്നവർ" (4:12)] അങ്ങനെ തന്നേ."

ഈ ഭാഗത്ത് പൗലൊസ് ഊന്നൽ നൽകുന്നത് യഹൂദൻമാരുടെ തിരസ്കരണം അന്തിമമായിരുന്നില്ല എന്നതാണ്. രക്ഷയുടെ വാതിൽ ഇപ്പോഴും യഹൂദൻമാർക്കായി തുറന്നിരിക്കുന്നതിനാൽ, ആ വാതിലിലൂടെ പ്രവേശിച്ച ജാതികൾക്ക് മറ്റുള്ളവരേക്കാൾ തങ്ങൾ ശ്രേഷ്ഠതയുണ്ടെന്ന് തോന്നുന്നതിന് യാതൊരു അടിസ്ഥാനവുമില്ല.

### യഹൂദൻമാരെ തിരികെ ഒട്ടിച്ചു ചേർക്കുന്നു (11:17-24)

**17കൊമ്പുകളിൽ ചിലതു ഒടിച്ചിട്ടു കാട്ടൊലിവായ നിന്നെ അവയുടെ ഇടയിൽ ഒട്ടിച്ചു ചേർത്തു ഒലിവുമരത്തിന്റെ ഫലപ്രദമായ വേരിന്നു പങ്കാളിയായിത്തീർന്നു എങ്കിലോ, 18കൊമ്പുകളുടെ നേരെ പ്രശംസിക്കരുതു; പ്രശംസിക്കുന്നുവെങ്കിൽ നീ വേരിനെ അല്ല വേർ നിന്നെയത്രേ ചുമക്കുന്നു**

**എന്നു ഓർക്ക. [19]എന്നാൽ എന്നെ ഒട്ടിക്കേണ്ടതിന്നു കൊമ്പുകളെ ഒടിച്ചു കളഞ്ഞു എന്നു നീ പറയും. [20]ശരി; അവിശ്വാസത്താൽ അവ ഒടിഞ്ഞുപേ ായി; വിശ്വാസത്താൽ നീ നില്ക്കുന്നു; ഞെളിയാതെ ഭയപ്പെടുക. [21]സ്വാഭാവിക കൊമ്പുകളെ ദൈവം ആദരിക്കാതെ പോയെങ്കിൽ നിന്നെയും ആദരിക്കാതെ വന്നേക്കും. [22]ആകയാൽ ദൈവത്തിന്റെ ദയയും ഖണ്ഡിതവും കാൺക; വീണ വരിൽ ദൈവത്തിന്റെ ഖണ്ഡിതവും; നിന്നിലോ നീ ദയയിൽ നിലനിന്നാൽ ദയയും തന്നേ; അല്ലെങ്കിൽ നീയും ഛേദിക്കപ്പെടും. [23]അവിശ്വാസത്തിൽ നിലനിൽക്കാഞ്ഞാൽ അവരെയും കൂടെ ഒട്ടിക്കും; അവരെ വീണ്ടും ഒട്ടിപ്പാൻ ദൈവം ശക്തനല്ലോ. [24]സ്വഭാവത്താൽ കാട്ടുമരമായതിൽനിന്നു നിന്നെ മുറിച്ചെടുത്തു സ്വഭാവത്തിന്നു വിരോധമായി നല്ല ഒലിവുമരത്തിൽ ഒട്ടിച്ചു എങ്കിൽ, സ്വാഭാവിക കൊമ്പുകളായവരെ സ്വന്തമായ ഒലിവുമരത്തിൽ എത്ര അധികമായി ഒട്ടിക്കും?**

ജാതികൾക്ക് ഗർവ്വ് തോന്നേണ്ടതില്ല; കാരണം ദൈവം അവർക്ക് ചെയ്തത് അവർ അർഹിക്കുന്നില്ല; അവരെ ദൈവം സ്വീകരിച്ചത് കൃപയുടെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു. പൗലൊസ് മിക്കപ്പോഴും ഈ സത്യം പ്രഖ്യാപിച്ചിരുന്നു (ഉദാഹരണമായി 3:24-ൽ). എന്നാൽ ഇപ്രാവശ്യം ഈ വിഷയത്തിൽ അസാധാരണമായ ഒരു സമീപനം ഉപയോഗിച്ചു - അപ്ര തീക്ഷിതമായ ഒരു വഴിത്തിരിവോടു കൂടിയ ഒരു അസാധാരണ സമീപനം.

**വാക്യം 17.** വാക്യം 16-ലെ പൗലൊസിന്റെ "വേര്", "കൊമ്പുകൾ" എന്നീ പരാമർശങ്ങൾ ഒലിവ് മരത്തോട് കൊമ്പുകൾ ഒട്ടിച്ചു ചേർക്കുന്ന ഒരു വിപുലീകരിച്ച സാദൃശ്യം[19] ഉപയോഗിക്കുന്നതിന് പ്രേരിപ്പിച്ചു. പൗലൊ സിന്റെ വായനക്കാർ ഒലിവ് മരങ്ങളുമായി പരിചിതരായിരുന്നു; എന്നാൽ നമ്മിൽ പലരും അങ്ങനെയല്ല. പൗലൊസിന്റെ ഈ ചിത്രീകരണത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനായി, ഒലിവ് വൃക്ഷങ്ങളെക്കുറിച്ചും ഒട്ടിക്കുന്ന പ്രക്രിയയെക്കുറിച്ചും നാം ചിലത് മനസ്സിലാക്കേണ്ടതാണ്. മെഡിറ്ററേനിയൻ സമുദ്രത്തോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ എല്ലായിടത്തും ഒലിവ് മരങ്ങളുടെ ചാര, പച്ച നിറം കലർന്ന ഇലച്ചാർത്ത് കാണാം. പാചകത്തിന ും വൈദ്യചികിൽസാപരമായ നേട്ടങ്ങൾക്കും മറ്റ് ഉദ്ദേശ്യങ്ങൾക്കുമുള്ള ഒരു പ്രാഥമിക ഉറവിടമായിരുന്നു ഒലിവുകൾ. കാട്ടൊലിവ് മരങ്ങൾ, നാട്ടിൽ വളർത്തിയെടുക്കുന്ന ഒലിവ് മരങ്ങളേക്കാൾ സുദൃഢമായിരുന്നുവെങ്കിലും കൃഷി ചെയ്ത് വളർത്തിയെടുത്തവ കൂടുതൽ വലിപ്പമുള്ളതും കൂടുതൽ എണ്ണത്തിലുള്ളതുമായ ഒലിവുകൾ ഉൽപ്പാദിപ്പിച്ചു.

രണ്ട് ഇനം ചെടികളെ കൂട്ടിച്ചേർക്കുന്ന ഒരു പ്രക്രിയയാണ് ഒട്ടിച്ചു ചേർക്കൽ. സാധാരണയായി, ഒരു വൃക്ഷത്തിൽ നിന്ന് ഒരു ശാഖ മുറിച്ചു മാറ്റുകയും ഏതാനും ഇഞ്ചുകൾ നീളമുള്ള ഒരു കുറ്റി അവശേഷിപ്പിക്കുകയും ചെയ്യുന്നു. കുറ്റി പിളർക്കുന്നു. മറ്റൊരു വൃക്ഷത്തിൽ നിന്ന് ഒരു ചെറിയ ശിഖരം മുറിക്കുകയും ആ ശിഖരത്തിന്റെ മുറിച്ച ഭാഗത്തിന് ഒരു ആപ്പിന്റെ ആകൃതി നൽകുകയും ചെയ്യുന്നു. ഈ ആപ്പ്, ആദ്യത്തെ വൃക്ഷത്തിന്റെ പിളർന്ന കുറ്റിയിലേക്ക് കയറ്റുകയും ഈ വൃക്ഷവും ഒട്ടിച്ചു ചേർത്ത ശാഖയും ചേർന്ന് ഒരുമിച്ച് വളരുന്നതിനായി ഈ ചേർപ്പ് മുറുക്കിക്കെട്ടി സൂക്ഷിക്കുകയും ചെയ്യുന്നു. ഒട്ടിച്ചു ചേർക്കലിന്റെ ഫലമായി എപ്പോഴും ആരോഗ്യമുള്ള ഒരു ശാഖ ഉണ്ടാകണമെന്നില്ല; എന്നാൽ, കൃത്യതയോടെ ചെയ്യുന്നുവെങ്കിൽ, അത്

മിക്കപ്പോഴും വിജയകരമായിരിക്കും.

ഒലിവ് വൃക്ഷങ്ങളെ സംബന്ധിച്ചിടത്തോളം, നട്ടുണ്ടാക്കിയ ഒരു ഒലിവ് മരത്തിന്റെ ശിഖരങ്ങൾ കാട്ടൊലിവ് വൃക്ഷത്തോട് കൂട്ടിച്ചേർക്കുന്നത് സാധാരണയായിരുന്നു, അതിലൂടെ, കാട്ടൊലിവ് മരത്തിന്റെ ശക്തി ആ ശാഖകൾക്ക് ലഭിച്ചിരുന്നു. അപൂർവ്വമായി, നട്ടുണ്ടാക്കിയ ഒരു ഒലിവ് മരത്തിലേക്ക് കാട്ടൊലിവ് മരത്തിന്റെ ശിഖരങ്ങൾ ഒട്ടിച്ചു ചേർക്കുന്നത് അപൂർവ്വമായിരുന്നു.[20] എങ്കിലും, ഇത്തരത്തിലൊരു നടപടിക്രമമാണ് പൗലൊസ് നടത്തുന്ന താരതമ്യത്തിന് ഏറ്റവും യോജിച്ചിരുന്നത്. അതിനാൽ "സ്വഭാവത്തിനു വിരോധമായി" (11:24) (അദ്ദേഹത്തിന്റെ പ്രയോഗം ഉപയോഗിക്കുന്നുവെങ്കിൽ) ഉള്ള ഒരു നടപടിയെക്കുറിച്ച് അദ്ദേഹം എഴുതി.

ഈ വാക്യങ്ങളിലൂടെ കടന്നു പോകുമ്പോൾ, നട്ടു പിടിപ്പിച്ച ഒരു ഒലിവ് മരത്തെ നിങ്ങളുടെ മനക്കണ്ണാടിയിൽ കാണുക. ഈ മരം പ്രതിനിധാനം ചെയ്യുന്നത് ദൈവ ജനത്തെയാണ്. പ്രത്യേകമായി, അത് ദൈവത്തിന്റെ പ്രത്യേക ജനമായിരുന്ന യിസ്രായേലിനെ പ്രതിനിധാനം ചെയ്യുന്നു. പഴയ നിയമത്തിൽ, ഒലിവ് മരം യിസ്രായേലിന്റെ ഒരു പ്രതീകമായിരുന്നു (യിരെ. 11:16, 17; ഹോശെ. 14:4–6). ദൈവം യിസ്രായേലിനെ "നട്ടു പിടിപ്പിച്ചു" - ആ രാഷ്ട്രത്തിന് പ്രത്യേകമായ ശ്രദ്ധ നൽകി - മശിഹായെ ലോകത്തിലേക്ക് കൊണ്ടു വരുന്നതിനായി ദൈവം തന്റെ പദ്ധതിയൊരുക്കിക്കൊണ്ടിരുന്നപ്പോൾ.

വാക്യം 17 ആരംഭിക്കുന്നത് **കൊമ്പുകളിൽ ചിലതു ഒടിച്ചിട്ടു** എന്നാണ്. ഒടിച്ച കൊമ്പുകൾ "അവിശ്വാസത്താൽ അവ ഒടിഞ്ഞു പോയി" (11:20). "ചിലതു" എന്നത്, യേശുവിൽ വിശ്വസിക്കുന്നതിന് വിസമ്മതിച്ചതിനാൽ മിക്ക യഹൂദ "കൊമ്പുകളും" ഒടിഞ്ഞു പോയതിനാൽ, അസാധാരണമായ ഒരു ന്യൂനോക്തിയാണ്.

വാക്യം തുടരുന്നു, **കാട്ടൊലിവായ നിന്നെ അവയുടെ ഇടയിൽ ഒട്ടിച്ചു ചേർത്തു**. ഇവിടെ "നിന്നെ" എന്ന് പരാമർശിക്കുന്നത്, ജാതികളായ ക്രിസ്തീയ വിശ്വാസികളെയാണ് (11:13). അവരുടെ ഉറവിടത്തെ "ഒരു കാട്ടൊലിവ് മരം" (11:24) എന്നാണ് വിളിക്കുന്നത്. കാരണം, പഴയ നിയമ കാലങ്ങളിൽ യഹൂദൻമാരെപ്പോലെ ജാതികൾക്ക് തീവ്രമായ ശ്രദ്ധ ലഭിച്ചിട്ടില്ലായിരുന്നു. എന്നാൽ, ജാതികൾക്ക് ദൈവത്തിന്റെ ആത്യന്തിക പദ്ധതിയിലും ഉദ്ദേശ്യങ്ങളിലും പങ്കാളികളായിത്തീരുന്നതിന് അവസരം നൽകിയിട്ടുണ്ടായിരുന്നു. യേശുവിനെ സ്വീകരിച്ച ജാതികളെ, വിശ്വസിച്ച യഹൂദരുടെ "ഇടയിൽ ഒട്ടിച്ചു ചേർത്തു."

വാക്യം 17 ഇങ്ങനെ അവസാനിക്കുന്നു, **ഒലിവുമരത്തിന്റെ ഫലപ്രദമായ വേരിന്നു പങ്കാളിയായിത്തീർന്നു** (വിശ്വസിച്ച യഹൂദൻമാരോടൊപ്പം). വാക്യം 16-ലെന്ന പോലെ, "വേര്" എന്നത് കുലപതികളെക്കുറിച്ചായി കരുതാം - പ്രത്യേകിച്ചും ദൈവീക വാഗ്ദത്തങ്ങൾ ലഭിച്ച അബ്രാഹാമിനെക്കുറിച്ച്. "വേരിന്റെ സമൃദ്ധി [πιότης, *piotēs*] പ-ൽ നിന്ന്" (കെജെവി കാണുക) എന്നാണ് ഗ്രീക്ക് വചനഭാഗം പറയുന്നത്. വേരിൽ നിന്ന് തായ്ത്തടിയിലേക്കും അവിടെ നിന്ന് കൊമ്പുകളിലേക്കും ഒഴുകുന്ന "പോഷിപ്പിക്കുന്ന കറ" (എൻഐവി) എന്നതിനെയാണ് ഇത് പരാമർശിക്കുന്നത്.

**വാക്യം 18**. ഇത് പ്രയോഗതരമാക്കുന്നതിന് പൗലൊസ് തയ്യാറായിരുന്നു. അദ്ദേഹം ജാതികളായ തന്റെ വായനക്കാരോട് ഇങ്ങനെ പറയുന്നു: **കൊമ്പുകളുടെ നേരെ പ്രശംസിക്കരുത്;** "പ്രശംസിക്കരുത്" എന്ന പ്രയോഗം κατακαυχάομαι (*katakauchaomai*). അത് καυχάομαι (*kauchaomai*) അതായത്

“വീമ്പുപറയുക” എന്ന തീവ്രമായ ഉപസർഗ്ഗമായ κατά (*kata*) എന്നിവയുടെ സംയോജിത പദമാണ്. “പ്രശംസിക്കരുത്” എന്നതിന് പകരം കെജെവി “എതിരായി പ്രശംസിക്കരുത്” എന്നാണ് നൽകുന്നത്. “അവിശ്വാസ ത്താൽ ഒടിഞ്ഞുപോയ” (11:20) യഹൂദൻമാരെയാകാം “കൊമ്പുകൾ” അർത്ഥമാക്കുന്നത്. എന്നാൽ ഈ പരാമർശം ഒരു പക്ഷേ യഹൂദൻമാരെ പൊതുവായി പരാമർശിക്കുന്നതാകാം – “സ്വാഭാവിക കൊമ്പുകൾ” (11:21) ഉൾപ്പെടെ. അതായത്, “മരത്തിലുള്ള” യഹൂദ ക്രിസ്തീയ വിശ്വാസികൾ ഉൾപ്പെടെ. മുൻപ്, ജാതികളുടെ നേരെ ധാർഷ്ട്യം പുലർത്തിയിരുന്നു. എന്നാൽ ഈ സ്ഥിതി മറിച്ചായി. അഭിമാനത്തോടെ ഒരു ജാതി ഒരു യഹൂദനോട് ഇങ്ങനെ പറയുന്നതിനെക്കുറിച്ച് ചിന്തിക്കുന്നത് എളുപ്പമാണ്, “ദൈവം നിങ്ങളെ തിരസ്കരിക്കുകയും ഞങ്ങളെ സ്വീകരിക്കുകയും ചെയ്തു!”

ജാതികളുടെ അഭിമാനം തുളച്ചു കൊണ്ട് പൗലൊസ് തുടരുന്നു, **പ്രശംസിക്കുന്നുവെങ്കിൽ നീ വേരിനെ അല്ല വേർ നിന്നെയത്രേ ചുമക്കുന്നു എന്നു ഓർക്ക**. കറ അഥവാ ചാറ് ഒഴുകിയത് ശാഖകളിൽ നിന്ന് വേരിലേക്ക് അല്ല എന്നാൽ വേരിൽ നിന്ന് ശാഖകളിലേക്കാണ്. ഫലത്തിൽ ജാതികളായ ക്രിസ്തീയ വിശ്വാസികളോട് പൗലൊസ് പറയുന്നത് ഇതാണ്: “നിങ്ങളുടെ ഭൂത കാലത്തിൽ നിന്ന് യഹൂദൻമാർക്ക് എന്തെങ്കിലും പ്രയോജനം സിദ്ധിക്കുന്നില്ല. മറിച്ച്, യഹൂദൻമാരുടെ ശാരീരിക പൂർവ്വപിതാക്കൻമാർക്ക് ഏറെക്കാലം മുൻപ് നൽകിയ വാഗ്ദാനങ്ങളിൽ നിന്ന് നിങ്ങൾക്ക് പ്രയോജനം ലഭിക്കുകയാണ്.” തങ്ങൾക്ക് ലഭിക്കുന്ന ആത്മീയ അനുഗ്രഹങ്ങൾ, യഹൂദ മണ്ണിൽ വേരുറച്ചിട്ടുള്ളതാണ് എന്ന് ജാതികളായ ക്രിസ്തീയ വിശ്വാസികൾ മനസ്സിലാക്കേണ്ടതാണ്. ശമര്യക്കാരി സ്ത്രീയോട് യേശു പറഞ്ഞു, “രക്ഷ യഹൂദൻമാരിൽ നിന്നത്രേ” (യോഹ. 4:22).

റോമർക്കെഴുതിയ ലേഖനത്തിൽ ഈ ഭാഗം എഴുതുമ്പോൾ, ജാതികളായ വായനക്കാരിൽ എളിമ നിറയ്ക്കുന്നതിനാണ് പൗലൊസ് ആഗ്രഹിക്കുന്നത്. അവർ ആസ്വദിക്കുന്ന അനുഗ്രഹങ്ങൾ അവർ അർഹിക്കാത്തതും യോഗ്യത യില്ലാതെ നേടിയിട്ടുള്ളതുമാണ്. *കൃപയാൽ*, ദൈവം അവരെ “ഒട്ടിച്ചു ചേർക്കുകയും” യഹൂദ രാഷ്ട്രത്തിലൂടെ പദ്ധതികളുടെയും ഉദ്ദേശ്യങ്ങളുടെയും ഭാഗമാക്കിത്തീർക്കുകയും ചെയ്തു.

**വാക്യം 19.** ജാതീയ ക്രിസ്തീയ വിശ്വാസികളിൽ നിന്ന് എതിർപ്പിന്റെ സ്വരം പൗലൊസ് പ്രതീക്ഷിച്ചു: **എന്നാൽ എന്നെ ഒട്ടിക്കേണ്ടതിന്നു (ἵνα, ഹിന, “അങ്ങനെ ചെയ്യേണ്ടതിന്”) കൊമ്പുകളെ ഒടിച്ചു കളഞ്ഞു എന്നു നീ പറയും.** ഈ എതിർപ്പിന്റെ വാക്കുകൾ സൂചിപ്പിക്കുന്നത്, ജാതികൾക്ക് *സ്ഥലം നൽകുന്നതിനായിട്ടാണ്* യഹൂദരെ “ഒടിച്ചു കളഞ്ഞത്” എന്ന് ജാതികൾ കരുതി എന്നാണ്. എന്നാൽ ഇതല്ല യാഥാർത്ഥ്യം. വിശ്വസിക്കുന്നതിലെ പരാജയം മൂലമാണ് യഹൂദരെ ഒടിച്ചു കളഞ്ഞത് (11:20). യഹൂദർ വിശ്വസിച്ചിരുന്നുവെങ്കിൽപ്പോലും, യേശുക്രിസ്തുവിൽ വിശ്വാസമർപ്പിച്ച ജാതികളായവർക്ക് “വൃക്ഷത്തിൽ” സ്ഥാനമുണ്ടാകുമായിരുന്നു.

**വാക്യം 20.** ഇത്തരമൊരു സാഹചര്യത്തിൽ, വാക്യം 20-ലെ പൗലൊസിന്റെ പ്രതികരണം ധനാത്മകമല്ലാതെ, നിഷേധാത്മകമാകുമെന്ന് നാം പ്രതീക്ഷിക്കും. എന്നാൽ ഈ വാക്യം ആരംഭിക്കുന്നത് “നല്ലത്” അല്ലെങ്കിൽ “കൊള്ളാം” (കെജെവി കാണുക) എന്ന് അടിസ്ഥാനപരമായി അർത്ഥമാക്കുന്ന καλῶς (*kalōs*) പദപ്രയോഗത്തിലൂടെയാണ്. എൻഎഎസ്ബി

*കാലോസ്* എന്നത് പരിഭാഷപ്പെടുത്തുന്നത് **വളരെ ശരി** എന്നാണ്. തുടർന്ന് **അവിശ്വാസത്താൽ അവ ഒടിഞ്ഞുപോയി; വിശ്വാസത്താൽ നീ നില്ക്കുന്നു** എന്ന് നൽകിയിരിക്കുന്നു. എൻഎഎസ്ബി പദപ്രയോഗം നാം ഉപയോഗിക്കുന്നുവെങ്കിൽ, ഒരു തരം വിരോധാഭാസത്തിന്റെ സ്വരത്തോടെ “വളരെ ശരി” എന്ന് പൗലൊസ് പറയുന്നത് നമുക്ക് മനോദർപ്പണത്തിൽ കാണാം.[21] ഒരു പക്ഷേ, അദ്ദേഹം മുൻപത്തെ തന്റെ പ്രസ്താവനയോട് ഭാഗികമായി യോജിക്കുകയായിരിക്കാം: യഹൂദൻമാരെ ഒടിച്ചു കളയുകയും ജാതികളെ ഒട്ടിച്ചു ചേർക്കുകയും ചെയ്തിരിക്കുന്നുവെന്ന യാഥാർത്ഥ്യം. ഇത് വാക്യം 20-ന്റെ ആദ്യ ഭാഗം ഇതേ പോലെയാക്കിത്തീർക്കും: “കൊമ്പുകൾ ഒടിഞ്ഞു പോയെന്നുള്ളത് ശരി തന്നെ, എന്നാൽ നിങ്ങളെ ഒട്ടിച്ചു ചേർക്കുന്നതിന് വേണ്ടിയായിരുന്നില്ല അത്. മറിച്ച് അവർ *വിശ്വസിക്കാതിരുന്നതിനാലാണ്* അവരെ ഒടിച്ചു കളഞ്ഞത് (എസ്ഇബി കാണുക).

യഹൂദൻമാർ “അവരുടെ അവിശ്വാസത്താൽ ഒടിച്ചു കളയപ്പെട്ടു” എന്നാൽ ജാതികൾ അവരുടെ വിശ്വാസത്താൽ “ഉറച്ചു നിൽക്കുകയായിരുന്നു.” വിശ്വാസമാണ് സർവ്വപ്രധാനം. അവരുടെ വിശ്വാസം മൂലം ജാതികളെ ഒലിവ് മരത്തിലേക്ക് ഒട്ടിച്ചു ചേർക്കുകയും വിശ്വസിക്കുന്നത് തുടർന്നതിനാൽ അവർ മരത്തിന്റെ ഭാഗമായി തുടരുകയും ചെയ്തു. എൻഇബി പറയുന്നു: “വിശ്വാസത്താൽ നിങ്ങൾ നിങ്ങളുടെ സ്ഥാനത്തുറച്ചു നിൽക്കുന്നു.”

പൗലൊസ് പിന്നീട് അഹംഭാവം എന്നത് പ്രതിപാദ്യ വിഷയമാക്കുന്നതിലേക്ക് മടങ്ങുന്നു. അദ്ദേഹം പറയുന്നു: **ഞെളിയാതെ ഭയപ്പെടുക**. ഗ്രീക്ക് ഇങ്ങനെ പറയുന്നു, “ഉത്തുംഗമായ കാര്യങ്ങളെ ഗണ്യമാക്കാതിരിക്കുക.” ὑψηλός (*hupsēlos*) എന്ന ക്രിയ അർത്ഥമാക്കുന്നത് “ഉയർന്ന” അല്ലെങ്കിൽ “ഉത്തുംഗമായ”[22] (കെജെവി കാണുക) എന്നാണ്. അടുത്ത അദ്ധ്യായത്തിൽ, എല്ലാ ക്രിസ്തീയ വിശ്വാസികളെയും പൗലൊസ് ശാസിക്കുന്നു: “ഭാവിക്കേണ്ടതിന്നു മീതെ ഭാവിച്ചുയരാതെ[23] ദൈവം അവനവന്നു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു” (12:3). ഇവിടെ അടിവരയിട്ട് കാണിക്കുന്ന ഭാഷയിൽ, പൗലൊസ് ഫലത്തിൽ തന്റെ ജാതികളായ വായനക്കാരോട് ഇങ്ങനെ പറയുകയായിരുന്നു: “അഹങ്കാരം കാട്ടരുത്, ഭയം പുലർത്തുക.” “ഭയം” (φοβέω, *phobeō* – യോയിൽ നിന്ന്) അർത്ഥമാക്കുന്നത് നിഷ്ക്രിയമാക്കുന്ന ഭയമല്ല എന്നാൽ മറിച്ച് അവിശ്വാസത്തിന്റെ പരിണിത ഫലങ്ങളെക്കുറിച്ചുള്ള ശക്തവും ആരോഗ്യകരവുമായ ഒരു ഭയമാണ്.[24]

**വാക്യം 21.** ഈ വിശ്വാസികൾക്ക് പൗലൊസ് ഒരു മുന്നറിയിപ്പ് നൽകുകയായിരുന്നു: **സ്വാഭാവിക കൊമ്പുകളെ (യഹൂദൻമാർ) ദൈവം ആദരിക്കാതെ പോയെങ്കിൽ നിന്നെയും** (ജാതികൾ) **ആദരിക്കാതെ വന്നേക്കും**. ദൈവം യഹൂദൻമാരെ “ഒടിച്ചു കളഞ്ഞത്” അവർ വിശ്വസിക്കാതിരുന്നതിനാലാണ്. അങ്ങനെയെങ്കിൽ, ജാതികൾ അവരുടെ വിശ്വാസത്തിൽ തുടരുന്നില്ലെങ്കിൽ ജാതികളെയും “ഒടിച്ചു കളയുന്നതിന്” ദൈവം മടി കാട്ടില്ല.

**വാക്യം 22.** ദൈവീക സ്വഭാവത്തിന്റെ രണ്ട് വശങ്ങളുടെ ഉദാത്തമായ വിവരണത്തോടെയാണ് അടുത്ത വാക്യം ആരംഭിക്കുന്നത്: **ആകയാൽ ദൈവ ത്തിന്റെ ദയയും ഖണ്ഡിതവും കാൺക.**[25] വെസ്സൽ ഇങ്ങനെ സമാപന നിഗമനം നടത്തി, “ദൈവത്തെക്കുറിച്ചുള്ള പര്യാപ്തമായ ഏത്

ദൈവശാസ്ത്രത്തിലും ഈ രണ്ട് ഘടകങ്ങളും അടങ്ങേണ്ടതാണ്. നാം ദൈവത്തിന്റെ ദയയെ അവഗണിക്കുമ്പോൾ, ദൈവം നിഷ്ഠൂരനായ ഒരു സ്വേച്ഛാധികാരിയാ യിത്തീരുന്നു; നാം അവിടുത്തെ കാർക്കശ്യത്തെ (തീവ്രത) സ്വീകരിക്കുമ്പോൾ, അവിടുന്ന് വാൽസല്യതരളിതനായ പിതാവായി കാണപ്പെടുന്നു.''[26]

പൗലൊസ് എഴുതി, **വീണവർക്ക്** (വിശ്വസിക്കാത്ത യഹൂദൻമാർക്ക്) **ദൈവത്തിന്റെ ഖണ്ഡിതവും; നിന്നിലോ** (വിശ്വസിക്കുന്ന ജാതികൾക്ക്) **ദൈവത്തിന്റെ ദയയും. നീ ദയയിൽ നിലനിന്നാൽ ദയയും തന്നേ; അല്ലെങ്കിൽ നീയും ഛേദിക്കപ്പെടും.** അദ്ദേഹം തുടർന്ന് സമചിത്തതയുള്ള ഈ വാക്കുകൾ ചേർത്തു: നീ ദയയിൽ നിലനിന്നാൽ ദയയും തന്നേ; അല്ലെങ്കിൽ നീയും ഛേദിക്കപ്പെടും. ''നീ ദയയിൽ നിലനിന്നാൽ'' അർത്ഥമാക്കുന്നത് ശേഷിക്കുന്ന വിശ്വസ്തരെയാണ്. അങ്ങനെ, ദൈവത്തിന്റെ ദയ പ്രദാനം ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾ അവർക്ക് തുടർന്നും ആസ്വദിക്കുന്നതിന് കഴിയും. തീർച്ചയായും, രക്ഷിക്കുന്ന വിശ്വാസത്തിൽ, ഹൃദയത്തിൽ നിന്നുള്ള വിശ്വാസം ഉൾപ്പെടണം (6:17; കാണുക 1:5; 16:26).

നാം പഠന വിധേയമാക്കുന്ന ഈ വാക്യങ്ങൾ ''വിശ്വാസത്തിൽ തുടരേണ്ട തിനെക്കുറിച്ച് പുതിയ നിയമത്തിൽ എവിടെയെങ്കിലും നൽകപ്പെ ട്ടിട്ടുള്ളവയിൽ ഏറ്റവും ഗൗരവതരമായ മുന്നറിയിപ്പുകളിലൊ ന്നാണ്''[27] എന്ന് ഡഗ്സസ് ജെ. മൂ കരുതുന്നു. ദൈവം തങ്ങളെ സ്വീകരിച്ചത് റദ്ദ് ചെയ്യപ്പെടാനാവാത്തതാണ് എന്ന് ജാതികളായ ക്രിസ്തീയവിശ്വാസികൾ അഭിമാനം കൊള്ളുന്നതിന് യാതൊരു പ്രസക്തിയുമില്ല. അവർ ''ദയയിൽ നിലനിൽക്കുന്നില്ലെങ്കിൽ'' അവർ വിശ്വസിക്കാത്ത യഹൂദരെപ്പോലെ തന്നെ ''ഛേദിക്കപ്പെടും.'' യൂജിൻ പീറ്റേഴ്സൺ ഇങ്ങനെയൊരു വ്യാഖ്യാനം നൽകുന്നു: ''നിങ്ങൾ ഉണങ്ങിയ തടിയായിത്തീരുന്ന നിമിഷം, നിങ്ങൾ പുറത്തെറിയപ്പെടും'' (എംഎസ്ജി).

**വാക്യങ്ങൾ 23, 24**. ദൈവത്തിന്റെ കൃപയെക്കുറിച്ച് പറയുമ്പോൾ, പഴയ നിയമ കാലഘട്ടങ്ങളിൽ, യഹൂദൻമാർ ''ഉള്ളിൽ'' ആയിരുന്നു; അതേ സമയം, ജാതികളിൽ മിക്കവാറും പേർ ''പുറത്ത്'' ആയിരുന്നു (എഫെ. 2:12). എന്നാൽ, റോമാ ലേഖനം എഴുതപ്പെടുന്ന സമയത്താകട്ടെ, നിരവധി ജാതികൾ ''അകത്തും'' മിക്കവാറും യഹൂദൻമാർ ''പുറത്തും'' ആയിരുന്നു. എന്നാൽ ഈ സ്ഥിതി മറിച്ചാക്കപ്പെടാം. ജാതികളായ ക്രിസ്തീയവിശ്വാ സികൾ ''ഛേദിക്കപ്പെടും'' എന്ന് പറഞ്ഞതിന് ശേഷം, പൗലൊസ് പറയുന്നത് **അവിശ്വാസത്തിൽ നിലനിൽക്കാഞ്ഞാൽ അവരെയും കൂടെ ഒട്ടിക്കും** എന്നാണ്. മടങ്ങി വരാതിരിക്കുവാൻ കഴിയാത്തതു പോലെ യഹൂദൻമാർക്ക് നേരെ ദൈവം വാതിൽ കൊട്ടിയടച്ച് പൂട്ടിയിട്ടില്ല.

വാക്യം 23-ലെ ''എങ്കിൽ'' പ്രാധാന്യമർഹിക്കുന്നതാണ്. ''അവിശ്വാസത്തിൽ നിലനിൽക്കാതിരിക്കുമ്പോൾ അവരെയും കൂടെ ഒട്ടിക്കും'' എന്നല്ല പൗലൊസ് പറയുന്നത് മറിച്ച് ''അവിശ്വാസത്തിൽ നിലനിൽക്കാതിരിക്കുന്നുവെങ്കിൽ അവ രെയും കൂടെ ഒട്ടിക്കും'' എന്നാണ്. ഹെൻഡ്ട്രിക്സൻ ഇങ്ങനെ അഭിപ്ര ായ പ്പെടുന്നു: ''അവിശ്വാസികളായ എല്ലാ യഹൂദൻമാരെയും ഒരു ദിവസം അവരുടേതായ ഒലിവ് മരത്തിലേക്ക് ഒട്ടിച്ചു ചേർക്കുമെന്നും അവർ രക്ഷിക്കപ്പെടു മെന്നുമല്ല അപ്പൊസ്തലൻ പറയുന്നത് അല്ലെങ്കിൽ അർത്ഥമാക്കുന്നത്.''[28] നമ്മെയെല്ലാം പോലെ, യഹൂദൻമാർ ധാർമ്മിക ഏജന്റുകളും വിശ്വസിക്കണമോ വേണ്ടയോ എന്ന് സ്വയം തെരഞ്ഞെടുക്കാവുന്നതുമാണ്.

‘‘വിശ്വാസത്യാഗം അസാദ്ധ്യം’’ എന്ന് സിദ്ധാന്തം പ്രഖ്യാപിക്കുന്നവർ, ഒരു ദൈവ പൈതൽ പാപത്തിൽ അകപ്പെട്ട് വീണു പോയേക്കാം എന്ന് പഠിപ്പിക്കുന്ന വരെ ചിലപ്പോൾ വെല്ലുവിളിക്കാറുണ്ട്. അവർ ഇങ്ങനെ പരിഹാസത്തോടെ ചോദിക്കുന്നു, ‘‘ഒരു *വിശ്വാസി* നഷ്ടപ്പെട്ടു പോകുമെന്നാണോ നിങ്ങൾ പറയു ന്നത്?’’ നാം പഠന വിധേയമാക്കുന്ന ഈ വാക്യങ്ങളിൽ പൗലൊസ് എന്താണ് പറയുന്നതെന്ന് അവർ ശ്രദ്ധാപൂർവ്വം പരിഗണിക്കേണ്ടതാണ്. ഒരു അവിശ്വാസിക്ക് വിശ്വാസിയായിത്തീരുന്നതിനും രക്ഷിക്കപ്പെടുന്നതിനും (11:23) അതേപോലെ ഒരു വിശ്വാസിക്ക് ഒരു അവിശ്വാസിയായിത്തീരുന്നതിനും പാപത്തിൽ തെറ്റിപ്പോകുന്ന തിനും (11:20–22) സാദ്ധ്യമാണ് എന്ന് അപ്പൊസ്തലൻ വ്യക്തമാക്കിയിട്ടുണ്ട്.

നാം ക്രിസ്തീയ വിശ്വാസികളായിത്തീർന്നതിന് ശേഷവും നാം സ്വതന്ത്രരായ ധാർമ്മിക ഏജന്റുകളായി നില നിൽക്കുന്നു. നമുക്ക് ‘‘ദൈവത്തിന്റെ ദയയിൽ നില നിൽക്കാം’’ അല്ലെങ്കിൽ ദൈവ കൽപ്പനകൾ അനുസരിക്കാതെ ജീവിക്കുന്നതിന് നമുക്ക് തീരുമാനിക്കാവുന്നതാണ്. നമ്മുടെ വിഷയമായ അഹംഭാവത്തോട് ഇത് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? ‘‘അഹംഭാവത്തിന്റെ ആത്മാവ്’’ നമ്മുടെ ‘‘ദൈവീക കൃപയിലുള്ള ആശ്രയത്തെക്കുറിച്ച് വിസ്മരിക്കുന്നതിനും ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തിന് പകരമായി സ്വയത്തിലുള്ള വിശ്വാസം വളരുന്നതിനും കാരണമാകുന്നു’’ എന്ന് എഫ്. എഫ്. ബ്രൂസ് വാദിച്ചു. അങ്ങനെ സംഭവിക്കുന്നുവെങ്കിൽ, നാമും ‘‘ഛേദിച്ചു കളയപ്പെടാം.’’[29] പൗലൊസ് നമുക്കെല്ലാവർക്കും മുൻപിൽ ഒരു വെല്ലുവിളി ഉയർത്തി: ‘‘നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നേ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നേ ശോധന ചെയ്‌വിൻ!’’ (2 കൊരി. 13:5).

‘‘അവിശ്വാസത്തിൽ നിലനിൽക്കാഞ്ഞാൽ’’ യഹൂദൻമാരെ ദൈവം വീണ്ടും ഒട്ടിക്കും എന്ന് പറഞ്ഞതിന് ശേഷം, പൗലൊസ് പറയുന്നു,

> **... അവരെ വീണ്ടും ഒട്ടിപ്പാൻ ദൈവം ശക്തനല്ലോ. സ്വഭാവത്താൽ കാട്ടുമരമായതിൽനിന്നു നിന്നെ മുറിച്ചെടുത്തു സ്വഭാവത്തിന്നു വിരോധമായി നല്ല ഒലിവുമരത്തിൽ ഒട്ടിച്ചു എങ്കിൽ, സ്വാഭാവിക കൊമ്പുകളായവരെ സ്വന്തമായ ഒലിവുമരത്തിൽ എത്ര അധികമായി ഒട്ടിക്കും.**

‘‘അസ്വാഭാവികമായ’’ കൊമ്പുകളിൽ (ജാതികൾ) ഒട്ടിക്കുന്നതിനേക്കാൾ എളുപ്പമാണ് ‘‘സ്വാഭാവിക’’ കൊമ്പുകളിൽ (യഹൂദൻമാർ) ഒട്ടിക്കുന്നത് എന്ന് നാം യുക്തിപരമായി ചിന്തിക്കുന്നു.

ചില എഴുത്തുകാർ ഈ വചനഭാഗത്തിലെ ഈ പ്രത്യേക ഭാഗത്ത് അലോസരപ്പെടാറുണ്ട്. ഒരു പഴത്തോട്ടം പരിപാലിക്കുന്ന ഒരു വ്യക്തിയും, ഫലം നൽകാത്ത ഒരു ശിഖരം (കാണുക യോഹ. 15:2) മുറിച്ച് അത് പിന്നീട് തിരിച്ച് ഒട്ടിച്ചു ചേർക്കുന്നതിന് ശ്രമിക്കില്ല എന്ന് അവർ എതിർപ്പുയർത്തുന്നു. ഒരു തായ്ത്തടിയിൽ നിന്ന് മുറിച്ചു മാറ്റിയ ഒരു ശിഖരം പെട്ടെന്ന് ഉണങ്ങിപ്പോകുകയും അത് വിറകിനായി മാത്രമേ പിന്നീട് ഉപയോഗിക്കുന്നതിന് കഴിയുകയുള്ളു എന്നും അവർ ചൂണ്ടിക്കാണിക്കുന്നു (കാണുക യോഹ. 15:6); അത് പിന്നീട് വീണ്ടും ഒട്ടിച്ചു ചേർക്കുന്നതിന് *അസാദ്ധ്യമായിരിക്കും.* തോട്ടക്കൃഷിയെക്കുറിച്ചുള്ള അജ്ഞത പ്രദർശിപ്പിക്കുന്ന ഒരു പട്ടണ വാസി യായി പൗലൊസിനെ കാണുകയാണ്. ഇതിനെക്കുറിച്ച്, നാം ഒന്നാമതായി

പറയും: ‘‘ആവേശം കൊള്ളേണ്ടതില്ല. എന്തായാലും, ഇത് വെറുമൊരു *ചിത്രീകരണം* മാത്രമാണ്’’ പൗലൊസിന്റെ ഉദ്ദേശ്യം, ദൈവീക സത്യങ്ങൾ പഠിപ്പിക്കുകയെന്നുള്ളതായിരുന്നു; തോട്ടക്കൃഷിയെക്കുറിച്ച് ഒരു പ്രഭാഷണം നടത്തുകയായിരുന്നില്ല. പതിനായിരം താലന്ത് കടക്കാരനായ ഒരു ദാസനേ ാട് ക്ഷമിച്ച ഒരു രാജാവിനെക്കുറിച്ച് യേശു ഒരിക്കൽ പറഞ്ഞു (മത്തായി 18:23–27). ഇത് സംഭവിക്കുന്നതിന് ഒട്ടും സാദ്ധ്യതയില്ലാത്തതാണ്! ഇതിന്റെ അർത്ഥം, യേശുവിന് തന്റെ കാലത്തെ ഉടയവൻ/അടിമ ബന്ധത്തെക്കുറിച്ച് അറിവില്ലായിരുന്നുവെന്നാണോ? അല്ല, അത് വെറുമൊരു ചിത്രീകരണം മാത്രമായിരുന്നു.

രണ്ടാമതായി, ‘‘അവരെ വീണ്ടും ഒട്ടിപ്പാൻ *മനുഷ്യൻ* ശക്തനല്ലോ’’ എന്ന് ഈ വചന ഭാഗം പറയുന്നില്ല എന്നാൽ, ‘‘അവരെ വീണ്ടും ഒട്ടിപ്പാൻ *ദൈവം* ശക്തനല്ലോ’’ എന്നാണ് വചനം പറയുന്നത്. മത്തായി 19:26–ലെ ഈ വാക്കുകൾ അനുയോജ്യമായി തോന്നുന്നു: ‘‘അത് മനുഷ്യർക്ക് അസാദ്ധ്യമെങ്കിലും ദൈവത്താൽ സകലതും സാദ്ധ്യം.’’ ദൈവത്തിന് മരിച്ചവരെ ഉയിർപ്പിക്കുന്നതിന് കഴിയുമെങ്കിൽ (കാണുക 11:15), ഒരു ഉണങ്ങിയ കൊമ്പിനെ, വീണ്ടും ഒട്ടിച്ചു ചേർക്കുന്നതിനായി ജീവിപ്പിക്കുന്നതിന് സാധിക്കും.

ഭൂരിഭാഗം യെഹൂദരും തള്ളിക്കളയപ്പെട്ടപ്പോൾ തങ്ങൾ സ്വീകരിക്കപ്പെട്ടതിന ാൽ, ജാതികളായ ക്രിസ്തീയവിശ്വാസികൾ യഹൂദരോട് ധാർഷ്ട്യത്തോടെ പെരുമാറേണ്ടതിന് എന്തെങ്കിലും കാരണമുണ്ടായിരുന്നുവോ? ഇല്ല. കാരണം ഈ സ്ഥിതി എളുപ്പം മറിച്ചാക്കപ്പെടാം. യെഹൂദരെ ദൈവം വീണ്ടും സ്വീകരിക്കുന്നതിന് അപ്പൊഴും സാദ്ധ്യതയുണ്ടായിരുന്നു – യെഹൂദൻമാർ അവരുടെ അവിശ്വാസം ഉപേക്ഷിച്ചു കളഞ്ഞിരുന്നുവെങ്കിൽ.

## യെഹൂദൻമാരുടെ തിരസ്കരണം റദ്ദാക്കാനാവാത്തതല്ല (11:25-32)

**25സഹോദരന്മാരേ, നിങ്ങൾ ബുദ്ധിമാന്മാരെന്നു നിങ്ങൾക്കു തന്നേ തോന്നാതി രിപ്പാൻ ഈ രഹസ്യം അറിയാതിരിക്കരുതു എന്നു ഞാൻ ആഗ്രഹിക്കുന്നു; ജാതികളുടെ പൂർണ്ണസംഖ്യ ചേരുവോളം യിസ്രായേലിന്നു അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു. 26ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും.**

**‘‘വിടുവിക്കുന്നവൻ സീയോനിൽനിന്നു വരും;**
**അവൻ യാക്കോബിൽ നിന്നു അഭക്തിയെ മാറ്റും.’’**
**27‘‘ഞാൻ അവരുടെ പാപങ്ങളെ നീക്കുമ്പോൾ**
**ഇതു ഞാൻ അവരോടു ചെയ്യുന്ന നിയമം’’ എന്നു എഴുതിയിരിക്കുന്നുവല്ലോ.**
**28സുവിശേഷം സംബന്ധിച്ചു അവർ നിങ്ങൾ നിമിത്തം ശത്രുക്കൾ; തിരഞ്ഞെടുപ്പു സംബന്ധിച്ചോ പിതാക്കന്മാർനിമിത്തം പ്രിയന്മാർ. 29ദൈവം തന്റെ കൃപാവരങ്ങളെയും വിളിയെയും കുറിച്ചു അനുതപിക്കുന്നില്ലല്ലോ.**
**30നിങ്ങൾ മുമ്പെ ദൈവത്തെ അനുസരിക്കാതിരുന്നിട്ടു അവരുടെ അന ുസരണ ക്കേടിനാൽ ഇപ്പോൾ കരുണ ലഭിച്ചതുപോലെ, 31നിങ്ങൾക്കു ലഭിച്ച കരുണയാൽ അവർക്കു കരുണ ലഭിക്കേണ്ടതിന്നു അവരും ഇപ്പോൾ അന ുസരിക്കാതിരിക്കുന്നു. 32ദൈവം എല്ലാവരോടും കരുണ ചെയ്യേണ്ടതിന്നു എല്ലാവരെയും അനുസരണക്കേടിൽ അടെച്ചുകളഞ്ഞു.**

**വാക്യം 25, 26a.** ഈ ഭാഗം ആരംഭിക്കുന്നത് ഈ ലേഖനത്തിലെ ഏറ്റവും ചിന്താക്കുഴപ്പമുണ്ടാക്കുന്ന ഭാഷയോടെയാണ്:

> **സഹോദരന്മാരേ, നിങ്ങൾ ബുദ്ധിമാന്മാരെന്നു നിങ്ങൾക്കു തന്നേ തോന്നാതിരിപ്പാൻ ഈ രഹസ്യം അറിയാതിരിക്കരുതു എന്നു ഞാൻ ആഗ്രഹിക്കുന്നു; ജാതികളുടെ പൂർണ്ണസംഖ്യ ചേരുവോളം യിസ്രായേലിനു അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു. ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും.**

ഇത് ദുഷ്കരമായതും തർക്കവിഷയമായതുമായ ഒരു വചനഭാഗമായതിനാൽ, വ്യത്യസ്ത കാഴ്ചപ്പാടുകൾ പരിശോധിക്കപ്പെടുകയും വിമർശനാത്മകമായി ചർച്ച ചെയ്യുകയും സാദ്ധ്യമായ ചില വ്യാഖ്യാനങ്ങൾ നൽകുകയും ചെയ്യുന്നതാണ്.

ഇത്തരമൊരു പശ്ചാത്തലത്തിൽ, ക്രിസ്തീയ ഗോളത്തിലെ നിരവധി പേർ "ജാതികളുടെ പൂർണ്ണത" എന്നത് "ജാതികളുടെ പൂർണ്ണ സംഖ്യ" എന്ന് വ്യാഖ്യാനിക്കുന്നു. അവർ വിശ്വസിക്കുന്നത് ദൈവം ജാതികളുടെ ഒരു നിശ്ചിത സംഖ്യ രക്ഷിക്കപ്പെടുന്നതിനായി നിശ്ചയിച്ചിരിക്കുന്നുവെന്നാണ്. ഒരു നിശ്ചിത സംഖ്യയിലെത്തുമ്പോൾ, യഹൂദൻമാർ കൂട്ടത്തോടെ യേശു ക്രിസ്തുവിന്റെ രക്ഷ സ്വീകരിക്കുമെന്നും അവർ പ്രതീക്ഷിക്കുന്നു ("യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും"). ഇവരിൽ നിരവധി പേർ വിശ്വസിക്കുന്നത്, അതീവ പ്രാധാന്യമുള്ള ഈ സംഭവം, യേശുക്രിസ്തുവിന്റെ രണ്ടാം വരവിലോ അതിനോടടുത്തോ നടക്കുമെന്നുമാണ്.

ആ വ്യാഖ്യാനം പരക്കെയുള്ളതാണ്. വർഷങ്ങളായി, പ്രീമില്യനിസ്റ്റുകൾ ആ പശ്ചാത്തലം "അവസാന നാളു" കളെക്കുറിച്ചുള്ള അവരുടെ പഠിപ്പിക്കലുകളുടെ ഭാഗമായാണ് വിനിയോഗിച്ചിട്ടുള്ളത്. കൂടാതെ, കർത്തൃ സഭയുടെ ചില അംഗങ്ങൾ എഴുതിയിട്ടുള്ള പഴയ വ്യാഖ്യാനങ്ങളിൽ പോലും ഇത്തരമൊരു ആശയം പ്രതിഫലിപ്പിക്കപ്പെട്ടിട്ടുണ്ട്.[30] എങ്കിൽത്തന്നെയും, നിരവധി വ്യാഖ്യാതാക്കൾ - പ്രീമില്യനിസ്റ്റ് സംഘങ്ങളുമായി ബന്ധമില്ലാത്തവർ പോലും - വാക്യങ്ങൾ 25, 26 എന്നിവയിൽ പൗലൊസ് മുൻപൊരിക്കലും വെളിപ്പെടുത്തപ്പെട്ടിട്ടില്ലാത്ത ഒരു രഹസ്യം ("നിഗൂഢത") പങ്കു വെക്കുകയായിരുന്നുവെന്ന് വിശ്വസിക്കുന്നു: അതായത്, യേശു മടങ്ങി വരുന്നതിന് തൊട്ടു മുൻപായി, യഹൂദൻമാരുടെ ഒരു കൂട്ട മാനസാന്തരം ഉണ്ടാകും.

വാക്യങ്ങൾ 25, 26 ചർച്ച ചെയ്യുമ്പോൾ, തള്ളിക്കളയപ്പെടേണ്ട നിരവധി അനുമാനങ്ങൾ നാം ആദ്യം വിശകലനം ചെയ്യും.

*അനുമാനം 1: "പൗലൊസ് പുതിയ ഒരു വിഷയം അവതരിപ്പിക്കുന്നു."* വ്യാഖ്യാതാക്കൾ അദ്ധ്യായം 11-ന്റെ അവസാന ഭാഗത്തെ, അദ്ധ്യായത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്ന് വേർതിരിച്ചു കാണുമ്പോൾ പ്രശ്നം ആരംഭിക്കുന്നു - പൗലൊസ് പുതിയ ഒരു വിഷയം അവതരിപ്പിക്കുകയായിരുന്നുവെന്നതുപോലെ. എന്നാൽ വാക്യം 25 അത്തരമൊരു കാഴ്ചപ്പാടിനെ അപ്രസക്തമാക്കിത്തീർക്കുന്നു. കാരണം അത് ആരംഭിക്കുന്നതു തന്നെ, തൊട്ടു മുൻപ് നടത്തിയ പ്രസ്താവനയോട് ചേർത്തു കെട്ടിക്കൊണ്ട് "എന്തെന്നാൽ" (*γάρ*, *gar*) എന്ന വാക്ക് ഉപയോഗിച്ചു കൊണ്ടാണ് (ഇംഗ്ലീഷ് പരിഭാഷയിൽ). വാക്യം 25-ലെ സഹോദരൻമാർ, പൗലൊസ് അഭിസംബോധന ചെയ്യുകയായിരുന്ന, ജാതികളിൽ

നിന്നുള്ള അതേ ക്രിസ്തീയ വിശ്വാസികൾ തന്നെയാണ് (11:13). ജാതികളായ വിശ്വാസികളോട് ‘‘പ്രശംസിക്കരുത്’’ അല്ലെങ്കിൽ ‘‘ഞെളിയരുത്’’ (11:18, 20) എന്നും ‘‘ബുദ്ധിമാൻമാരെന്ന് (സ്വയം) തോന്നാതിരിക്കുന്നതിനും’’ (11:25) അപ്പൊസ്തോലൻ അപ്പോഴും ഉദ്ബോധിപ്പിക്കുകയായിരുന്നു.

വാക്യങ്ങൾ 25, 26 എന്നിവയെത്തുടർന്ന് വരുന്ന വചന ഭാഗത്ത്, അദ്ധ്യായ ത്തിന്റെ പ്രാരംഭത്തിൽ അവതരിപ്പിച്ച അതേ ചിന്താധാര പൗലൊസ് തുടരുന്നു (കാണുക 11:11-14). യഹൂദൻമാരുടെ തിരസ്കരണം (ദൈവത്താൽ), ജാതികളുടെ സ്വീകരണത്തിലേക്ക് (ദൈവത്താൽ) നയിച്ചു. ഇത് യേശ ുവിനെ സ്വീകരിക്കുന്നതി നായി യഹൂദൻമാരെ ഉത്തേജിപ്പിക്കുന്നതിന ായി ഉദ്ദേശിച്ചുള്ളതായിരുന്നു; ഇത് യഹൂദൻമാരുടെ സ്വീകരണത്തിൽ (ദൈവത്താൽ) കലാശിക്കും. അദ്ധ്യായം 11-ന്റെ അവസാന ഭാഗത്ത് ഈ ചിന്താധാര ആവർത്തിക്കുന്നതായി കാണാം. ഉദാഹരണ മായി വാക്യങ്ങൾ 30, 31 എന്നിവ ഈയൊരു അനുക്രമം പ്രകടിപ്പിക്കുന്നു:

യഹൂദൻമാരുടെ അനുസരണക്കേട് (ഇത് ദൈവം യഹൂദരെ തിരസ്കരിക്കുന്നതിലേക്ക് നയിച്ചു)
ജാതികളോട് കരുണ പ്രദർശിപ്പിക്കപ്പെട്ടു (ദൈവം ജാതികളെ സ്വീകരിച്ചു)
യഹൂദൻമാരോട് കരുണ പ്രദർശിപ്പിക്കപ്പെട്ടു (ദൈവം യഹൂദൻമാരെ സ്വീകരിച്ചു)

*അനുമാനം 2: ‘‘നിഗൂഢമായത്’’ എന്നാൽ മുൻപൊരിക്കലും വെളിപ്പെടുത്തപ്പെട്ടിട്ടില്ലാത്ത ഒരു രഹസ്യമാണ്.’’* ‘‘നിഗൂഢത’’ അഥവാ ‘‘രഹസ്യം’’ എന്ന വാക്ക് സംബന്ധിച്ചുള്ള ചിന്താക്കുഴപ്പത്തോടെ പ്രശ്നം തുടരുന്നു. ‘‘നിഗൂഢത’’ എന്ന് അർത്ഥം വരുന്ന വാക്ക്, ഗ്രീക്ക് പദത്തിൽ (μυστήριον, *mustērion*) നിന്ന് ലിപ്യന്തരണം ചെയ്തതാണ്. വേദപുസ്തകപരമായ ഉപ യോഗത്തിൽ, *മസ്റ്റെറിയോൺ* എന്നത് അജ്ഞാതമായതിനെ കുറിക്കുന്നില്ല; എന്നാൽ മറിച്ച് ദൈവം വെളിപ്പെടുത്തുന്നില്ലെങ്കിൽ അറിയുന്നതിന് സാധിക്കാത്തവയെയാണ് അത് അർത്ഥമാക്കുന്നത് (1 കൊരി. 2:7; എഫെ. 3:9). ഡബ്ലിയു. ഇ. വൈൻ ഇങ്ങനെ എഴുതുന്നു: ‘‘സാധാരണമായ അർത്ഥത്തിൽ, ‘നിഗൂഢത’ എന്ന് അർത്ഥമാക്കുന്നത് മറച്ചു വെയ്ക്കപ്പെട്ടിട്ടുള്ള അറിവിനെയാണ്; അതിന്റെ ദൈവവചനപരമായ പ്രാധാന്യം, സത്യം വെളിപ്പെടുത്തപ്പെടുന്നുവെന്നതാണ്.’’[31] പുതിയ നിയമത്തിൽ, ‘‘നിഗൂഢമായത്’’ എന്നത് മിക്കപ്പോഴും, ക്രിസ്തുവിനെ ലോകത്തിലേക്ക് അയയ്ക്കുന്നതിന ുള്ള ദൈവത്തിന്റെ പദ്ധതിയുമായും (കൊലൊ. 1:27; 2:2; 1 തിമൊ. 3:16) അതിൽ ഉൾപ്പെട്ടവയുമായും ബന്ധപ്പെട്ടിരിക്കുന്നവയാണ്. റോമർക്കുള്ള തന്റെ ലേഖനം സമാപിപ്പിച്ചുകൊണ്ട് പൗലൊസ് ഇങ്ങനെ എഴുതുന്നു,

> പൂർവ്വകാലങ്ങളിൽ മറഞ്ഞിരുന്നിട്ടു *ഇപ്പോൾ വെളിപ്പെട്ടു വന്നതും* നിത്യദൈവത്തിന്റെ നിയോഗപ്രകാരം സകലജാതികൾക്കും വിശ്വാസത്തിന്റെ അനുസരണത്തിന്നായി പ്രവാചകന്മാരുടെ എഴുത്തുകളാൽ അറിയിച്ചി രിക്കുന്നതുമായ *മർമ്മ*ത്തിന്റെ വെളിപ്പാടിന്നു അനുസരണമായുള്ള എന്റെ സുവിശേഷത്തിന്നും യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗത്തിന്നും ഒത്തവണ്ണം നിങ്ങളെ സ്ഥിര

> പ്പെടുത്തുവാൻ കഴിയുന്ന ഏകജ്ഞാനിയായ ദൈവത്തിന്നു യേശു ക്രിസ്തു മുഖാന്തരം എന്നെന്നേക്കും മഹത്വം ഉണ്ടാകുമാറാകട്ടെ. ആമേൻ ... (16:25, 26; പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു).

*മസ്റ്റെറിയോൺ*-ന്റെ അർത്ഥത്തെക്കുറിച്ച് ഭൂരിഭാഗം എഴുത്തുകാർക്കും അറിവുണ്ട്. എന്നിട്ടും, റോമർ 11:25-ൽ ഈ വാക്കിന് പൗലൊസ് തന്റെ വായനക്കാരോട് പങ്കു വെക്കുന്നതിനായി പോകുന്ന ഒരു രഹസ്യമായി അവർ ഇതിനെ വ്യാഖ്യാനിക്കുന്നു. ഈ രഹസ്യം - മുൻപൊരിക്കലും വെളിപ്പെടുത്തപ്പെടാത്തതും തിരുവചനങ്ങളിൽ ഒരിക്കലും പരാമർശിക്കപ്പെടാത്തതും - യഹൂദൻമാരുടെ കൂട്ടമായുള്ള മാനസാന്തരമാണ് എന്ന് അവർ പറയുന്നു.

പകരം, *മസ്റ്റെറിയോൺ* എന്നത് ഈ വചനഭാഗത്ത് അർത്ഥമാക്കുന്നത് എന്തെങ്കിലും നിഗൂഢതയുള്ളതായി തോന്നുന്നില്ല. മുൻപ് പരാമർശിച്ചതുപേലെ, പൗലൊസ് പുതിയ ഒരു വിഷയം അവതരിപ്പിക്കുകയായിരുന്നില്ല. മറിച്ച്, തന്റെ മുഖ്യ ചിന്താധാര തുടരുകയായിരുന്നു. അതിനാൽ, ഈ പശ്ചാത്തലത്തിൽ മസ്റ്റെറിയോൺ എന്ന പദം അർത്ഥമാക്കുന്നത്, ജാതികളെ സ്വീകരിക്കുന്നതിലൂടെ, യഹൂദൻമാരിൽ ഒരു തരം അസൂയയുണർത്തുന്നത് (ആത്മാർത്ഥമായ ആഗ്രഹം) വഴിയായി, യഹൂദൻമാരെ രക്ഷിക്കുന്നതിനനുള്ള അത്ഭുതകരമായ പദ്ധതിയെക്കുറിച്ചാകുന്നതിനാണ് ഏറ്റവും കൂടുതൽ സാദ്ധ്യത. ഇതിനോടകം നിരവധി പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ള അനുക്രമത്തിൽ ഇവ (വാക്യങ്ങൾ 25, 26) എങ്ങനെയാണ് ചേരുക എന്ന് നമുക്ക് പരിശോധിക്കാം:

യഹൂദൻമാരുടെ ഭാഗികമായി ഹൃദയം കഠിനമാക്കി (ദൈവം യഹൂദരെ തിരസ്കരിച്ചു)
ജാതികളുടെ പൂർണ്ണത (ദൈവം ജാതികളെ സ്വീകരിക്കുന്നു)
മുഴുവൻ യിസ്രായേലിന്റെയും രക്ഷ (ദൈവം യഹൂദൻമാരെ സ്വീകരിക്കുന്നു)

റോമർ 11:26 സംബന്ധിച്ച് ഇത്തരത്തിലൊരു വ്യാഖ്യാനം നൽകുന്നതു മൂലം, *മസ്റ്റെറിയോൺ* എന്ന പദം അർത്ഥമാക്കുന്നത് പൗലൊസ് ഇതിനോടകം തന്നെ വെളിപ്പെടുത്തിയിട്ടുള്ള ഒന്നിനെയാണ്, അല്ലാതെ ഏതെങ്കിലും പുതിയ ഒരു സത്യമല്ല എന്ന് ചിലർ എതിർപ്പ് ഉന്നയിക്കും. പുതിയ നിയമത്തിൽ *മസ്റ്റെറിയോൺ* എന്ന പദം ഉപയോഗിച്ചിട്ടുള്ള വചനഭാഗങ്ങൾ ഒരാൾ പരിശോധിക്കുന്നുവെങ്കിൽ, ഈ പ്രയോഗം ക്രിസ്തുവിനെ പരാമർശിക്കുന്നതിനായി മിക്കപ്പോഴും ഉപയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് അയാൾക്ക് കണ്ടെത്തുന്നതിന് സാധിക്കും. ഇത് തീർച്ചയായും പൗലൊസിന്റെ വായനക്കാർക്ക് ‘‘ഒരു പുതിയ വിഷയം’’ ആയിരുന്നില്ല.

റോമർ 11:25, 26-നോടുള്ള ഈ സമീപനം, *മസ്റ്റെറിയോൺ* എന്ന വാക്ക് സമർത്ഥിക്കുന്നതിന് വേണ്ടത്രയും നാടകീയമായതല്ല എന്ന് മറ്റുള്ളവർ പ്രതിഷേധിക്കും. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം പോലെ, ‘‘നാടകീയമായവയല്ല’’ എന്ന് ചിലർ കരുതിയേക്കാവുന്ന നിരവധി വിഷയങ്ങൾ പരാമർശിക്കുന്നതിനായി പൗലൊസ് മസ്റ്റെറിയോൺ എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട് (എഫെ. 5:32). സത്യത്തിൽ, പൗലൊസിന്റെ

ദൈവത്തിന്റെ മനസ്സിലേക്കുള്ള പ്രചോദിതമായ ഉൾക്കാഴ്ച - യഹൂദൻമാരെ ദൈവം തിരസ്കരിച്ചത്, എങ്ങനെ ജാതികളുടെ സ്വീകരണത്തിലേക്കും മറിച്ചും നയിച്ചുവെന്നും - അത്യത്ഭുതകരവും നാടകീയമായതു പോലെയ ുമാണ്. ഹെൻട്രിക്സെൻ ഇങ്ങനെ എഴുതി, "ഇത് ഏറെ അൽഭുതകരമായ പ്രവർത്തിയല്ലേ? ... ജാതികളുടെ രക്ഷയും യിസ്രായേലിന്റെ രക്ഷയും തമ്മിലുള്ള ഈ പരസ്പരാശ്രയത്വമാണ് ദൈവീക "നിഗൂഢത" യുടെ സാരാംശം.[32]

*അനുമാനം 3: "യഹൂദൻമാർ ഇപ്പോഴും 'ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമാണ്.' "* ദൈവത്തിന്റെ യിസ്രായേൽ രാഷ്ട്രവുമായുള്ള ഇന്നത്തെ ബന്ധത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണ, പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. യഹൂദൻമാർ ഇപ്പോഴും "ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജന" മാണ് എന്നതിന്റെ ഒരു സ്ഥിരീകരണമായി റോമർ 11:28b, 29 പരിഗണിക്കുന്നു. ഇനിയിപ്പോൾ യഹൂദർക്ക് ദൈവവുമായുള്ള ബന്ധത്തിൽ പ്രത്യേക അവകാശങ്ങളൊന്നുമില്ല എന്ന് നാം ഊന്നിപ്പറയും (കാണുക *പ്രയോഗം: ദൈവവും യിസ്രായേലും,* പേജുകൾ 216–221). ഒരു രാഷ്ട്രം എന്ന നിലയിൽ അവർ ഇപ്പോൾ ദൈവത്തിന്റെ "പ്രത്യേക ജനം" ആയിരിക്കുന്നില്ല.

ഇത്തരത്തിലുള്ള വ്യാജ അനുമാനങ്ങൾ പരിശോധിച്ചതിന് ശേഷം, നാം ഒഴിവാക്കേണ്ട നിരവധി നിലപാടുകളുണ്ട്. പറഞ്ഞിട്ടുള്ളവയേക്കാൾ, യഥാർത്ഥത്തിൽ *പറഞ്ഞിട്ടില്ലാത്തവയെക്കുറിച്ച്* ഒരു വായനക്കാരന് ആത്മവിശ്വാസം സൃഷ്ടിക്കുവാൻ പോന്ന വിധത്തിലുള്ള വചനഭാഗങ്ങളിലൊന്നാണ് റോമർ 11:25, 26.

*പ്രീമില്യനിയൽ നിലപാട് നാം ഒഴിവാക്കേതാണ്.* ഒന്നാമതായി, ഈ വചനഭാഗം പഠിപ്പിക്കുന്നുവെന്ന് പ്രീമില്യനിയലിസ്റ്റുകൾ അവകാശപ്പെടുന്നത് യഥാർത്ഥത്തിൽ അത് പഠിപ്പിക്കുന്നില്ല. ഒരു പ്രീമില്യനിയൽ വ്യാഖ്യാനം ഏകദേശം ഇങ്ങനെ പോകുന്നു: യേശു ഭൂമിയിലേക്ക് ആദ്യമായി വന്നപ്പോൾ തന്നെ യെരൂശലേമിൽ ഒരു ഭൗതിക രാജ്യം സ്ഥാപിക്കണമെന്ന് അവിടുന്ന് ഉദ്ദേശിച്ചിരുന്നു. എന്നാൽ ഇത് യഹൂദൻമാർ യേശുവിനെ രാജാവായി അംഗീകരിക്കുമോ ഇല്ലയോ എന്നതിനെ ആശ്രയിച്ചായിരുന്നു അത്. യഹൂദൻമാർ യേശുവിനെ അംഗീകരിക്കുമെന്ന് പ്രവചിക്കപ്പെട്ടിരുന്നു. എന്നാൽ യേശുവിനെ രാജാവായി അംഗീകരിക്കുന്നതിന് വിസമ്മതിച്ചുകൊണ്ട് അവർ ദൈവീക പദ്ധതിയെ മറിച്ചു കളഞ്ഞു. യഹൂദൻമാർ ഒടുവിൽ യേശുവിനെ അംഗീകരിക്കുന്നതു വരെയുള്ള ഒരു താൽക്കാലിക സംവിധാനമായിട്ടായിരുന്നു സഭ സ്ഥാപിക്കപ്പെട്ടത്. ഇവിടെയാണ് നമ്മുടെ വചനഭാഗം കടന്നു വരുന്നത്. ഒരു ദിവസം, യഹൂദൻമാർ യേശുവിനെ അംഗീകരിക്കുമെന്ന് പ്രീമില്യനിയലിസ്റ്റുകൾ പറയുന്നു. (ചില പ്രീമില്യനിയലിസ്റ്റുകൾ വിശ്വസിക്കുന്നത് എല്ലാ യഹൂദൻമാരും മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുമെന്നും പിന്നീട് അവർ യേശുവിന്റെ രക്ഷ സ്വീകരിക്കുമെന്നുമാണ്. അതേ പോലെ, പുതിയതായി രക്ഷയിലേക്ക് എത്തുന്ന ഈ യഹൂദ ക്രിസ്തീയ വിശ്വാസികൾ ഒരു വലിയ സുവിശേഷ സേനയായിത്തീരുമെന്നുമാണ്). ഇത്തരത്തിലുള്ള യഹൂദ ഉണർവ്വ് യേശു ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള മടങ്ങി വരവിന് മുന്നോടിയായിത്തീരുമെന്നും തുടർന്ന് യേശു തന്റെ ഭൗതീക രാജ്യം സ്ഥാപിക്കുമെന്നും അവർ അവകാശപ്പെടുന്നു.

സങ്കീർണ്ണമായ ഈ കഥാ രേഖയിൽ പാളിച്ച ഏറെയുണ്ട്.[33] യേശു ഭൗത

ികമായ ഒരു രാജ്യം സ്ഥാപിക്കുന്നതിനു വേണ്ടിയല്ല എത്തിയത് (യോഹ. 18:36). യേശുവിനെ അവരുടെ ഭൗതിക രാജാവായി സ്വീകരിക്കുന്നതിന് യഹൂദൻമാർ തയ്യാറായിരുന്നു; (യോഹ. 6:15), എന്നാൽ യേശുവിനെ അവരുടെ *ആത്മീയ* രാജാവായി അംഗീകരിക്കുന്നതിന് അവർ സന്നദ്ധമായിരുന്നില്ല (9:32, 33 എന്നിവയുടെ വ്യാഖ്യാനങ്ങൾ കാണുക). സഭ ഒരു അനന്തര ചിന്ത അല്ലെങ്കിൽ ''ഒരു താൽക്കാലിക നടപടി'' (എഫെ. 3:10, 11) ആയിരുന്നില്ല; മറിച്ച്, യേശു സ്ഥാപിക്കുവാനായി എത്തിയ ദൈവരാജ്യം സഭയായിരുന്നു. (മത്തായി 16:18, 19-ൽ ''സഭ'', ''ദൈവരാജ്യം'' എന്നിവ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും മാറ്റി ഉപ യോഗിച്ചിരിക്കുന്നു). എല്ലാ (അല്ലെങ്കിൽ ഭൂരിഭാഗം) യഹൂദൻമാരും യേശുവിനെ എന്നെങ്കിലും സ്വീകരിക്കുന്നത് സംബന്ധിച്ച്, ഒരു ചോദ്യം ചോദിക്കേണ്ടതാണ്: യേശുവിനെ സ്വീകരിക്കാതിരിക്കുന്നതിലൂടെ യഹൂദൻമാർ ഒരിക്കൽ ദൈവീകോദ്ദേശ്യം തകിടം മറിച്ചു കളഞ്ഞുവെങ്കിൽ (പ്രീമില്യനിയൽ ഉപദേശമനുസരിച്ച്), യഹൂദൻമാർ വീണ്ടും യേശുവിനെ സ്വീകരിക്കാ തിരിക്കുന്നതിലൂടെ ഭാവിയിൽ ദൈവീകോദ്ദേശ്യം തകിടം മറിച്ചു കളയുകയില്ലെന്ന് നമുക്ക് എങ്ങനെ ഉറപ്പിക്കുവാൻ കഴിയും?

പ്രീമില്യനിയലിസ്റ്റുകളുടെ റോമർ 11:25, 26-ന്റെ ഉപയോഗം സംബന്ധിച്ച് മറ്റ് പാളിച്ചകൾ പരാമർശിക്കാവുന്നതാണ്. ഉദാഹരണമായി, യഹൂദൻമാർ കൂട്ടത്തോടെ യേശുവിന്റെ രക്ഷ സ്വീകരിച്ചതിന് ശേഷം അവർ ഒരു വലിയ സുവിശേഷ സേനയായിത്തീരുന്ന പക്ഷം (ചിലർ പഠിപ്പിക്കുന്നതു പോലെ), ജാതികളുടെ ''പൂർണ്ണ സംഖ്യ'' (രക്ഷിക്കപ്പെടുവാൻ പോകുന്ന എല്ലാ ജാതികളായ വിശ്വാസികളും) അതിനോടകം തന്നെ തികഞ്ഞിട്ടുണ്ടെങ്കിൽ, ആരോടാണ് അവർ സുവിശേഷം പ്രസംഗിക്കുക? തീർച്ചയായും, ഏറ്റവും വലിയ പാളിച്ച ഈ വചനഭാഗം പഠിപ്പിക്കുന്നുവെന്ന് അവർ അവകാശപ്പെടുന്നത്, അത് *പഠിപ്പിക്കുന്നില്ല* എന്നത് തന്നെയാണ്.

*പ്രചാരമുള്ള ഒരു നിലപാട് ഒഴിവാക്കേതാണ്.* മുൻപ് സൂചിപ്പിച്ച പോലെ, പ്രീമില്യനിയലിസ്റ്റുകളുമായി പൊരുത്തപ്പെടാത്ത നിരവധി എഴുത്തുകാർ വിശ്വസിക്കുന്നത്, യഹൂദൻമാരുടെ കൂട്ടമായി യേശുക്രി സ്തുവിന്റെ രക്ഷ സ്വീകരിക്കുമെന്നാണ്. ഒരു നിശ്ചിത സംഖ്യയിൽ ജാതികളായവർ, ക്രിസ്തീയ വിശ്വാസികളായിത്തീരുമ്പോൾ ഭാവിയിൽ ഒരു ദിവസം അത് സംഭവിക്കുമെന്ന് (ഒരു പക്ഷേ കർത്താവ് മടങ്ങി വരുന്നതിന് തൊട്ടു മുൻപ യായി) അവർ പ്രതീക്ഷിക്കുന്നു. ഏത് സാഹചര്യത്തിലായാലും *ഓരോ* യഹൂദനും യേശുവിലേക്ക് വരുമെന്ന് കരുതുന്നതിന് ദുഷ്കരമാ യതിനാൽ, ഈ എഴുത്തുകാരിൽ ഭൂരിഭാഗവും ''യിസ്രായേൽ മുഴുവൻ'' എന്ന പ്രയോഗത്തെ പല വിധങ്ങളിൽ വിശേഷിപ്പിക്കുന്നു. ''ഗണ്യമായ ഒരു സംഖ്യയിൽ'', ''യഹൂദൻമാരുടെ ഒരു വലിയ ഗണം'' അല്ലെങ്കിൽ ''യിസ്രായേൽ മൊത്തമായി'' എന്നിങ്ങനെയൊക്കെയാണ് അവരുടെ വിവരണം.

വിസ്മയാവഹമായ ഈ സംഭവം യഥാർത്ഥത്തിൽ *എങ്ങനെയാണ്* നടക്കുക എന്നത് അവ്യക്തമാണ്. ഇത് *വിശ്വാസത്തിന്റെ* അടിസ്ഥാനത്തിലായിരിക്കണം എന്നതിനോട് ഭൂരിഭാഗം പേരും യോജിക്കുന്നു (3:30). എന്നാൽ, ആയിരക്കണക്കിന് വർഷങ്ങൾ നീണ്ട അവിശ്വാസത്തിനൊടുവിലായി എല്ലാ യഹൂദൻമാരേയും യേശുവിൽ വിശ്വസിക്കുന്നതിന് ഒരേ സമയം എന്താണ് പ്രേരിപ്പിക്കുകയെന്ന് അനുമാനിക്കുന്നതിന് ഏതാനും പേർ മാത്രമേ തയ്യാറുള്ളു. മശിഹായ്ക്ക് വേണ്ടി ശതക്കണക്കിന്

വർഷങ്ങൾ കാത്തിരുന്നു നിരാശരായതിന് ശേഷം, യേശുവിനെ പുതിയ ഒരു കാഴ്ചപ്പാടിലൂടെ കാണുന്നതിന് യഹൂദൻമാർ തയ്യാറാകുമെന്ന് ഒരു വ്യാഖ്യാത ാവ് അഭിപ്രായപ്പെടുന്നു. മിക്കവാറും എഴുത്തുകാരും, ''എങ്ങനെ'' എന്നുള്ളത് ''നിഗൂഢത'' യുടെ ഭാഗമാണ് എന്ന് മാത്രം പറഞ്ഞവസാനിപ്പിക്കുന്നു.

''പൂർണ്ണത'' എന്നത് ''പൂർണ്ണ സംഖ്യ'' എന്ന അർത്ഥം നൽകുന്നത് സംബ ന്ധിച്ച്, സർവ്വശക്തനായ ദൈവത്തിന്, അവിടുന്ന് ആഗ്രഹിക്കുന്നു വെങ്കിൽ രക്ഷിക്കപ്പെടുന്ന ജാതീയരായ എല്ലാ വ്യക്തികളുടെയും കൃത്യ സംഖ്യ അറിയുന്നതിന് കഴിയും എന്ന് അംഗീകരിക്കുന്നതിന് നാം സന്നദ്ധമാണ്. കൂടുതലായി, യേശുവിന്റെ ഭൂരിഭാഗം വിശ്വാസികളെന്ന പോലെ, ഒരു വലിയ സംഖ്യയിൽ യഹൂദൻമാർ ക്രിസ്തീയ വിശ്വാസികളായിത്തീരുമെങ്കിൽ അത് നമ്മെ രോമാഞ്ചം കൊളളിക്കുക തന്നെ ചെയ്യും! എങ്കിലും ഇവയിലേതെങ്കിലുമൊരു ആശയം റോമർ 11:25, 26-ൽ പഠിപ്പിക്കുന്നുണ്ട് എന്ന് നാം വിശ്വസിക്കുന്നില്ല. ഇത്തരത്തിലൊരു അന്തിമ നിഗമനം നിരവധി കാരണങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.

1. ദുർഗ്രഹമായ ഒരു പദപ്രയോഗത്തിന്റെ ഒരു ഏക മാത്രമായ പ്രയോഗത്തിലൂടെയല്ല സത്യത്തെ സ്ഥാപിക്കുന്നത്. ജനകീയമായ ഒരു വ്യാഖ്യാനം അനുസരിച്ച്, മുൻപൊരിക്കലും വെളിപ്പെടുത്താത്തതും തിരുവചനങ്ങളിൽ പിന്നീടൊരിക്കലും എഴുതപ്പെട്ടിട്ടില്ലാത്തതുമായ സത്യങ്ങൾ, പൗലൊസ് വാക്യങ്ങൾ 25, 26-ൽ വെളിപ്പെടുത്തി. ദൈവവചനം ഒരു സത്യത്തെ സ്ഥാപിക്കുന്നത് അങ്ങനെയല്ല. അടിസ്ഥാനപരമായ വേദപുസ്തക സത്യങ്ങൾ സ്ഥാപിച്ചിട്ടുള്ളത്, വ്യത്യസ്തങ്ങളായ വചനപരമായ പശ്ചാത്ത ലങ്ങളിൽ വചനത്തിന്റെ പ്രചോദനാത്മകമായ ആവർത്തനങ്ങളിലൂടെയാണ്.

ദുർഗ്രഹമായ വചന ഭാഗത്തെ വേർതിരിച്ച്, അതിന് സ്വയേച്ഛപരമായ ഒരു അർത്ഥം നൽകുന്നത് നിരവധി വ്യാജ ദൈവശാസ്ത്ര ചിന്തകൾ മുളയ്ക്കുന്നതിന് കാരണമായിട്ടുണ്ട്. ഉദാഹരണമായി, പ്രീമില്യനിയലിസ്റ്റുകൾ ഏറെ പ്രതീകാത്മകമായ ഒരു പുസ്തകത്തിൽ (വെളി. 20:1-5) നിന്നുളള ''ആയിരം വർഷങ്ങൾ'' എന്ന പദപ്രയോഗം എടുക്കുകയും ആലങ്കാരിക ഭാഷയ്ക്ക് ചുറ്റുമായി എല്ലാം അടങ്ങുന്ന ഒരു ദൈവ ശാസ്ത്രം നിർമ്മിക്കുകയും ചെയ്തു. അതേ പോലെ, ''മരിച്ചവർക്ക് വേണ്ടി സ്നാനമേറ്റവർ'' (1 കൊരി. 15:29) എന്ന ഗൂഢമായ ഒരു പദപ്രയോഗമെടുത്ത്, ബദൽ സ്നാനങ്ങൾ നടത്തുന്നതിന ായി, മരിച്ചവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്ന, അവിശ്വസനീയമായ രീതിയിൽ സങ്കീർണ്ണമായ ഒരു സംവിധാനത്തിന് രൂപം നൽകി. ഒരു സത്യത്തെ വീണ്ടും സ്ഥാപിക്കുന്ന രീതി ഇങ്ങനെയല്ല.

2. ഈയൊരു പശ്ചാത്തലം അത്തരത്തിലൊരു ആശയം സൂചിപ്പിക്കുന്നില്ല. ഒരു ദിനം ദൈവം എല്ലാ യഹൂദരൻമാരേയും രക്ഷയിലേക്ക് നയിക്കും എന്ന് ഇതിന് മുൻപുള്ള വാക്യങ്ങളിൽ യാതൊരു സൂചനയുമില്ല. ഹെൻട്രിക്സൺ ഇങ്ങനെ വിശദീകരിക്കുന്നു:

> യിസ്രായേൽ മക്കളുടെ കൂട്ട മാനസാന്തരം എന്നൊരു ആശയത്തിനു വേണ്ടിയല്ല വായനക്കാർ തയ്യാറാക്കപ്പെടുന്നത്. പൗലൊസ് ഊന്നൽ നൽകുന്നത് നേരെ വിപരീതമാണ്; ഏത് കാലങ്ങളിലും (ഭൂത കാലത്തും വർത്തമാന കാലത്തും ഭാവി കാലത്തും) ഒരു *ശേഷിപ്പിന്* രക്ഷ ലഭിക്കുന്നു. റോമർ 11:26 യഹൂദൻമാരുടെ കൂട്ട മാനസാന്തരത്തെക്കുറിച്ചാണ്

> പഠിപ്പിക്കു ന്നതെങ്കിൽ, പൗലൊസ് ഇങ്ങനെ പറയുന്നതു പോലെ തോന്നുകയില്ലേ?, "ഞാൻ മുൻപ് നിങ്ങളോട് പറഞ്ഞത് മറന്നു പോയോ?"[34]

റോമർ 9–11-ൽ യഹൂദൻമാരെക്കുറിച്ച് പൗലൊസ് എന്താണ് പറഞ്ഞത്? ജഡപ്രകാരം ചാർച്ചക്കാരായ സഹോദരന്മാർ നഷ്ടപ്പെട്ടു പോയതിനാൽ (9:1–3; 10:1) അപ്പൊസ്തലന് "വലിയ ദുഃഖവും ഹൃദയത്തിൽ ഇടവിടാതെ നോവും" ഉണ്ടായിരുന്നു. "അവരിൽ ചിലരെയെങ്കിലും രക്ഷിക്കുന്നതിന്" അദ്ദേഹം അതിയായി ആഗ്രഹിച്ചു (11:14). അവർ അവിശ്വാസത്തിൽ നിലനിൽ ക്കാഞ്ഞാൽ, അവർ വീണ്ടും ദൈവീക പദ്ധതികളിലും ഉദ്ദേശ്യങ്ങ ളിലും ഉൾപ്പെടുത്തപ്പെടും എന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു; അവരെ ഒട്ടിച്ചു ചേർക്കും (11:23). ഭാവിയിൽ എല്ലാ യഹൂദരും അവരുടെ അവിശ്വാസത്തിൽ നിന്ന് നീക്കപ്പെടുമെന്ന് ഒരു സമയത്തും, അദ്ദേഹം സൂചന നൽകുന്നില്ല.

3. ഈയൊരു പഠിപ്പിക്കൽ "യഹൂദ പ്രഹേളിക" യ്ക്ക് യാതൊരു പരിഹാരവും നൽകുന്നില്ല. റോമർ 11:25, 26 സംബന്ധിച്ചുള്ള ജനകീയമായ നിലപാട്, യഥാർത്ഥത്തിൽ നാം "യഹൂദ പ്രഹേളിക" എന്ന് വിളിക്കുന്നതിനെ – യിസ്രായേൽ മക്കളോട് ദൈവം നടത്തിയ വാഗ്ദാനങ്ങളിൽ നിന്ന് ദൈവം പിൻവാങ്ങിയോ ഇല്ലയോ എന്നത് – കൈകാര്യം ചെയ്യുന്നില്ല. സാമാന്യമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഈ സമീപനത്തിന്റെ വക്താക്കൾ, ക്രിസ്തുവിന്റെ മടങ്ങി വരവിന് തൊട്ടു മുൻപുള്ള തലമുറയിൽ ജീവിച്ചിരിക്കുന്ന എല്ലാ യഹൂദരെയും (അല്ലെങ്കിൽ "ഗണ്യമായ ഒരു സംഖ്യയിലുള്ളവരെ") രക്ഷിക്കുന്നതിന് ദൈവം വിശ്വസ്തനാണെന്ന് അവരുടെ വ്യാഖ്യാനം തെളിയിക്കുന്നുവെന്ന് ശഠിക്കുന്നു. എന്നാൽ, അവസാന തലമുറയ്ക്ക് മുൻപ് അവിശ്വാസത്തിൽ തന്നെ മരിച്ചവരും മരിക്കുവാൻ പോകുന്ന എണ്ണമറ്റ യഹൂദരെ സംബന്ധിച്ച് എന്താണ്? നിരവധി, നിരവധി തലമുറകൾ ക്രിസ്തുവിനെ സ്വീകരിക്കാതെ മരിച്ചതിന് ശേഷം, അവസാന തലമുറയിലെ ഭൂരിഭാഗം യഹൂദരെയും പരാമർശിക്കുന്നതിനായി വിചിത്രമായ ഒരു മാർഗ്ഗമാണ് "മുഴുവൻ യിസ്രായേലും" എന്ന പരാമർശം.[35] "യഹൂദ പ്രഹേളിക" സംബന്ധിച്ച് ജിം മക്ഗുയിഗൻ ഇങ്ങനെ എഴുതി,

> (പൗലൊസ്) ഇങ്ങനെ അഭിപ്രായപ്പെടുന്നില്ല: "ഇപ്പോൾ മുതൽ ഏതാനും സഹസ്രാബ്ദങ്ങൾ കഴിഞ്ഞ്, ദൈവം ഒരു മുഴുവൻ യഹൂദ തലമുറയിലെയും ഏറെക്കുറെ മുഴുവൻ ആളുകളെയും വിശ്വാസത്തിലേക്കും പരിണിത ഫലമായി രക്ഷയിലേക്കും കൊണ്ടു വരുമ്പോൾ നിങ്ങളുടെ പ്രശ്നത്തിന് ഉത്തരം നൽകപ്പെടും." അത് ഒരു ഉത്തരം ആയിത്തീരുകയേയില്ല ... അത്തരമൊരു പ്രതികരണം, ആ തലമുറയ്ക്ക് മുൻപ് മുറിച്ചു നീക്കപ്പെട്ട യഹൂദൻമാരുടെ പ്രശ്നം കൈകാര്യം ചെയ്യില്ല.[36]

റോമർ 9–11-ൽ പരാമർശിക്കപ്പെട്ട "യഹൂദ പ്രഹേളിക", പൗലൊസിന്റെ തലമുറയിലെ യഹൂദൻമാരെ നേരിട്ട് സംബന്ധിക്കുന്നതാണ്. ഏറ്റവും സുപ്രധാനമായ ചോദ്യം, ആ യഹൂദൻമാരോട് ദൈവം നീതിപൂർവ്വമായി ഇടപെട്ടുവോ ഇല്ലയോ എന്നതാണ്. ആയിരക്കണക്കിന് വർഷങ്ങൾക്ക് ശേഷം

ഭാവിയിൽ ദൈവം എന്താണ് ചെയ്യുന്നതെന്ന് അവരെ സംബന്ധിച്ചിടത്തോളം അപ്രസക്തമായിരുന്നു.

4. മൊത്തത്തിലുള്ള ഒരു യഹൂദ മാനസാന്തരം, തിരുവചനം മറ്റെവിടെയും പഠിപ്പിക്കുന്നതിന് വിരുദ്ധമാണ്. വേദപുസ്തക വ്യാഖ്യാനത്തിന്റെ അടിസ്ഥാനപരമായ ഒരു തത്വം, ദുർഗ്രഹമായ ഒരു വചനഭാഗം എടുക്കുകയും ലളിതങ്ങളായ ദൈവവചനം മറ്റെവിടെയും പറയുന്നതിന് വിരുദ്ധമായി വ്യാഖ്യാനിക്കുകയും ചെയ്യരുത് എന്നാണ്. ഇതിനോടകം തന്നെ പരാമർശിച്ചതു പോലെ, ഒരു ദിനം ദൈവം എല്ലാ (അഥവാ ഭൂരിഭാഗം) യഹൂദരെയും രക്ഷിക്കും എന്ന ആശയം, ദൈവം യഹൂദൻമാരുടെ ഒരു ശേഷിപ്പിനെ രക്ഷിക്കും എന്ന പൗലൊസിന്റെ ലളിതമായ പഠിപ്പിക്കലിനോട് വൈരുദ്ധ്യം പുലർത്തുന്നതാണ് (9:27; 11:5).

കൂടുതലായി, നമുക്ക് ഇനിപ്പറയുന്നവയെ പരിഗണിക്കാം: യഹൂദൻമാരുടെ "യഥാസ്ഥാനം" (*plērōma*) (11:12) അർത്ഥമാക്കുന്നത്, യേശു മടങ്ങി വരുന്നതിന് തൊട്ടു മുൻപായി ഭൂരിഭാഗം യഹൂദൻമാരും രക്ഷിക്കപ്പെടുന്നതിനെക്കുറിച്ചാണെങ്കിൽ, "ജാതികളുടെ പൂർണ്ണസംഖ്യ യെത്തുക" (*plērōma*) (11:25) എന്നത് പരാമർശിക്കുന്നത് യഹൂദൻമാർ രക്ഷിക്കപ്പെടുവാൻ പോകുന്ന കാലയളവിന് തൊട്ടു മുൻപായി ഭൂരിഭാഗം ജാതികളും രക്ഷിക്കപ്പെടുന്നതിനെയാണ് എന്ന് അനുമാനിക്കുന്നത് ന്യായ മായിരിക്കുമല്ലോ. അത്തരമൊരു അന്തിമ നിഗമനം, ലൂക്കൊസ് 18:8-ൽ യേശു ചോദിക്കുന്ന ചോദ്യത്തെ നിന്ദിക്കുന്നതിന് തുല്യമാകും: "മനുഷ്യപുത്രൻ മടങ്ങി വരുമ്പോൾ, ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?"

തീർച്ചയായും, ഭൂമിയിലെ ഭൂരിഭാഗം ജനങ്ങളും (യഹൂദർ ഒപ്പം/അല്ലെങ്കിൽ ജാതികൾ) രക്ഷിക്കപ്പെടുന്ന സാദ്ധ്യതയിൽ നാം എല്ലാവരും ഒരേ പോലെ ആനന്ദപുളകിതരാകുമെന്നതിൽ സംശയമില്ല. എന്നാൽ, യാഥാർത്ഥ്യം ഇതല്ല എന്ന് യേശു പറഞ്ഞു. അവിടുന്ന് പറഞ്ഞു: "വിളിക്കപ്പെട്ടവർ *അനേകം*, തിരഞ്ഞെടുക്കപ്പെട്ടവരോ *ചുരുക്കം*" (മത്തായി 22:14; പ്രത്യേക ഊന്നൽ ചേർത്തിരിക്കുന്നു). ഗിരിപ്രഭാഷണത്തിൽ, ജീവന്റെ വഴി തിരഞ്ഞെടുക്കുന്നവർ വളരെ ചുരുക്കമാണ് എന്ന് സൂചിപ്പിച്ചു കൊണ്ട്, യേശു രണ്ട് വഴികളെക്കുറിച്ച് പഠിപ്പിച്ചു:

> ഇടുക്കുവാതിലിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതു; അതു കണ്ടെത്തുന്നവർ *ചുരുക്കമത്രേ* (മത്തായി 7:13, 14; പ്രത്യേക ഊന്നൽ ചേർത്തിരിക്കുന്നു).

ജനപ്രചാരമുള്ള ഒരു നിലപാട് തിരസ്കരിക്കുന്നതിനുള്ള മറ്റ് കാരണങ്ങളും പരാമർശിക്കുവാൻ കഴിയും. ഉദാഹരണമായി, റോമർ 11:25, 26 *ദേശീയമായി* രക്ഷ സ്വീകരിക്കുന്ന ഒരു ഉപദേശമായി എടുക്കുവാൻ കഴിയും. രക്ഷ സംബന്ധിച്ച്, ദൈവം ഒരിക്കലും മനുഷ്യവർഗ്ഗത്തോട് ഒരു ദേശീയാടിസ്ഥാനത്തിലോ ഒരു കൂട്ടത്തിന്റെ അടിസ്ഥാനത്തിലോ ഇടപെട്ടിട്ടില്ല; എന്നാൽ ഓരോ വ്യക്തിയോടും *വ്യക്തിപരമായാണ്* അവിടുന്ന് ഇടപെടുന്നത്. അതിനാൽ, യേശുവിന്റെ രണ്ടാം വരവിന് തൊട്ടു മുൻപായി "യിസ്രായേൽ മുഴുവനായി" രക്ഷിക്കപ്പെടും (റോമർ. 11:25, 26) എന്ന് പഠിപ്പിക്കുന്നത് നാം

തള്ളിക്കളയേണ്ടതാണ്.

*വികൃതമാക്കിയ നിലപാട് ഒഴിവാക്കേണ്ടതാണ്.* ജനപ്രീതിയാർജ്ജിച്ച വീക്ഷണത്തിൽ അന്തർലീനമായ ഒരു പ്രശ്നം മിക്ക എഴുത്തുകാരും കണ്ടിട്ടുണ്ട്: യഹൂദൻമാരുടെ കൂട്ടത്തോടെയുള്ള രക്ഷയുടെ സ്വീകരണം *എങ്ങനെ* സംഭവിക്കും? ഇതിനോടകം സൂചിപ്പിച്ചതു പോലെ, നിരവധി പേരും ''എങ്ങനെ'' യെന്നുള്ളത് ''നിഗൂഢ'' മാണ് എന്ന് പറഞ്ഞവസാനിപ്പിക്കുന്നു. എങ്കിൽത്തന്നെയും, സമീപവർഷങ്ങളിൽ വ്യത്യസ്ത സഭാ വിഭാഗങ്ങളിൽ നിന്നുള്ള എണ്ണത്തിൽ അധികരിച്ചു കൊണ്ടിരിക്കുന്ന എഴുത്തുകാർ, ഇന്നത്തെക്കാലത്തെ യഹൂദൻമാർക്ക് ന്യായപ്രമാണം പാലിക്കുന്നതിലൂടെ, യേശുവിൽ വിശ്വസിക്കാതെ തന്നെ രക്ഷിക്കപ്പെടുന്നതിന് കഴിയും എന്ന് ശഠിച്ചു കൊണ്ട് ഈയൊരു പ്രശ്നം ''പരിഹരിക്കുന്ന'' തിന് ശ്രമം നടത്തിയിട്ടുണ്ട്. ''ജാതികളുടെ രക്ഷയുടെ പാത'' യെക്കുറിച്ചും ''യഹൂദരുടെ രക്ഷയുടെ പാത'' യെക്കുറിച്ചും അവർ സംസാരിക്കുന്നു. ജാതികൾക്കായി ഒരു ''ക്രിസ്തു ഉടമ്പടി'' യും യഹൂദൻമാർക്കായി ഒരു ''ടോറ ഉടമ്പടി'' യും ഉണ്ടെന്ന് അവർ പറയുന്നു. ''*ഇതിലൂടെ*'' അവർ തറപ്പിച്ചു പറയുന്നു, ''യിസ്രായേൽ മുഴുവൻ രക്ഷിക്കപ്പെടും.''

ഈ ഭയാനകമായ നിലപാട്, പൗലൊസിന്റെ സന്ദേശത്തിന്റെ വൈകൃതമാണ്. റോമാ ലേഖനത്തിൽ അപ്പൊസ്തലൻ സ്ഥാപിച്ചത്, യഹൂദൻമാരും ജാതികളും ഒരേ പോലെ പാപത്താൽ തെറ്റിപ്പോയിയെന്നും ഒരേ പോലെ തന്നെ *രക്ഷിക്കപ്പെട്ടു*വെന്നുമാണ്. ദൈവം നമുക്ക് രണ്ട് വിധങ്ങളിലുള്ള രക്ഷ നൽകിയിട്ടില്ല; എന്നാൽ ഒന്നു മാത്രം. യേശു പറഞ്ഞു: ''ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല (യോഹ. 14:6). ഉടനായുള്ള 11:25, 26-ന്റെ പശ്ചാത്തലത്തിൽ നാം ദൈവം അനുഗ്രഹിക്കുന്ന *ര്* ''ഒലിവ് മരങ്ങൾ'' (ഒന്ന് യഹൂദൻമാർക്കും ഒന്ന് ജാതികൾക്കും) നാം കാണുന്നില്ല; *ഒന്ന്* മാത്രമേയുള്ളു.

ഈ വചനഭാഗം എന്ത് പറയുന്നില്ല എന്ന് നാം ചർച്ച ചെയ്തു. ഇനി അത് എന്ത് പറയുന്നുവെന്ന് നമുക്ക് ചിന്തിക്കാം.

നമ്മുടെ വ്യാഖ്യാനത്തെ സ്വാധീനിക്കാവുന്ന ഒരു ചോദ്യമിതാണ്: ''വാക്യം 26-ലെ 'യിസ്രായേൽ' എന്ന പദം ആരെയാണ്'' പരാമർശിക്കുന്നത്? മുൻപ്, വാക്യം 26-ലെ ''യിസ്രായേൽ'' അർത്ഥമാക്കുന്നത് ഒരു ആത്മീയ യിസ്രായേൽ – മറ്റൊരു രീതിയിൽ പറഞ്ഞാൽ, സഭ – ആയിരുന്നുവെന്നതായിരുന്നു കൂടുതൽ പ്രചാരം നേടിയിരുന്ന വ്യാഖ്യാനങ്ങളിലൊന്ന്. ഇതിന് സാദ്ധ്യതയുണ്ട്. മറ്റെല്ലായിടത്തും, പൗലൊസ് സഭയെ ''യിസ്രായേൽ'' (ഗലാ. 6:16) എന്ന് പരാമർശിച്ചിരിക്കുന്നു. ഇത്തരമൊരു വീക്ഷണം മറ്റ് സ്ഥലങ്ങളിലെ വേദപുസ്തക ഉപദേശത്തെ ലംഘിക്കുന്നില്ല. എങ്കിലും, ഇത്തരമൊരു നിലപാടിൽ അടിസ്ഥാനപരമായ ഒരു ബലഹീനതയുണ്ട്. നാം പഠന വിധേയമാക്കുന്ന ഈ വചനഭാഗത്ത് പൗലൊസ് വീണ്ടും വീണ്ടും യിസ്രായേലിനെക്കുറിച്ച് സംസാ രിച്ചു. അപ്പൊഴെല്ലാം പൗലൊസിന്റെ മനസ്സിലുണ്ടായിരുന്നത്, ശാരീരികമായ ഒരു യിസ്രായേലായിരുന്നു. കൂടുതലായി, വാക്യം 25-ൽ പൗലൊസ് തീർച്ചയായും പരാമർശിച്ചത് ശാരീരികമായ യിസ്രായേലായിരുന്നു – മുൻവാക്യത്തിൽ ആരംഭിച്ച വാചകത്തിന്റെ ഒരു തുടർച്ചയാണ് വാക്യം 26. അതിനാൽ, വാക്യം 26-ലെ ''യിസ്രായേൽ'' ശാരീരികമായ യിസ്രായേൽ ആയി വ്യാഖ്യാനിക്കുന്നത് സ്വാഭാവികമായി തോന്നുന്നു.

ഇത്, പൗലൊസിന്റെ മനസ്സിലുണ്ടായിരുന്നത് മൊത്തത്തിലുള്ള ശാരീരിക യിസ്രായേൽ ആയിരുന്നുവോ അതോ "യിസ്രായേലിനുള്ളിലെ യിസ്രായേൽ" ആയിരുന്നുവോ എന്നൊരു ചോദ്യം പിന്നെയും അവശേഷിപ്പിക്കുന്നു (9:6-ലെ വിവരണം കാണുക). പ്രത്യക്ഷത്തിൽ, വാക്യം 25-ൽ പൗലൊസ് ചിന്തിച്ചു കൊണ്ടിരുന്നത് ശാരീരിക യിസ്രായേലിനെക്കുറിച്ചായിരുന്നു. കൂടാതെ, "അതിനാൽ രക്ഷിക്കപ്പെട്ട എല്ലാവരും രക്ഷിക്കപ്പെടും" എന്ന് പറയുന്നത് ആവർത്തനമാകുകയും ചെയ്യും.

*പരിഗണിക്കേ സാദ്ധ്യതയുള്ള വീക്ഷണങ്ങൾ:* റോമർ 11:26-ലെ "യിസ്രായേൽ" ആരാണ് എന്നത് സംബന്ധിച്ച് സാദ്ധ്യമായ മൂന്ന് വീക്ഷണങ്ങളുണ്ട്. (1) ആത്മീയ യിസ്രായേൽ (സഭ), (2) പൊതുവായി, ശാരീരിക യിസ്രായേൽ, കൂടാതെ (3) "യിസ്രായേലിനുള്ളിലെ യിസ്രായേൽ" ("യഥാർത്ഥ യിസ്രായേൽ," യേശുവിനെ മശിഹാ ആയി അംഗീകരിച്ച യഹൂദൻമാർ) നമ്മുടെ പ്രഥമ ഗണന, രണ്ടാമത്തെ വീക്ഷണമാണ്. എങ്കിൽത്തന്നെയും, എല്ലാ വീക്ഷണങ്ങളും യുക്തിസഹമായവ ആയതിനാലും മറ്റെവിടെയുമുള്ള ദൈവപ്രചോദിതമായ ഉപദേശത്തെ ഹനിക്കാത്തതുമായ തിനാൽ, പൗലൊസിന്റെ മനസ്സിൽ എന്താണുണ്ട ായിരുന്നത് എന്നതിനെക്കുറിച്ച് ആധികാരികമായി പ്രസ്താവിക്കുന്നതിന് കഴിയില്ല. ഈ വീക്ഷണങ്ങൾ, അടിസ്ഥാനപരമായി ഒരേ അന്തിമ നിഗമനത്തിലെത്തിച്ചേരുന്നതിന് ഉപയോഗി ക്കുവാൻ കഴിയും - നേരിയ തോതിൽ വ്യത്യാസമുള്ള വഴികളിലൂടെ.

പറഞ്ഞിട്ടുള്ളവയെ മുൻനിർത്തി, അദ്ധ്യായം 11-ലെ പൗലൊസിന്റെ ആകമാനമുള്ള ഉദ്ദേശ്യവുമായും ഏറ്റവുമടുത്ത പശ്ചാത്തലവുമായും പെ ാതു വായ വേദപുസ്തകപര ആശയങ്ങളുമായും യോജിക്കുന്ന, റോമർ 11:25, 26-ന്റെ ഒരു വ്യാഖ്യാനം രൂപപ്പെടുത്തുന്നതിന് ഇനി നമുക്ക് ശ്രമിക്കാം. പൗലൊസ് ഇങ്ങനെ ആരംഭിക്കുന്നു: "(ജാതീയരായ) സഹോദരന്മാരേ, നിങ്ങൾ ബുദ്ധിമാന്മാരെന്നു നിങ്ങൾക്കു തന്നേ തോന്നാതിരിപ്പാൻ ഈ രഹസ്യം അറിയാതിരിക്കരുതു എന്നു ഞാൻ ആഗ്രഹിക്കുന്നു" (11:25a). ഇതിനോടകം സൂചിപ്പിച്ചതു പോലെ, "രഹസ്യം" അഥവാ "നിഗൂഢം" അർത്ഥമാക്കുന്നത്, യിസ്രായേൽ തന്റെ അടുത്തേക്ക് മടങ്ങി വരുന്നതിനായി അവർക്ക് പ്രചോദനം നൽകുന്നതിന്, ദൈവം ജാതികളെ സ്വീകരിച്ചത് ദൈവത്തിന് എങ്ങനെ ഉപ യോഗപ്പെടുത്തുവാൻ കഴിയുമെന്ന് പൗലൊസ് വെളി പ്പെടുത്തുകയായിരുന്നു എന്നതാണ്: "നിങ്ങൾ (ജാതികൾ) ബുദ്ധിമാന്മാ രെന്നു നിങ്ങൾ തന്നേ (പ്ര ശംസിക്കാതെ (11:18) അല്ലെങ്കിൽ ഞെളിയാതെ (11:20)" (11:25b).

"രഹസ്യം" അഥവാ "നിഗൂഢം" സംബന്ധിച്ചുള്ള തന്റെ മുഖ്യ ചിന്ത പൗലൊസ് തുടർന്നു: "യിസ്രായേലിന് അംശമായി കാഠിന്യം സംഭവിച്ചി രിക്കുന്നു" (11:25c). "യിസ്രായേൽ" അർത്ഥമാക്കുന്നത് ശാരീരിക യിസ്രായേ ലാണ് (വലിയ വൃത്തം). നാം "അംശമായ (ഭാഗികമായ) കാഠിന്യത്തെക്കുറിച്ച് വായിക്കുമ്പോൾ, "ഭാഗികമായി മാത്രം കാഠിന്യം സംഭവിച്ചിട്ടുള്ള" ഒരു പ്രത്യേക യഹൂദനെക്കുറിച്ച് പരാമർശിക്കുകയാണ് എന്ന് നാം ചിന്തിക്കരുത്; മറിച്ച്, യിസ്രായേൽ ജനതയുടെ *ഒരു ഭാഗത്തിന്* കാഠിന്യം സംഭവിച്ചിരിക്കുന്നു എന്ന് നാം മനസ്സിലാക്കേണ്ടതാണ്. ആർഎസ്‌വി പരിഭാഷപ്പെടുത്തുന്നതിങ്ങനെ യാണ്: "യിസ്രായേലിന്റെ ഒരു ഭാഗത്തിന് കാഠിന്യം സംഭവിച്ചിരിക്കുന്നു." വാക്യം 7-ൽ പൗലൊസ് ഇങ്ങനെ പറഞ്ഞിട്ടുണ്ടായിരുന്നു, "യിസ്രായേൽ (വലിയ വൃത്തം) താൻ തെരഞ്ഞതു (ദൈവ മുൻപാകെയുള്ള നീതീകരണം)

പ്രാപിച്ചില്ല; തിരഞ്ഞെടുക്കപ്പെട്ടവർ (ചെറിയ വൃത്തം) അതു പ്രാപിച്ചു: ശേഷമുള്ളവരോ (ചെറിയ വൃത്തം ഒഴികെയുള്ള വലിയ വൃത്തം മുഴുവനായും) കഠിനപ്പെട്ടിരിക്കുന്നു.''

"ജാതികളുടെ പൂർണ്ണസംഖ്യ ചേരുവോളം'' (11:25d), "അംശമായ (ഭാഗികമായ) കാഠിന്യം'' തുടരും. വാക്യം 12-ലെ "യഥാസ്ഥാന'' (*plērōma*) - ത്തിലെ അതേ ഗ്രീക്ക് പദത്തിൽ നിന്നാണ് "പൂർണ്ണസംഖ്യ'' എന്ന തർജ്ജമ ചെയ്തിട്ടുള്ള പദവും വരുന്നത്.[37] ആശ്ചര്യജനകമായി, നിരവധി എഴുത്തുകാരും പണ്ഡിതൻമാരും പരിഭാഷകരും വാക്യം 25-ലെ പ്ലെറോമയ്ക്ക്, വാക്യം 12-ലേക്കാൾ വ്യത്യസ്തമായൊരു അർത്ഥമാണ് നൽകുന്നത്. അവരിൽ ഭൂരിഭാഗവും തറപ്പിച്ചു പറയുന്നത്, വാക്യം 25-ൽ പ്ലെറോമ അർത്ഥമാക്കുന്നത് "പൂർണ്ണ സംഖ്യ'' എന്നതു തന്നെയാണ് എന്നാണ്.[38]

ഗ്രീക്ക് പദങ്ങൾക്ക് വ്യത്യസ്ത പശ്ചാത്തലങ്ങളിൽ വ്യത്യസ്ത അർത്ഥമുണ്ടാകുന്നതിന് സാദ്ധ്യതയുണ്ട്. എങ്കിലും, ഒരു വാക്കിന് വ്യത്യസ്ത അർത്ഥം നൽകി വ്യാഖ്യാനിക്കുന്നതിന് ശക്തമായ ഒരു കാരണമില്ലാത്ത പക്ഷം, ഒരു ഏക പശ്ചാത്തലത്തിനുള്ളിൽ പ്രത്യക്ഷപ്പെടുന്ന ഓരോ പ്രാവശ്യവും, ഒരു വാക്കിന് ഒരേ അർത്ഥം തന്നെ കൽപ്പിക്കുന്നതാണ് സാധാരണ സമ്പ്രദായം. വാക്യം 12-ലേക്കാൾ വ്യത്യസ്തമായ ഒരു അർത്ഥത്തിലാണ് വാക്യം 25-ൽ *plērōma* ഉപയോഗിച്ചിരിക്കുന്നത് എന്നൊരു അന്തിമ നിഗമനത്തിലെത്തിച്ചേരുന്നതിന് നിർബന്ധിക്കുന്ന ഒരു കാരണം നമുക്ക് അറിവില്ല. വാക്യം 12 നാം പഠിച്ചപ്പോൾ, *പ്ലെറോമ* ("യഥാസ്ഥാനം'') എന്നത് "ലംഘനം'', "നഷ്ടം'' എന്നിവയുമായി വൈരുദ്ധ്യം പുലർത്തുന്നുവെന്ന് നാം ശ്രദ്ധിച്ചുവല്ലോ. വാക്യം 12, വാക്യം 15-നോട് സമാന്തരത പുലർത്തുന്നുവെന്നും നാം നിരീക്ഷിച്ചു. ഇത് ലംഘനത്തിന്റെയും നഷ്ടത്തിന്റെയും ("ദൈവത്താലുള്ള തിരസ്കരണം'') യഥാസ്ഥാനപ്പെടു ത്തലിന്റെയും ("ദൈവത്താലുള്ള സ്വീകരണം'') ഫലങ്ങൾ നൽകുന്നു.

വാക്യം 12-ൽ "യഥാസ്ഥാനപ്പെടുത്തൽ'' എന്നതിന്റെ അർത്ഥം, ദൈവത്താൽ സ്വീകരിക്കപ്പെടുന്നത് ഫലം നൽകുന്ന ദൈവത്തിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കുന്നതാണ് എന്ന് നാം അന്തിമ നിഗമനത്തിലെത്തിയല്ലോ. വാക്യം 25-ന് ഇതേ അടിസ്ഥാന അർത്ഥം അനുയുക്തമാണ്. "യിസ്രായേലിന്റെ ഭാഗം (വലിയ വൃത്തം), ജാതികൾ ദൈവീകോദ്ദേശ്യം പൂർത്തീകരിക്കുന്നതു വരെയും ദൈവത്താൽ സ്വീകരിക്കപ്പെടുന്നതു വരെയും കഠിനമാക്കപ്പെട്ടിരിക്കുന്നു.'' അദ്ധ്യായം 11-ലെ പൗലൊസിന്റെ പ്രാഥമികമായ യുക്തിപരമായ ക്രമത്തിന്റെ വെളിച്ചത്തിൽ വാക്യം 25 വീണ്ടും നോക്കുക.

യഹൂദൻമാരുടെ തിരസ്കരണം (ദൈവത്താൽ) ("കഠിനമാക്കൽ'')
ജാതികളുടെ സ്വീകരണം (ദൈവത്താൽ) (യഥാസ്ഥാനപ്പെടുത്തൽ)

രക്ഷ സംബന്ധിച്ച് പൗലൊസ് വീണ്ടും യഹൂദൻമാരും ജാതികളും തമ്മിലുള്ള പരസ്പര ബന്ധം ഊന്നിപ്പറയുകയായിരുന്നുവെങ്കിൽ, അദ്ദേഹം പ്രസ്താവിക്കേണ്ട അടുത്ത വസ്തുത എന്തായിരിക്കണം? ജാതികളുടെ "പൂർണ്ണതയെത്തൽ'' യഹൂദൻമാരെഅസൂയയുണർത്തിപ്രകോപിപ്പിക്കുകയും അങ്ങനെ മശിഹായെക്കുറിച്ചുള്ളമുൻവിധിയോടെയുള്ള കാഴ്ചപ്പാട് ഉപേക്ഷിക്കുകയും യേശുവിനെ സ്വീകരിക്കുകയും രക്ഷിക്കപ്പെടുകയും

ചെയ്യുന്നതിന് വേണ്ടി ഉദ്ദേശിച്ചുള്ളതായിരുന്നുവെന്ന് ഏതെങ്കിലും തരത്തിൽ അദ്ദേഹം ഊന്നിപ്പറയേണ്ടതുണ്ടായിരുന്നു. പൗലൊസ് അങ്ങനെ ചെയ്തുവോ? നമുക്ക് വചന ഭാഗം പഠിക്കുന്നത് തുടരാം.

വാക്യം 26 ഇങ്ങനെ ആരംഭിക്കുന്നു, ''ഇങ്ങനെ....'' οὕτως (*houtōs*) എന്ന പദത്തിൽ നിന്നാണ് ''ഇങ്ങനെ'' എന്ന പദം തർജ്ജമ ചെയ്തിരിക്കുന്നത്. ഇംഗ്ലീഷ് പദം പോലെ തന്നെ ''ഹൂട്ടോസ്'' ഒരു രീതിയുടെ ക്രിയാവിശേഷണം ആണ്; അതായത്, ''ഈ വിധത്തിൽ''[39] അല്ലെങ്കിൽ ''ഇപ്രകാരം.''[40] ''ഇങ്ങനെ'' – ഈ വിധത്തിൽ (ജാതികളെ ദൈവം സ്വീകരിച്ചതിലൂടെ) – ''യിസ്രായേൽ മുഴുവനും (അസൂയ കൊള്ളുകയും യേശുവിനെ സ്വീകരിക്കുകയും അതിന ാൽ) രക്ഷിക്കപ്പെടും.''

> യഹൂദൻമാരുടെ തിരസ്കരണം (ദൈവത്താൽ) (''കഠിനമാക്കൽ'')
> ജാതികളുടെ സ്വീകരണം (ദൈവത്താൽ) (''പൂർണ്ണതയെത്തൽ'')
> യഹൂദൻമാരുടെ സ്വീകരണം (ദൈവത്താൽ) (''യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും'')

ചിലർ ഇങ്ങനെ എതിർവാദമുന്നയിച്ചേക്കാം, ''നിങ്ങൾ 'മുഴുവനും' എന്ന പദത്തെക്കുറിച്ച് വിശദീകരണം നൽകിയില്ല. 'മുഴുവനും' എന്ന വാക്ക് അർത്ഥമാക്കുന്നത് ആത്യന്തികമായി യഹൂദൻമാർ മുഴുവനും (അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ പക്ഷം ഭൂരിഭാഗം പേരും) യേശുവിനെ സ്വീകരിക്കുമെന്നല്ലേ?'' നിർബന്ധമില്ല. ഉദാഹരണമായി, ഞാൻ ഇങ്ങനെ പറയുന്നുവെന്ന് കരുതുക: ''ദൈവം എല്ലാവരോടും വിശ്വസിക്കുകയും അനുതപിക്കുകയും പാപങ്ങൾ ഏറ്റു പറയുകയും സ്നാനപ്പെടുകയും ചെയ്യുവാൻ പറഞ്ഞിരിക്കുന്നു. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടുന്നതിനുള്ള മാർഗ്ഗം ഇതാണ്.'' ഇതിൽ നിന്ന് ''എല്ലാവരും രക്ഷിക്കപ്പെടും'' എന്ന് നിങ്ങൾ അന്തിമ നിഗമനം നടത്തുമോ? ഇല്ല, ദൈവം കൽപ്പിച്ചത് അനുസരിക്കുകയെന്നതാണ് ആർക്കെങ്കിലും രക്ഷിക്കപ്പെടുന്നതിനുള്ള ഏക മാർഗ്ഗം എന്നാണ് ഞാൻ അർത്ഥമാക്കിയത് എന്ന് നിങ്ങൾ മനസ്സിലാക്കും.

മറ്റൊരാൾ ഇങ്ങനെ പ്രതിഷേധിച്ചേക്കാം, ''എന്നാൽ നിങ്ങളുടെ റോമർ 11:25, 26–ന്റെ വ്യാഖ്യാനം പൗലൊസ് വ്യത്യസ്ത വാക്കുകളിലൂടെ ഒന്നു തന്നെ ആവർത്തിക്കുകയായിരുന്നുവെന്ന് വരുത്തിത്തീർക്കുന്നു.'' ഇത്തരത്തിലൊരു എതിർപ്പിന് യാതൊരു പ്രസക്തിയുമില്ല; കാരണം പൗലൊസ് നിരവധി മുഖ്യ ആശയങ്ങൾ വീണ്ടും വീണ്ടും ആവർത്തിച്ചു. അദ്ധ്യായം 11–ലെ മുഖ്യ ചിന്താവിഷയം വാക്യം 25, 26 എന്നിവയിൽ പൗലൊസ് ആവർത്തിക്കുന്നതിൽ യാതൊരു പ്രശ്നവുമില്ല തന്നെ.

ഇവിടെ സ്വീകരിച്ചിട്ടുള്ള വീക്ഷണം, ഇങ്ങനെ സംക്ഷേപിക്കാം: ദൈവം ജാതികളെ സ്വീകരിക്കുന്നതിലൂടെ, യഹൂദർ യേശുവിനെ സ്വീകരിക്കുകയും രക്ഷിക്കപ്പെടുകയും ചെയ്തേക്കാം. അതായത്, യിസ്രായേൽ മക്കൾ, ജാതികൾ സുവിശേഷം സ്വീകരിക്കുന്നതിനോട് പ്രതികരണമെന്ന നിലയിൽ ''ഈ വിധത്തിൽ'' സുവിശേഷത്തിലേക്ക് വീണ്ടും നോക്കുകയും ക്രിസ്തീയ വിശ്വാസികളായിത്തീരുന്നതിന് തീരുമാനിക്കുകയും ചെയ്തേക്കാവുന്നതാണ്. ഈ വിശദീകരണം, ഈ വചനഭാഗം ആവശ്യപ്പെടുന്നതെന്താണോ അത് പൂർത്തീകരിക്കുന്നുണ്ടോ ഇല്ലയോ എന്ന് ചിന്തിക്കുക. എന്നിട്ട്, ഇത്

പഠന വിധേയമാക്കുന്നത് തുടരുകയും നിങ്ങളുടേതായ സ്വന്തം അന്തിമ നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുക.

**വാക്യം 26b, 27.** അത്ഭുതകരമായ "മർമ്മ" (വെളിപ്പാട്)-ത്തിന്റെ ഭാഗം, ജാതികളെ സ്വീകരിക്കുന്നതിലൂടെ, യഹൂദൻമാരെ വിശ്വാസത്തിലേക്ക് നയിക്കുന്നതിന് പ്രേരിപ്പിക്കുന്നതിനുള്ള ദൈവീക പദ്ധതിയായിരുന്നു. പൗലൊസ് മിക്കപ്പോഴും ചെയ്തതു പോലെ, അദ്ദേഹം അത് വചനങ്ങളുടെ പിന്തുണയോടെ തന്റെ സമർത്ഥിക്കൽ നടത്തി: "**വിടുവിക്കുന്നവൻ സീയോനഭിൽനിന്നു വരും; അവൻ യാക്കോബിൽ നിന്നു അഭക്തിയെ മാറ്റും. ഞാൻ അവരുടെ പാപങ്ങളെ നീക്കുമ്പോൾ ഇതു ഞാൻ അവരോടു ചെയ്യുന്ന നിയമം' എന്നു എഴുതിയിരിക്കുന്നുവല്ലോ.**" ഈ ഉദ്ധരണി പഴയ നിയമ വചന ഭാഗങ്ങളുടെ ഒരു മിശ്രണമാണ്. പ്രഥമ പരാമർശം യെശയ്യാ 59:20, 21a ആണ്. ഈ വചനം പറയുന്നു: "എന്നാൽ സീയോന്നും യാക്കോബിൽ അതിക്രമം വിട്ടു തിരിയുന്നവർക്കും അവൻ വീണ്ടെടുപ്പുകാരനായി വരും" എന്നു യഹോവയുടെ അരുളപ്പാടു. "ഞാൻ അവരോടു ചെയ്തിരിക്കുന്ന നിയമമോ ഇതാകുന്നു" എന്നു യഹോവ അരുളിച്ചെയ്യുന്നു. ഈയൊരു വചന ഭാഗത്ത് യിസ്രായേലിന്റെ പുന:സ്ഥാപനത്തെക്കുറിച്ച് യെശയ്യാവ് മുൻകൂട്ടിപ്പറഞ്ഞു. ദൈവത്തിലേക്ക് മടങ്ങി വരുന്നതിനുള്ള മാർഗ്ഗം നൽകുന്ന യേശുവിനോട് പൗലൊസ് ഈ വചനം ബന്ധിപ്പിച്ചു. യെശയ്യാ 27:9-ൽ നിന്ന് ഒരു വാക്യവും ഉണ്ടാകാം: ഈ വചനം പറയുന്നു: "യാക്കോബിന്റെ അകൃത്യത്തിന് പരിഹാരം വരും." ഈ വചനത്തിന്റെ അവസാന ഭാഗം, യിരമ്യാവിന്റെ "പുതിയൊരു നിയമ" (യിരെ. 31:31-34)-ത്തെക്കുറിച്ചുള്ള വാഗ്ദാനത്തെ ക്കുറിച്ച് ഓർമ്മിപ്പിക്കുന്നു, "ഞാൻ അവരുടെ അകൃത്യം മോചിപ്പിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല."

പഴയ നിയമ പരാമർശവും പൗലൊസിന്റെ ഉദ്ധരണിയും തമ്മിലുള്ള കൂടുതൽ വ്യക്തമായ വ്യത്യാസങ്ങളിലൊന്ന്, "*സീയോനിലേക്ക്* ഒരു വീണ്ടെടുപ്പുകാരൻ വരും" എന്നാണ്; അതേ സമയം പൗലൊസ് പറയുന്നത് "വിടുവിക്കുന്നവൻ *സീയോനിൽ നിന്ന്* വരും" എന്നാണ്. പൗലൊസ് (ആത്മപ്രചോദിതനായി) എന്തു കൊണ്ടാണ് വാക്കിൽ മാറ്റം വരുത്തിയത് എന്ന് നമുക്ക് ഉറപ്പില്ല. ഒരു പക്ഷേ, അവരുടെ രക്ഷകൻ *യഹൂദനാ*യിരുന്നുവെന്ന് ജാതികളെ പൗലൊസ് ഓർമ്മിപ്പിക്കുകയായിരുന്നു. "യെരൂശലേമിൽ *നിന്ന്* യഹോവയുടെ വചനം (സുവിശേഷം) പുറപ്പെടും" (യെശ. 2:3; പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു; കാണുക ലൂക്കൊ. 24:47) എന്ന യെശയ്യാവിന്റെ പ്രവചനം പൗലൊസിനെ സ്വാധീനിച്ചിരിക്കുന്നതിനും സാദ്ധ്യതയുണ്ട്.

റോമർ 11:25-27 അന്ത്യ കാലത്തെ സംഭവങ്ങളെക്കുറിച്ചാണ് സംസാരിക്കുന്നത് എന്ന് കരുതുന്നവർ, പൗലൊസിന്റെ പഴയ നിയമ ഉദ്ധരണികൾ യേശുവിന്റെ *രാമത്തെ* വരവ് സംബന്ധിച്ചുള്ളതാണ് എന്ന് വിശ്വസിക്കുന്നു. ഇത്തരമൊരു വ്യാഖ്യാനം തിരസ്കരിക്കുന്നതിന് നിരവധി കാരണങ്ങളുണ്ട് (1) ജോൺ ആർ. ഡബ്ലിയു. സ്റ്റോട്ട് ചൂണ്ടിക്കാണിക്കുന്നതു പോലെ "യഥാർത്ഥത്തിൽ ഈ വചനഭാഗം യെശയ്യാ പ്രവചനത്തിൽ സൂചിപ്പിക്കുന്നത് ക്രിസ്തുവിന്റെ *ഒന്നാം* വരവാണ്."[41] (2) ക്രിസ്തുവിന്റെ *ഒന്നാം* വരവിന്റെ ഒരു ഉദ്ദേശ്യം, "യാക്കോബിൽ (യിസ്രായേലിൽ) നിന്ന് അഭക്തി നീക്കുക" (കാണുക മത്തായി 15:24)-യും "അവരുടെ പാപങ്ങൾ നീക്കുകയും" - അതായത് നഷ്ടപ്പെട്ടു പോയവരെ രക്ഷിക്കുകയും (ലൂക്കൊസ് 19:10) ആയിരുന്നു. യേശു *രാമത്* എത്തുമ്പോൾ,

അത് പാപം നീക്കുന്നതിനല്ല, മറിച്ച് ന്യായം വിധിക്കുന്നതിനായിട്ടാണ് (മത്തായി 25:31–33). (3) യിരെമ്യാവിന്റെ പ്രവചനത്തിലെ "പുതിയ നിയമം", റോമർ 11:26b, 27–ൽ നിന്ന് വേർപെടുത്തുന്നതിന് ദുഷ്കരമാണ്. എന്നാൽ ആ പുതിയ നിയമം (യേശുവിന്റെ പുതിയ നിയമം) ഇതിനോടകം തന്നെ സ്ഥാപിതമാക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു (എബ്രാ. 8:8–13). അതിനാൽ, 11:26b, 27 ബന്ധപ്പെട്ടിരിക്കുന്നത് ജഡമായിത്തീർന്ന (യോഹ. 1:14) യേശുവിന്റെ ആദ്യത്തെ വരവുമായാണ്, രണ്ടാം വരവുമായല്ല എന്ന് നമുക്ക് ഉപസംഹരിക്കാം.

വാക്യങ്ങൾ 26, 27–ൽ ഉദ്ധരണി നൽകിയിരിക്കുന്നതിന്റെ കാരണം, യിസ്രായേലിനെ രക്ഷിക്കുന്നതിനായി ഒരു വീണ്ടെടുപ്പുകാരൻ (ക്രിസ്തു) വരുമെന്ന് പ്രവാചകൻമാർ മുൻകൂട്ടിപ്പറഞ്ഞിട്ടുണ്ടെന്ന് കാണിക്കുന്നതിനായിരുന്നു (ദൈവീക പദ്ധതികളിലേക്കും ഉദ്ദേശ്യങ്ങളിലേക്കും അവരെ മടക്കിക്കൊണ്ടു വരുന്നതിനായി). ജാതികളെ ദൈവം സ്വീകരിച്ചതിൽ യഹൂദൻമാരിൽ അസൂയയുണരുമ്പോൾ ഇത് സംഭവിക്കും. യഹൂദൻമാരെ രക്ഷിക്കുന്നതിന് ദൈവത്തിന് ഒരു പദ്ധതി ഉണ്ടായിരുന്നു (ഇപ്പോഴുമുണ്ട്) – യേശുവിൽ കേന്ദ്രീകൃതമായ ഒരു പദ്ധതി.

**വാക്യങ്ങൾ 28, 29.** രക്ഷയെ സംബന്ധിച്ച് പറയുമ്പോൾ, യഹൂദൻമാർ രക്ഷിക്കപ്പെടണമെന്ന് ദൈവം ഇപ്പോഴും *ആഗ്രഹിക്കുന്നു*വെന്ന് നമുക്ക് അറിയാം. വാക്യം 28, 29–ൽ പൗലൊസ് പറഞ്ഞു,

> **സുവിശേഷം സംബന്ധിച്ചു അവർ (യഹൂദൻമാർ) നിങ്ങൾ (ജാതികൾ) നിമിത്തം ശത്രുക്കൾ; തിരഞ്ഞെടുപ്പു സംബന്ധിച്ചോ പിതാക്കന്മാർ നിമിത്തം (യഹൂദൻമാർ) പ്രിയന്മാർ. ദൈവം തന്റെ കൃപാവരങ്ങളെയും വിളിയെയും കുറിച്ചു അനുതപിക്കുന്നില്ലല്ലോ.**

ഒരു വീക്ഷണ കോണിൽ, യഹൂദൻമാർ "ശത്രുക്കൾ" ആയിരുന്നു; എന്നാൽ, മറ്റൊരു വീക്ഷണ കോണിൽ അവർ "പ്രിയപ്പെട്ടവർ" ആയിരുന്നു.

ശാരീരികമായി യഹൂദൻമാർ ആയവർ ഇപ്പോഴും "ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം" ആണ് എന്ന് വിശ്വസിക്കുന്നവർ, ഈ രണ്ട് വാക്യങ്ങൾ അവരുടെ നിലപാട് സ്ഥിരീകരിക്കുന്നുവെന്ന് ഉറപ്പിച്ചിരിക്കുന്നു. എങ്കിൽത്തന്നെയും, ശാരീരികമായി യിസ്രായേൽ ആയവർ ഇനി മേൽ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജാതിയല്ല എന്ന് നാം സ്ഥാപിക്കുന്നു (കാണുക *പ്രായോഗികം: ദൈവവും യിസ്രായേലും*, പേജുകൾ 216–221). "യിസ്രായേലിനുള്ള ഏതെങ്കിലും ദേശീയമായ വിശേഷാവകാശങ്ങൾ റദ്ദാക്കപ്പെട്ടിരിക്കുന്നു."[42] സാഹചര്യം ഇങ്ങനെയായിരിക്കെ, 28, 29 എന്നിവയിൽ പൗലൊസ് പറയുന്നതെന്തായിരുന്നു? പശ്ചാത്തപിക്കുകയും തന്നിലേക്ക് മടങ്ങി വരികയും ചെയ്യുന്നതിനുള്ള അവസരം യഹൂദൻമാർക്ക് ഒരുക്കുന്നത് ദൈവം എന്തുകൊണ്ട് തുടർന്നു എന്ന് അദ്ദേഹം വിശദീകരിക്കുകയായിരുന്നുവെന്ന് തോന്നുന്നു.

വാക്യം 28 ആരംഭിക്കുന്നു: "സുവിശേഷം സംബന്ധിച്ചു അവർ (യഹൂദർ) നിങ്ങൾ നിമിത്തം ശത്രുക്കൾ." യഹൂദ നേതാക്കൾ നേതൃത്വം നൽകിയ ഒരു യഹൂദ ജനക്കൂട്ടമാണ് യേശുവിനെ ക്രൂശിച്ചത്. സഭ സ്ഥാപിതമായതിന് ശേഷം, ഭൂരിഭാഗം യഹൂദൻമാരും യേശുവിനെക്കുറിച്ച് പ്രസംഗിക്കുന്നത് നിശിതമായി എതിർത്തു (കാണുക 17:5, 13). അവരിൽ ചിലർ വഴി

നൽകിയിരുന്നുവെങ്കിൽ, ഓരോ സുവിശേഷ പ്രസംഗകനും നിശ്ശബ്ദന ായിത്തീർന്നേനെ. കൂടാതെ, സുവിശേഷം കേൾക്കുന്നതിന് ആർക്കും അവ സരം ലഭിക്കുമായിരുന്നുമില്ല.

‘‘സുവിശേഷം സംബന്ധിച്ചു’’ യഹൂദർ തീർച്ചയായും ‘‘ശത്രുക്കൾ’’ ആയിരുന്നു. ‘‘നിങ്ങൾ (ജാതികൾ) നിമിത്തം.’’ അദ്ധ്യായം 11-ൽ പലപ്പോഴും പ്രസ്താവിച്ചിട്ടുള്ള ഒരു വസ്തുതയുടെ സ്ഥിരീകരണമാണിത്: യഹൂദൻമാർ സുവിശേഷത്തെ തിരസ്കരിച്ചത്, ജാതികൾക്ക് സുവിശേഷം കേൾക്കുന്നതിന ും രക്ഷിക്കപ്പെടുന്നതിനുമുള്ള അവസരമൊരുക്കി.

യഹൂദർ സുവിശേഷത്തിന്റെ ശത്രുക്കൾ ആയിരുന്നുവെന്നും അങ്ങനെ സുവിശേഷം നൽകിയ ദൈവത്തിന്റെ തന്നെ ശത്രുവായിരുന്നുവെന്നുമുള്ള വസ്തുതയിൽ നിന്ന് നമുക്ക് എന്ത് അന്തിമനിഗമനത്തിലെത്താം? വാക്യം 28-ന്റെ ആദ്യത്തെ ഭാഗം ഇങ്ങനെ നമുക്ക് വിപുലീകരിക്കാം: ‘‘സുവിശേഷം സംബന്ധിച്ചു അവർ ശത്രുക്കളാണ് (കൂടാതെ, അവർ അർഹിക്കുന്നത് ശിക്ഷ മാത്രമാണ്).’’

യേശുവിനെ മരണത്തിനേൽപ്പിച്ചു കൊടുത്തതിലും സഭയെയും സുവിശേഷത്തെയും ക്രിസ്തീയ വിശ്വാസികളെയും നശിപ്പിക്കുന്നതിന് ശ്രമിച്ചതിലും യഹൂദൻമാർ വഹിച്ച പങ്ക് പരിഗണിക്കുമ്പോൾ, ദൈവം എന്തു കൊണ്ട് അവരെ ഭൂമുഖത്തു നിന്ന് തുടച്ചു നീക്കിയില്ല? ഇത് നമ്മെ വാക്യം 28-ന്റെ അന്തിമ ഭാഗത്തേക്ക് കൊണ്ടു വരുന്നു: ‘‘(ദൈവത്തിന്റെ) തെരഞ്ഞെടുപ്പു സംബന്ധിച്ചോ പിതാക്കന്മാർ നിമിത്തം പ്രിയന്മാർ.’’

‘‘(ദൈവത്തിന്റെ) തെരഞ്ഞെടുപ്പു’’ എന്നത് പരാമർശിക്കുന്നത്, ദൈവ ത്തിന്റെ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ദൈവം യിസ്രായേൽ ജന ത്തെ തെരഞ്ഞെടുത്തതാണ്. യിസ്രായേൽ ‘‘പ്രിയൻമാർ’’ ആയിത്തീർന്നത്, അതിന്റെ പൗരൻമാർ സ്നേഹപാത്രങ്ങളായതിനാലോ ദൈവത്തോടുള്ള സ്നേ ഹം എപ്പോഴും പ്രദർശിപ്പിച്ചതിനാലോ ആണോ? അല്ല. മറിച്ച്, യിസ്രായേൽ ‘‘പിതാക്കന്മാർ നിമിത്തം പ്രിയന്മാർ’’ ആയിത്തീർന്നു. ഈ ‘‘പിതാക്കൻമാർ’’ ‘‘പിതാമഹൻമാർ’’ ആയിരുന്നു (എൻഐവി) – പ്രത്യേകിച്ചും ദൈവത്തിന്റെ സ്നേഹിതനായിരുന്ന അബ്രാഹാം (കാണുക റോമർ 4) (യാക്കോബ് 2:23; കാണുക 2 ദിന. 20:7; യെശ. 41:8).

ദൈവം അബ്രാഹാമിനോട് ചില വാഗ്ദാനങ്ങൾ നടത്തിയിരുന്നു. ആ വാഗ്ദാനങ്ങളിൽ നിന്ന് ദൈവം പിൻപോട്ടേക്ക് പോയിട്ടില്ല. ‘‘ദൈവം തന്റെ കൃപാവരങ്ങളെയും വിളിയെയും കുറിച്ചു അനുതപിക്കുന്നില്ലല്ലോ’’ എന്ന് വാക്യം 29 വിശദീകരിക്കുന്നു (കാണുക സംഖ്യ. 23:19). ‘‘അനുതപിക്കുക’’ എന്ന വാക്ക് തർജ്ജമ ചെയ്തിട്ടുള്ളത് ‘‘പശ്ചാത്താപം’’ (μεταμέλει, *metamelei*) എന്നും അതിനെ നിഷേധാത്മകമാക്കുന്ന ഒരു ആൽഫാ (α, എ)-യും ചേർന്ന ഗ്രീക്ക് പദമായ ἀμεταμέλητος (*ametamelētos*) എന്ന വാക്കിൽ നിന്നുമാണ്. കെജെവി പരിഭാഷയും ‘‘അനുതാപം കൂടാതെ’’ എന്ന് പറയുന്നു. ‘‘അനുതപിക്കുക’’ എന്നത് അടിസ്ഥാനപരമായി അർത്ഥമാക്കുന്നത് ‘‘മനസ്സിന്റെ രൂപാന്തരപ്പെടുത്തലാണ്.’’ അബ്രാഹാമിന്റെ സന്തതിപരമ്പരകൾ, അവർ എങ്ങനെയായിരിക്കേണ്ടിയിരുന്നോ അങ്ങനെയായിത്തീർന്നിട്ടില്ലാത്ത കാരണത്താൽ ദൈവം അബ്രാഹാമിന് നൽകിയ വാഗ്ദാനങ്ങൾ പൂർത്തീകരിക്കുന്നതിലുള്ള തന്റെ തീരുമാനം ദൈവം മാറ്റിയില്ല. മുൻപ് പ്രസ്താവിച്ചതു പോലെ, യഹൂദർക്ക് നൽകിയ ഓരോ വാഗ്ദാന വും ദൈവം പൂർത്തീകരിച്ചു.

ഇതിന് മുൻപ് സൂചിപ്പിച്ചതു പോലെ, വാക്യം 28–ന്റെ ആദ്യ ഭാഗം ഇങ്ങനെ വിപുലീകരിക്കാം: ‘‘സുവിശേഷം സംബന്ധിച്ചു അവർ ശത്രുക്കളാണ് (കൂടാതെ, അവർ അർഹിക്കുന്നത് ശിക്ഷ മാത്രമാണ്).’’ വാക്യം 28–ന്റെ അവസാന ഭാഗം ഇങ്ങനെ വിപുലീകരിക്കുന്നതിന് കഴിഞ്ഞേക്കാം. ‘‘(ദൈവത്തിന്റെ) തെരഞ്ഞെടുപ്പു സംബന്ധിച്ചോ പിതാക്കന്മാർ നിമിത്തം (യഹൂദർ) പ്രിയന്മാർ (അതിനാൽ സുവിശേഷം കേൾക്കുന്നതിനും സ്വീകരിക്കുന്നതിനും ദൈവം അവർക്ക് മറ്റൊരു അവസരം നൽകുന്നു).’’ അവർ നിന്ദ്യമായ കാര്യങ്ങൾ ചെയ്തിട്ടുണ്ടായിരുന്നുവെങ്കിൽ പ്പോലും, യഹൂദൻമാർ രക്ഷിക്കപ്പെടണമെന്ന് ദൈവം അപ്പോഴും ആഗ്രഹിച്ചു.

**വാക്യങ്ങൾ 30, 31.** ഇതിനോടകം നമുക്ക് പരിചിതമായ ഒരു ക്രമരൂപം പൗലൊസ് ആവർത്തിക്കുന്നു (അവസാനമായി). യഹൂദൻമാരുടെ തിരസ്കരണം (ദൈവത്താൽ), ജാതികളുടെ സ്വീകരണത്തിന് വഴിയൊരുക്കി (ദൈവത്താൽ). ഇത് ജാതീയരായ ക്രിസ്തീയ വിശ്വാസികൾ ആസ്വദിച്ച ആത്മീയാനുഗ്രഹങ്ങൾക്കായി ആത്മാർത്ഥമായ ഒരു ആഗ്രഹം യഹൂദൻമാരിൽ ഉണർത്തുന്നതിനായി ഉദ്ദേശിച്ചുള്ളതായിരുന്നു. തുടർന്ന് അവർ സുവിശേഷം അനുസരിക്കുകയും ദൈവത്താൽ സ്വീകരിക്കപ്പെടുകയും ചെയ്യും. പൗലൊസ് ഇങ്ങനെയാണ് വാക്യങ്ങൾ 30, 31–ലെ ക്രമം വാക്യങ്ങളിലാക്കിയിരിക്കുന്നത്:

> **നിങ്ങൾ** (ജാതികൾ) **മുമ്പെ ദൈവത്തെ അനുസരിക്കാതിരുന്നിട്ടു അവരുടെ** (യഹൂദൻമാരുടെ) **അനുസരണക്കേടിനാൽ**[43] **ഇപ്പോൾ കരുണ ലഭിച്ചതുപോലെ, നിങ്ങൾക്കു** (ജാതികൾക്ക്) **ലഭിച്ച കരുണയാൽ അവർക്കു** (യഹൂദൻമാർക്ക്) **കരുണ ലഭിക്കേണ്ടതിന്നു അവരും** (യഹൂദൻമാരും) **ഇപ്പോൾ അനുസരിക്കാതിരിക്കുന്നു.**

പൗലൊസിന്റെ മുഖ്യ ചിന്താധാരകൾ ഈ രണ്ട് വാക്യങ്ങളിൽ മനസ്സിലാക്കുന്നതിന് എളുപ്പമാണ്:

യഹൂദൻമാരുടെ അനുസരണക്കേട് (അതിന്റെ ഫലമായി ദൈവം യഹൂദൻമാരെതിരസ്കരിക്കുന്നു)
ജാതികളോട് ദയ കാണിച്ചു (ദൈവം ജാതികളെ സ്വീകരിക്കുന്നു)
യഹൂദൻമാരോട് കരുണ കാണിക്കുന്നു (ദൈവം യഹൂദൻമാരെ സ്വീകരിക്കുന്നു)

അദ്ധ്യായം 9 മുതൽ 11–ന്റെ അവസാനം വരെയുള്ള അദ്ധ്യായങ്ങളിൽ ‘‘കരുണ’’ ഒരു മുഖ്യ പദ പ്രയോഗമാണ് (കാണുക 9:15, 16, 18, 23). 11:30–32–ൽ ഈ പദം നാല് പ്രാവശ്യം പ്രത്യക്ഷപ്പെടുന്നുണ്ട്. ‘‘കരുണ’’ (ἔλεος, *eleos*) എന്നത് ‘‘കൃപ’’ (χάρις, *charis*) – യുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നതും രണ്ടും തമ്മിൽ വ്യത്യാസം നിർവ്വചിക്കുന്നതിന് വിഷമകരമാണ്. ഒരു നിർവചനം ഇങ്ങനെ പറയുന്നു: ‘‘ദു:ഖാർത്തരായവരെ സഹായിക്കുന്നതിനായി ദൈവത്തെ പ്രേരിപ്പിക്കുന്ന ദൈവ സ്നേഹത്തിന്റെ ഒരു വശമാണ്; കുറ്റക്കാരോട് ക്ഷമിക്കുന്നതിനായി ദൈവത്തെ പ്രേരിപ്പിക്കുന്ന ദൈവ സ്നേഹത്തിന്റെ ഒരു വശം പോലെ.[44]

**വാക്യം 32.** തന്റെ ചർച്ചയുടെ ഈ ഭാഗം ഇങ്ങനെ പറഞ്ഞു കൊണ്ട് പൗലൊസ് അവസാനിപ്പിക്കുകയാണ്: **ദൈവം എല്ലാവരോടും കരുണ ചെയ്യേണ്ടതിന്നു എല്ലാവരെയും അനുസരണക്കേടിൽ അടച്ചുകളഞ്ഞു.**

“അടച്ചുകളഞ്ഞു” എന്ന വാക്ക് ഭാഷാന്തരം ചെയ്തിട്ടുള്ളത് συγκλείω (*sunkleiō*) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ്. ഇത് രൂപപ്പെട്ടിട്ടുള്ളത് κλείω (*kleiō*, “അടയ്ക്കുക”) എന്ന പദവും അതിന് മുൻപിലായി κλείω (*സൺ*, “ഒപ്പം, ഒരുമിച്ച്”) എന്ന പദവും ചേർന്നാണ്. മാക്കോർഡ് ഈ വാക്യത്തിന്റെ ആദ്യഭാഗത്തെ ഇങ്ങനെ തർജ്ജമ ചെയ്യുന്നു, “ദൈവം എല്ലാവരേയും അനുസരണക്കേടിൽ തടങ്കലിലാക്കി.” ഇത് ദൈവം സ്വമേധയാ നമ്മോട് ചെയ്തിട്ടുള്ളതല്ല; ഇത് നമ്മുടെ സ്വന്തം പാപത്തിന്റെ ഫലമാണ്. നമ്മുടെ പാപം മൂലം നാം എല്ലാവരും തടങ്കലിലാക്കപ്പെട്ടിരിക്കുന്നു. ഈ സ്ഥിതി അതീവനൈരാശ്യം നിറഞ്ഞതാണ്; പാപം അസഹ്യപ്പെടുത്തുകയും നിയമം കുറ്റം വിധിക്കുകയും മനഃസാക്ഷി പേടിപ്പെടുത്തുകയും അന്തിമ ന്യായവിധി ഭീഷണിയുയർത്തുകയും ചെയ്യുന്നു ... (എന്നാൽ പിന്നീട്) അന്ധകാരം പെട്ടെന്ന് ഓടി നീങ്ങുന്നു. “ദൈവം തന്നെ തടവറയുടെ വാതിലുകളെ തുറക്കുകയും പ്രകാശം ഉള്ളിലേക്ക് കടക്കുന്നതിന് അനുവദിക്കുകയും ചെയ്യുന്നു.”[45] നാം എല്ലാവരും അനുസരണക്കേട് കാട്ടിയിരുന്നതിനാൽ, നമ്മിൽ ആരെങ്കിലും രക്ഷിക്കപ്പെടുന്നതിനുള്ള ഏക അടിസ്ഥാനം ദൈവത്തിന്റെ കരുണ അല്ലെങ്കിൽ കൃപയാണ്.

സാർവത്രിക രക്ഷ പഠിപ്പിക്കുന്നതിനായി ചിലർ വാക്യം 32 ഉപയോഗിച്ചിട്ടുണ്ട്. അവർ പറയുന്നു, “എല്ലാവരും അനുസരണക്കേട് കാട്ടിയെന്നുള്ളത് സത്യം തന്നെ. എന്നാൽ, ദൈവം ആത്യന്തികമായി എല്ലാവരോടും ദയ കാണിക്കുമെന്ന് ഈ വചനഭാഗം പഠിപ്പിക്കുന്നു.” ഇത്തരത്തിലൊരു വ്യാജ ഉപദേശം സംബന്ധിച്ച് സ്റ്റോട്ട് ഇങ്ങനെ എഴുതി,

> ഈ വചനത്തെ ആധാരമാക്കി ചിലർ അവരുടെ സാർവത്രികാടിസ്ഥാനത്തിലുള്ള സ്വപ്നങ്ങൾ നെയ്തുകൂട്ടിയിട്ടുണ്. റോമാ ലേഖനത്തിലെ പശ്ചാത്തലത്തിൽ നിന്ന് മാറ്റി നിർത്തിയിട്ടുള്ള അത് ആത്യന്തികമായി സാർവത്രിക രക്ഷ വാഗ്ദാനം ചെയ്യുന്നതായി മനസ്സിലാക്കാം. “ദൈവത്തിന്റെ ഒരു കോപ ദിവസം” വരുമെന്നും അന്ന് ചിലർക്ക് “കോപവും ക്രോധവും” (2:5), “കഷ്ടവും സങ്കടവും” (2:8f) ലഭിക്കുമെന്നും പൗലൊസ് പ്രഖ്യാപിക്കുന്നതിനാൽ, റോമാ ലേഖനം ഇത്തരത്തിലൊരു വ്യാഖ്യാനം അനുവദിക്കുന്നില്ല.[46]

വാക്യം 32-ലെ പൗലൊസിന്റെ സന്ദേശം ഇതാണ്: നാം എല്ലാവരും അനുസരണക്കേട് കാട്ടുകയും നരകശിക്ഷ മാത്രമേ അർഹിക്കുന്നുള്ളുവെങ്കിലും ദൈവം അപ്പോഴും നമ്മോട് കരുണ കാട്ടുന്നതിന് ആഗ്രഹിക്കുന്നു. അവിടുന്ന് *എല്ലാവരോടും* കരുണ പ്രദർശിപ്പിക്കുന്നതിന് ആഗ്രഹിക്കുന്നു- യഹൂദനായാലും ജാതികളിൽ നിന്നുള്ള വ്യക്തിയാ ണെങ്കിലും യുവാവാണെങ്കിലും വൃദ്ധനാണെങ്കിലും പുരുഷനാണെങ്കിലും സ്ത്രീയാണെങ്കിലും സമ്പന്നനാണെങ്കിലും ദരിദ്രനാണെങ്കിലും വിദ്യാസ മ്പന്നനാണെങ്കിലും നിരക്ഷരനാണെങ്കിലും “നല്ല മനുഷ്യനാണെങ്കിലും” “ദുഷ്ടത നിറഞ്ഞ വ്യക്തിയാണെങ്കിലും” (ലോകം അളക്കാറുള്ള പോലെ). ദൈവം *നമ്മോട്* കരുണ പ്രദർശിപ്പിക്കുന്നതിന് ആഗ്രഹിക്കുന്നു. അതിനായി ദൈവത്തിന് സ്തോത്രം!

## ദൈവസ്തുതി: ദൈവത്തിന്റെ കരുണ (11:33-36)

**[33]ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു! [34]കർത്താവിന്റെ മനസ്സു അറിഞ്ഞവൻ ആർ? [35]അവന്നു മന്ത്രിയായിരുന്നവൻ ആർ? അവന്നു വല്ലതും മുമ്പെ കൊടുത്തിട്ടു പ്രതിഫലം വാങ്ങുന്നവൻ ആർ? [36]സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന്നു എന്നേക്കും മഹത്വം. ആമേൻ.**

യിസ്രായേലിനെ രക്ഷിക്കുന്നതിനുള്ള ദൈവത്തിന്റെ പദ്ധതിയെക്കുറിച്ചും എല്ലാവരോടും ദയ കാണിക്കുന്നതിനുള്ള അവിടുത്തെ ആഗ്രഹത്തെക്കുറിച്ചും ചിന്തിച്ചപ്പോൾ, പൗലൊസ് പെട്ടെന്ന് സ്തുതിയിലേക്ക് പൊട്ടിയാർക്കുകയാണ്. അദ്ധ്യായങ്ങൾ 9 മുതൽ 11-ന്റെ അവസാനം വരെ, "യഹൂദ പ്രഹേളിക" - യിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്; എന്നാൽ ആഴത്തിലുള്ള ഒരു അർത്ഥ തലത്തിൽ, ഈ ഭാഗം ദൈവത്തെക്കുറിച്ചാണ് ഊന്നിപ്പറയുന്നത്, യിസ്രായേലിനെക്കുറിച്ചല്ല.[47] ദൈവം വിശ്വാസ്യത പുലർത്തുന്നുണ്ടോ ഇല്ലയോ, ദൈവം തന്റെ വാഗ്ദാനങ്ങൾ പൂർത്തീകരിച്ചുവോ ഇല്ലയോ (കാണുക 9:6) എന്നിവയെക്കുറിച്ചാണ് അത്. ദൈവത്തിന്റെ വിശ്വസ്തത ഉറപ്പിച്ചു പറഞ്ഞതിന് ശേഷം, ദൈവം എത്ര വിസ്മയാവഹമാണെന്നുള്ള ഒരു പ്രകാശനത്തോടെ, പൗലൊസ് ഈ ഭാഗം അവസാനിപ്പിക്കുന്നു. അദ്ധ്യായം 11-നും അദ്ധ്യായം 9 മുതൽ 11-ന്റെ അവസാനം വരെയുള്ള വചനഭാഗങ്ങൾക്കും ഒപ്പം പൗലൊസ് ഇതേ വരെ പറഞ്ഞിട്ടുള്ള എല്ലാറ്റിനും അനുയുക്തമായ ഒരു പര്യവസാനം തന്നെയാണ് റോമർ 11:33-36.

33 മുതൽ 36-ന്റെ അവസാനം വരെയുള്ള വാക്യങ്ങൾ ഉറക്കെ വായിക്കേണ്ടതാണ് - നിരവധി പ്രാവശ്യം. വിശകലനം ചെയ്യുന്നതിന് മുതിരുന്നതിനേക്കാൾ, ഈ വചനഭാഗത്തിന്റെ ഓരോ വാക്കും നാം നുകർന്നു വായിക്കേണ്ടതാണ്. എങ്കിൽത്തന്നെയും പൗലൊസിന്റെ പദാവലി കൂടുതൽ അടുത്തറിയുന്നത് തീർച്ചയായും മൂല്യവത്തായിരിക്കും. ഈ വചനഭാഗത്ത് അപ്പൊസ്തലൻ ദൈവത്തെക്കുറിച്ച് നിരവധി പ്രസ്താവനകൾ നടത്തിയിട്ടുണ്ട്.

**വാക്യം 33**. അദ്ധ്യായം 11-ൽ ദൈവത്തിന്റെ ഹൃദയത്തെക്കുറിച്ചും അവിടുന്ന് പ്രവർത്തിക്കുന്ന വിധങ്ങളെക്കുറിച്ചുമുള്ള ഒരു അപൂർവ്വ അർദ്ധ വീക്ഷണം പൗലൊസ് തന്റെ വായനക്കാർക്ക് പകർന്നു നൽകുകയാണ്: യഹൂദൻമാരുടെ അനുസരണക്കേട്, ദൈവം ജാതികൾക്ക് രക്ഷിക്കപ്പെടുന്നതിനുള്ള അവസരമാക്കി മാറ്റിയെന്നും ജാതികളുടെ അനുസരണം ദൈവം എങ്ങനെ യഹൂദൻമാരുടെ അനുസരണത്തിലേക്ക് നയിക്കുന്നതിന് കാരണമാക്കി മാറ്റിയെന്നും. ദൈവത്തിന്റെ അത്ഭുതകരമായ ജ്ഞാനത്തെ സ്തുതിച്ചു കൊണ്ടാണ് അപ്പൊസ്തലൻ തന്റെ ദൈവ സ്തുതി ആരംഭിക്കുന്നത്: **ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു!**[48] ചിലർക്ക് അറിവുണ്ടെങ്കിലും അവർക്ക് ജ്ഞാനമില്ല. മറ്റുള്ളവർക്ക് ജ്ഞാനമുണ്ടെങ്കിലും അറിവ് കുറവായിരിക്കും. എന്നാൽ ദൈവത്തിന് ഇതെല്ലാമുണ്ട്. വാക്യം 33-ന്റെ ആദ്യ ഭാഗത്തിലെ മുഖ്യപദം "ആഴം" (βάθος, *bathos*). എന്നതാണ്. ദൈവത്തിന്റെ ജ്ഞാനവും അറിവും അത്രയേറെ "ആഴം"

നിറഞ്ഞതായതിനാൽ നമുക്കൊരിക്കലും അതിന്റെയൊരു അംശം പോലും ഗ്രഹിക്കുന്നതിന് കഴിയില്ല.

പൗലൊസ് തുടരുന്നു, **അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു!** ജെബി ഇങ്ങനെ പറയുന്നു, "അവിടുത്തെ ഉദ്ദേശ്യങ്ങളുടെ ഉള്ളിലേക്ക് കടന്നു ചെല്ലുന്നതിനോ അവിടുത്തെ വിധങ്ങൾ മനസ്സിലാക്കുന്നതിനോ എത്ര അസാദ്ധ്യം!" ഈ ഭാഷ യെശയ്യാവ് 55:8, 9 നമ്മെ ഓർമ്മിപ്പിക്കുന്നു: "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു."

**വാക്യം 34.** യെശയ്യാവ് 40:13 ഉദ്ധരിച്ചു കൊണ്ട്, തന്റെ പ്രസ്താവനയുടെ അർത്ഥത്തിന് ആഴം നൽകുന്നതിന് വേണ്ടിയാണ് പൗലൊസ് പഴയ നിയമത്തിൽ നിന്ന് ചൂണ്ടിക്കാട്ടുന്നത് (LXX): **യഹോവയുടെ മനസ്സു ആരാഞ്ഞറികയോ അവന്നു മന്ത്രിയായി അവനെ ഗ്രഹിപ്പിക്കയോ ചെയ്തവനാർ?** " മന്ത്രി അഥവാ ഉപദേശകൻ എന്ന പദം തർജ്ജമ ചെയ്തിട്ടുള്ളത് σύμβουλος (*sumboulos*) എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ്. ഇത് βουλή (*boulē,* ബോംലെ, "ഉപദേശം") - ഉം σύν (സൺ, "ഒപ്പം, കൂടെ") - ഉം ചേർന്ന സംയുക്ത പദമാണ് ഇത്. മാക്കോർഡ് ഇതിനെ "ഉപദേശകൻ" എന്ന് പരിഭാഷപ്പെടുത്തുന്നു. ദൈവം എന്നെങ്കിലും ഉപദേശം ചോദിച്ചിട്ടുള്ളതാരോടാണ്? വാക്യം 34-ലെ രണ്ട് ചോദ്യങ്ങൾക്കും ഉത്തരം "ആരോടുമില്ല" എന്നാണ്.

ദൈവത്തെക്കുറിച്ച് നമുക്ക് എല്ലാം അറിയില്ലെന്നതാണ് നമുക്ക് ദൈവത്തെക്കുറിച്ച് അറിയാവുന്നത് എന്ന് പൗലൊസ് ഫലത്തിൽ പറയുകയാണ്. ഒരു കപ്പിന് ഒരു സമുദ്രത്തെ ഉൾക്കൊള്ളുവാൻ സാധിക്കില്ല എന്നതു പോലെ, നമ്മുടെ പരിമിതമായ ചിന്തകൾക്ക് ദൈവത്തിന്റെ അപരിമേയമായതും അനന്തവുമായ ജ്ഞാനത്തെയും അറിവിനെയും ഗ്രഹിക്കുന്നതിന് ശേഷിയില്ല എന്നതാണ് യാഥാർത്ഥ്യം. ദൈവം സൃഷ്ടിച്ച ലോകത്തെ മനസ്സിലാക്കുന്നതിന് ശ്രമിക്കുന്നവരെ ഈ സത്യം വിനീതരാക്കേണ്ടതാണ്. ദൈവം നമുക്ക് നൽകിയ ലോകത്തെ മനസ്സിലാക്കുന്നതിന് ഉദ്യമിക്കുന്നവരെയും ഈ വസ്തുത വിനീതരാക്കേണ്ടതാണ്. നാം കൂടുതൽ അറിയുന്തോറും നമുക്ക് എത്ര മാത്രം അറിയില്ല എന്ന് നമുക്ക് അവബോധമുണ്ടാകുന്നു. ആരോ പറഞ്ഞിട്ടുണ്ട്: "അറിവിന്റെ ദ്വീപ് വിശാലമാകുന്തോറും അറിവില്ലായ്മയുടെ തീരവും വിശാലമാകുന്നു."

പൗലൊസ് ഇവിടെ ദൈവത്തെ മഹത്വപ്പെടുത്തുന്നതിന് "പ്രേരകമായിരിക്കുന്നത് നമുക്ക് ദൈവത്തെക്കുറിച്ച് എന്ത് *അറിയില്ലെ*ന്നതാണ് ... നമുക്ക് എന്ത് *അറിയാം* എന്നതല്ല"[49] എന്ന് മോറിസ് നിരീക്ഷിക്കുന്നു. പൗലോസിന് എല്ലാറ്റിനും ഉത്തരങ്ങളില്ല. അദ്ദേഹം നൽകിയിട്ടുള്ള "വിശദീകരണങ്ങൾ" അത്രത്തോളം തന്നെ ചോദ്യങ്ങൾ ഉയർത്തിയിട്ടുമുണ്ട്. ആത്യന്തികമായി, ജീവിതത്തിന്റെ പ്രശ്നങ്ങൾക്കുള്ള "തൃപ്തിപ്പെടുത്തുന്ന" ഏക ഉത്തരം, സകല ജ്ഞാനിയായ, സകലവും അറിയുന്ന, കരുണാനിധിയായ ദൈവത്തിൽ വിശ്വാസമർപ്പിക്കുക എന്നതാണ്.

**വാക്യം 35.** ദൈവത്തെക്കുറിച്ച് നമുക്ക് രണ്ടാമത് അറിയാവുന്ന വസ്തുത, നമുക്ക് ഒരിക്കലും ദൈവത്തെ കടക്കാരനാക്കിത്തീർക്കുവാൻ സാധിക്കില്ല എന്നതാണ്. ഈ വാക്യത്തിൽ, ഇയ്യോബ് 41:11-ന്റെ അന്ത:സത്ത പൗലൊസ് നൽകി: "**ഞാൻ മടക്കിക്കൊടുക്കേണ്ടതിന്നു എനിക്കു മുമ്പു കൂട്ടി തന്നതാർ?** ആകാശത്തിൻ കീഴെയുള്ളതൊക്കെയും എന്റേതല്ലയോ?"

വീണ്ടും, വ്യക്തമായ ഉത്തരം ''ആർക്കും കഴിയില്ല'' എന്നാണ്. നമുക്ക് ദൈവത്തിന് ഒന്നും നൽകാൻ സാദ്ധ്യമല്ല; കാരണം, നമ്മുടെ പക്കലുള്ളത് എല്ലാം ദൈവത്തിൽ നിന്ന് ഉത്ഭവിച്ചതും ഇപ്പോഴും ദൈവത്തിന്റേതുമാണ്; നാം വെറും സൂക്ഷിപ്പുകാർ മാത്രമാണ്. മന്ദിരം പണിയുന്നതിനായി ഉപ യോഗിക്കുന്നതിന് ദാനമർപ്പിച്ചപ്പോൾ ദാവീദ് പ്രാർത്ഥിച്ചത് ഇങ്ങനെയാണ്, ''എന്നാൽ ഞങ്ങൾ ഇങ്ങനെ ഇത്ര മനഃപൂർവ്വമായി ദാനം ചെയ്യേണ്ടതിന്നു പ്രാപ്തരാകുവാൻ ഞാൻ ആർ? എന്റെ ജനവും എന്തുള്ളു? സകലവും നിങ്കൽനിന്നല്ലോ വരുന്നതു; നിന്റെ കയ്യിൽനിന്നു വാങ്ങി ഞങ്ങൾ നിനക്കു തന്നതേയുള്ളു'' (1 ദിന. 29:14).

നമുക്ക് ദൈവത്തെ ഭൗമീക വിഷയങ്ങളിൽ കടക്കാരനാക്കിത്തീർക്കുവാൻ സാധിക്കില്ല എന്നിരിക്കെ, ആത്മീയ വിഷയങ്ങളിൽ ഇത് രണ്ടിരട്ടി ശരിയാണ്. ദൈവത്തിന്റെ കൽപ്പനകൾ പാലിക്കുന്നത് നമ്മുടെ രക്ഷയ്ക്ക് വളരെയേറെ പ്രധാനപ്പെട്ടതാണ് - അത്യന്താപേക്ഷിതമാണ്. എങ്കിലും, നമ്മുടെ അന നുസരണം ദൈവത്തെ നമ്മുടെ കടക്കാരനാക്കി മാറ്റുന്നില്ല. നാം കൃപയാൽ രക്ഷിക്കപ്പെടാ ത്തിടത്തോളം നാം രക്ഷിക്കപ്പെടുന്നില്ല തന്നെ.

**വാക്യം 36**. അന്തിമമായി, നമ്മുടെ ദൈവം വർണ്ണനയ്ക്കതീതമായി നമ്മിൽ വിസ്മയം നിറയ്ക്കുന്നവനാണ് ദൈവമെന്ന് നമുക്ക് അറിയുവാൻ കഴിയും. പൗലൊസ് പറയുന്നു, **സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ;** ശാരീരികമായ സൃഷ്ടി സംബന്ധിച്ച് ഇത് സത്യമാണ്. ഗുഡ്സ്പീഡ് പരിഭാഷ ഇങ്ങനെ പറയുന്നു: ''സകലവും അവനിൽ നിന്ന് വരുന്നു; സകലവും അവനിലൂടെ നില നിൽക്കുന്നു; സകലവും അവനിൽ സമാപിക്കുന്നു.'' ദൈവത്തെക്കുറിച്ച് മോറിസ് എഴ ുതി: ''പ്രോദ്ഘാടകനും നിലനിർത്തുന്നവനും എല്ലാ സൃഷ്ടിയുടെയും ലക്ഷ്യവും.''[50] എങ്കിൽത്തന്നെയും, ഈയൊരു വചനപ്രയോഗം ഭൗത ീകമായ അർത്ഥത്തിലേക്ക് മാത്രം പരിമിതപ്പെടുത്തുന്നതിന് കഴിയില്ല; ഇതിന് ആത്മീയമായ ഒരു അർത്ഥതലവുമുണ്ട്. നമ്മുടെ രക്ഷയും ''കർത്താവിൽ നിന്നുള്ളതും കർത്താവിലൂടെയുള്ളതും കർത്താവിലേക്കുള്ളതും'' ആണല്ലോ. അവിടുന്ന് നമ്മുടെ സ്രോതസ്സും ശക്തിയും ലക്ഷ്യവും ആകുന്നു.

ഇവയെല്ലാം മുൻനിർത്തിക്കൊണ്ട്, പൗലൊസ് ഇങ്ങനെ ഉപസംഹരിക്കുന്നു: **അവന് എന്നേക്കും മഹത്വം**. ദൈവത്തിനുള്ള മഹത്വം നാം ഏതെങ്കിലും വ്യക്തിക്ക് നൽകാതിരിക്കുക. ''എന്റെ ബലവും എന്റെ ഗീതവും യഹോവയത്രേ; അവൻ എനിക്കു രക്ഷയായ് തീർന്നു. അവൻ എന്റെ ദൈവം; ഞാൻ അവനെ സ്തുതിക്കും; അവൻ എന്റെ പിതാവായ ദൈവം; ഞാൻ അവനെ പുകഴ്ത്തും'' (പുറ. 15:2). **ആമേൻ!**

റോമാ ലേഖനത്തിന്റെ വൈഷമ്യകരമായ ഈ ഭാഗം അങ്ങനെ അവസാന ിക്കുന്നു (അദ്ധ്യായം 9 മുതൽ 11 അവസാനം വരെ). ചർച്ച ചെയ്യപ്പെട്ട, കുഴപ്പിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും പൗലൊസ് ഉത്തരങ്ങൾ നൽകിയില്ല; അതേ സമയം തന്നെ, ആ ചോദ്യങ്ങൾ അപ്രധാനമാണെന്ന് സൂചിപ്പിച്ചുമില്ല. അതിന് പകരമായി, അദ്ദേഹം ചില ഉൾക്കാഴ്ചകൾ നൽകുകയും ഫലത്തിൽ ഇങ്ങനെ പറഞ്ഞവസാന ിപ്പിക്കുകയുമാണ്, ''*ദൈവത്തിന്റെ* പക്കൽ എല്ലാറ്റിനും ഉത്തരങ്ങളുണ്ട്. *അവി ടുത്തെ* വിശ്വാസമർപ്പിക്കുക.'' ഈ ഭാഗം അവസാനിക്കുന്നത് ആത്മവിശ്വാ സത്തിന്റെ സ്വരത്തോടെയാണ്.

**പൗലൊസിന്റെ പഴയ നിയമ ഉപയോഗം (അദ്ധ്യായങ്ങൾ 9-11)**

റോമർക്കുളള തന്റെ ലേഖനത്തിൽ പൗലൊസ് പലപ്പോഴും പഴയ നിയമത്തിൽ നിന്ന് ഉദ്ധരിച്ചിട്ടുണ്ട്. ‘‘യഹൂദ പ്രഹേളിക’’ സംബന്ധിച്ച ഭാഗത്ത് (അദ്ധ്യായം 9 മുതൽ 11 അവസാനം വരെ) പ്രകടമാകുന്ന അത്രയും മറ്റ് സ്ഥലങ്ങളിൽ ഇത് പ്രകടമല്ല. പൗലൊസ് പഴയ നിയമ വചന ഭാഗം ഉദ്ധരിക്കുകയായിരുന്നുവോ അതോ പഴയ നിയമ വചന ഭാഗത്തിന് സമാന മായ പദങ്ങൾ പ്രയോഗിക്കുക മാത്രമായിരുന്നുവോ എന്ന് എപ്പോഴും പറയുന്നതിന് എളുപ്പമല്ല. അതിനാൽ, റോമാ ലേഖനത്തിന്റെ ഈ ഭാഗത്ത് എത്ര ഉദ്ധരണികളുണ്ടെന്ന് നമുക്ക് അറിയില്ല. ഇരുപതു[51] മുതൽ മുപ്പത്[52] വരെ കണക്കാക്കപ്പെടുന്നുണ്ട്. എങ്കിലും, ഈ മൂന്ന് അദ്ധ്യായങ്ങളിൽ പൗലൊസ് പഴയ നിയമം സമൃദ്ധമായി ഉദ്ധരിച്ചിട്ടുണ്ടെന്ന് എല്ലാ വ്യാഖ്യാതാക്കളും ഒരേ പോലെ സമ്മതിക്കുന്നുണ്ട്.

നാം ചർച്ച ചെയ്യുന്ന ഈ ഭാഗത്തെ പഴയ നിയമ വചന ഭാഗങ്ങൾ ശ്രദ്ധാപ രൂർവ്വം പഠിക്കുന്നുവെങ്കിൽ, ചിലപ്പോൾ പൗലൊസ് പഴയ നിയമത്തിൽ നിന്ന് വാക്കുകൾ അതേ പോലെ തന്നെ ഉപയോഗിച്ചിട്ടുളളതായി കാണാം (പെ ാതുവെ LXX-ൽ നിന്ന്). ചിലപ്പോൾ അദ്ദേഹം, പഴയ നിയമ വചന ഭാഗങ്ങൾ സ്വന്തം വാക്കുകളിൽ എഴുതി. ചിലപ്പോൾ പഴയ നിയമ വചനത്തിന്റെ അടിസ്ഥാന ആശയം നൽകുക മാത്രം ചെയ്തു. മറ്റ് ചിലപ്പോഴാകട്ടെ, പല പഴയ നിയമ പരാമർശങ്ങൾ സംയോജിപ്പിച്ചു. കൂടുതലായി, ചിലപ്പോൾ അദ്ദേഹം പഴയ നിയമ വചനത്തിന്റെ യഥാർത്ഥ അർത്ഥത്തിൽ നിന്ന് വിഭിന്നമായ ഒരു അർത്ഥം നൽകി അവതരിപ്പിക്കുകയും ചെയ്തു.

പൗലൊസിന്റെ പഴയ നിയമ വചന ഭാഗങ്ങളുടെ ഉപയോഗത്തെക്കുറിച്ചുളള നിരീക്ഷണങ്ങൾ താഴെച്ചേർക്കുന്നു:

1. ദൈവം യഹൂദർക്ക് നൽകിയിട്ടുണ്ടായിരുന്ന വാഗ്ദാനങ്ങളിൽ നിന്ന് അവിടുന്ന് പിൻവാങ്ങിയിട്ടില്ല എന്ന് യഹൂദർക്ക് ഉറപ്പു നൽകുകയായിരുന്നു പൗലൊസിന്റെ പ്രാഥമിക ഉദ്ദേശ്യം. അതിനാൽ അദ്ദേഹം യഹൂദർ ആധികാരിക പ്രമാണമായി പരിഗണിച്ചിരുന്ന പഴയ നിയമത്തിലെ പരാമർശങ്ങൾ നടത്തിക്കൊണ്ട്, അവർക്ക് പരിചിതമായ യുക്തി ചിന്തകൾ തന്നെ ഉപ യോഗിച്ചു. റിച്ചാർഡ് എ. ബേറ്റി ഇങ്ങനെ എഴുതി: ‘‘പൗലൊസിന്റെ പഴയ നിയമ ഉപയോഗം, അദ്ദേഹത്തിന്റെ കാലത്തെ യഹൂദ റബ്ബിമാർ വ്യാഖ്യാനം നടത്തുന്നതിന് സ്വീകരിച്ചിരുന്ന സമ്പ്രദായവുമായി ഒത്തു പോകുന്നതാണ്. ഒന്നാം നൂറ്റാണ്ടിലെ അദ്ദേഹത്തിന്റെ കാലത്തെ യഹൂദ നേതാക്കളെ സംബ ന്ധിച്ചിടത്തോളം, അദ്ദേഹത്തിന്റെ വാദങ്ങൾക്കും തിരുവചനങ്ങൾ ഉപ യോഗിച്ചിരുന്ന രീതിയ്ക്കും ആശയങ്ങൾ വ്യക്തമായി ബോദ്ധ്യപ്പെടുത്തുന്ന മുന്തിയ ഗുണം സഹജമായുണ്ടായിരുന്നിരിക്കണം.’’[53]

2. പൗലൊസിന്റെ തിരുവചനങ്ങളുടെ ഉപയോഗം, നാം ഇന്ന് അവ ഉപ യോഗിക്കുന്നതിൽ നിന്ന് അത്ര വ്യത്യസ്തമായിരുന്നില്ല. നാം വചനഭാഗങ്ങളുടെ കഷണങ്ങൾ ഉപയോഗിക്കുന്നു. ഇന്നത്തെ പ്രശ്നങ്ങളെ ഉൾപ്പെടുത്തുന്നതിന ായി നാം വചന ഭാഗങ്ങളുടെ പ്രയോഗത്തെ വിപുലീകരിക്കുന്നു (‘‘ഒരു വീടു തന്നിൽ തന്നേ ഛിദ്രിച്ചു എങ്കിൽ ആ വീട്ടിന്നു നിലനില്പാൻ കഴികയില്ല.’’; കാണുക മർക്കൊസ് 3:25). ‘‘എന്റെ കണ്ണിന്റെ കൃഷ്ണമണി’’ (കാണുക

17:8)-യും ''വസ്ത്രത്തിന്റെ തൊങ്ങൽ'' (കാണുക മത്തായി 9:20; കെജെവി) പോലെ, നാം തിരുവചനങ്ങളിൽ നിന്ന് പ്രയോഗശൈലികൾ കടമെടുത്ത് അലങ്കാരപ്രയോഗങ്ങളായി ഉപയോഗിക്കുക പോലും ചെയ്യുന്നു.

3. പൗലൊസ് ദൈവത്താൽ പ്രചോദിതനായാണ് എഴുതിയത്. പരിശുദ്ധാത്മാവിലൂടെ, പഴയ നിയമ വചന ഭാഗങ്ങളെ എങ്ങനെ അനുയുക്തമായി ഉപയോഗിക്കാമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. നാം അത്തരത്തിൽ പ്രചോദിതരല്ലാത്തതിനാൽ, പഴയ നിയമ വചന ഭാഗങ്ങളുടെ പരാമർശങ്ങൾ ഉപയോഗിക്കുന്നതിൽ നാം ശ്രദ്ധ പുലർത്തേണ്ടതാണ്.

**ഒരിക്കലും ഉപേക്ഷിക്കുന്നില്ല! (അദ്ധ്യായം 11)**

ഒരു ജനതയെന്ന നിലയിൽ, യഹൂദർ യേശുവിനെ തിരസ്കരിക്കുകയും അതിലൂടെ ദൈവത്തെ തിരസ്കരിക്കുകയും ചെയ്തു. പരിണിത ഫലമായി, ദൈവം അവരെ തിരസ്കരിച്ചു. ഇതിന്റെ അർത്ഥം ദൈവം അവരെ ഉപേക്ഷിച്ചുവെന്നാണോ? തീർച്ചയായും ഇല്ല. പൗലൊസിനെയും മറ്റ് യഹൂദൻമാരെയും (11:1–10) സ്വീകരിച്ചതിലൂടെ, തങ്ങളുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുകയും യേശുവിൽ വിശ്വസിക്കുകയും ചെയ്ത എല്ലാ യഹൂദരെയും സ്വീകരിക്കുന്നതിനുള്ള തന്റെ സന്നദ്ധത ദൈവം പ്രദർശിപ്പിക്കുകയാണ് ചെയ്തത്. കൂടുതലായി, യഹൂദൻമാരെക്കുറിച്ച് തനിക്ക് ഇപ്പോഴും കരുതലുണ്ട് എന്നതിന്റെ തെളിവായി, ജാതികളെ രക്ഷയിലേക്ക് സ്വീകരിച്ചുകൊണ്ട്, യഹൂദൻമാർ തന്നിലേക്ക് മടങ്ങുന്നതിനായി ദൈവം ഉണർത്തുകയായിരുന്നു.

പാപികൾ മടങ്ങി വരുമ്പോൾ അവരെ സ്വീകരിക്കുന്നതിനുള്ള സന്നദ്ധത ദൈവം *ഉപേക്ഷിക്കുന്നില്ല.* റോമർ 1-ാം അദ്ധ്യായം പഠിപ്പിക്കുന്നത്, ദൈവം ചിലപ്പോൾ പാപികളെ പാപങ്ങളിൽ ഏൽപ്പിച്ചു കൊടുക്കുകയും അവരുടെ പ്രവർത്തികളുടെ പരിണിതഫലങ്ങൾ അനുഭവിക്കുന്നതിനായി അനുസ രണക്കേടിൽ തുടരുന്നതിന് അവരെ അനുവദിക്കുകയും ചെയ്യുന്നുവെന്നാണ്. എങ്കിൽത്തന്നെയും, ഏറെ വൈകിപ്പോകുന്നതിന് മുൻപായി പാപികൾ അവരുടെ വഴികളിലെ തെറ്റ് തിരിച്ചറിയുന്നതിന് അവസരം നൽകുകയെ ന്നതാണ് ഇതിലെ ദൈവീകോദ്ദേശ്യം. ദൈവം പാപികളെ അവരുടെ പാപങ്ങൾക്ക് ഏൽപ്പിച്ചു ''കൊടുത്തേക്കാം'' എന്നാൽ അവരെ ഉപേക്ഷിച്ചു ''കളയുന്നില്ല.'' അവരുടെ ശരീരങ്ങളിൽ ജീവനുള്ളിടത്തോളം, ദൈവം എപ്പോഴും അവരെ മടക്കി സ്വീകരിക്കുന്നതിനുള്ള ഉത്സുകതയോടെ അവരുടെ മടങ്ങി വരവിനായി കാത്തിരിക്കുന്നു (കാണുക ലൂക്കൊസ് 15:20–24).[54]

നമ്മെ എത്ര മാത്രം ഉത്തേജിപ്പിക്കുന്ന ഒരു സത്യമാണിത്! നിങ്ങൾക്ക് പ്രിയപ്പെട്ടവരിലാരെങ്കിലും യേശുവിന്റെ രക്ഷയെ സ്വീകരിച്ചിട്ടില്ലെങ്കിൽ, ഇത് നിങ്ങളിൽ ഉൽസാഹം പകരേണ്ടതാണ്. കർത്താവിന് വേണ്ടി ആത്മാക്കളെ നേടുന്നതിനുള്ള നിങ്ങളുടെ ഉദ്യമങ്ങൾ ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് അത് നിങ്ങൾക്ക് കാരണമാകേണ്ടതാണ്. ദൈവം അവരെ ഉപേക്ഷിച്ചിട്ടില്ലെങ്കിൽ, നാമും ഉപേക്ഷിക്കരുത്. ദൈവവുമായുള്ള നിങ്ങളുടെ ബന്ധം ശരിയായ നിലയിലല്ലെങ്കിൽ, കർത്താവ് നിങ്ങളെ ഉപേക്ഷിച്ചു കളഞ്ഞിട്ടില്ലെന്ന് തിരിച്ചറിയുന്നത് എത്ര വിസ്മയകരമാണ്!

**ഒരു മേശ ഒരു കണി? (11:9, 10)**

റോമർ 11:9, 10-ൽ പൗലൊസ് സങ്കീർത്തനം 69:22, 23-ൽ നിന്ന് ദാവീദിന്റെ വാക്കുകൾ ഉദ്ധരിക്കുകയാണ്:

അവരുടെ മേശ അവർക്കു
കണിയും കുടുക്കുംഇടർച്ചയും
പ്രതികാരവുമായിത്തീരട്ടെ; അവരുടെ കണ്ണു കാണാത്തവണ്ണം
ഇരുണ്ടുപോകട്ടെ;അവരുടെ
മുതുകു എല്ലായ്പോഴും കുനിയിക്കേണമേ.

ഈ ഉദ്ധരണിയുടെ ഒരു ഭാഗം, പ്രത്യേകിച്ച് വേദപുസ്തക വിദ്യാർത്ഥികളുടെ ശ്രദ്ധയാകർഷിച്ചിട്ടുള്ളതാണ്. ''അവരുടെ മേശ അവർക്കു കണിയും കുടുക്കും'' ആയിത്തീരട്ടെ. ഇവിടെ ചോദിക്കപ്പെടുന്ന ചോദ്യം, ''ഒരു മേശ എങ്ങനെയാണ് കണിയും കുടുക്കുമായിത്തീരുക?'' എന്നതാണ്. വ്യത്യസ്ത വ്യാഖ്യാനങ്ങളിൽ ചില അനുമാനങ്ങൾ പ്രതിഫലിക്കപ്പെടുന്നുണ്ട്.

''അവരുടെ ഭക്ഷണം അവർക്ക് ഒരു കണിയിലകപ്പെടുത്തുന്നതിനുള്ള ഒരു ഇരയാക്കിത്തീർക്കുക ...'' (സിഇവി).

''അവർ അവരുടെ വിരുന്നുകളിൽ പിടിക്കപ്പെടുകയും കണിയിൽ കുടുക്കപ്പെടുകയും ചെയ്യട്ടെ ...'' (ടിഇവി).[55]

''അവരുടെ നല്ല ഭക്ഷണവും മറ്റ് അനുഗ്രഹങ്ങളും, തങ്ങൾക്കും ദൈവത്തിനുമിടയിൽ എല്ലാം ശരിയാണെന്ന് ചിന്തിക്കുന്നതിലൂടെ അവരെ കണിയിലകപ്പെടുത്തട്ടെ ...'' (എൽബി).

''സ്വയം വിളമ്പുന്ന ഭക്ഷണം കഴിച്ച് അവർക്ക് അസുഖമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു ...'' (എംഎസ്ജി).

വേദപുസ്തകത്തിലുടനീളം, ''മേശ'' അനുഗ്രഹത്തിന്റെയും കൂട്ടായ്മയുടെയും ഒരു പ്രതീകമാണ് (സങ്കീ. 23:5). തന്റെ ശത്രുക്കൾ ആശ്രയം വെച്ചതും ആശ്വാസം കണ്ടെത്തിയതുമെന്താണോ, അത് അവരുടെ വീഴ്ചയ്ക്ക്കാരണമാകണമെന്ന് മാത്രം ഒരു പക്ഷേ ദാവീദ് ചോദിക്കുകയായിരുന്നിരിക്കാം. തന്റെ സമകാലീനരായ യഹൂദരിൽ ഇത് ആലങ്കാരികമായി പ്രായോഗിക്കുന്നതിന് പൗലൊസ് ഉദ്ദേശിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ, അവർ ആശ്രയം വെച്ചിരുന്ന ''മേശ'' യുടെ ഒരു ഉദാഹരണം മോശെയുടെ ന്യായപ്രമാണമായിരുന്നു. ന്യായപ്രമാണത്തോട് ഒട്ടിപ്പിടിച്ചു നിൽക്കുന്നതിനുള്ള അവരുടെ ആഗ്രഹം തന്നെ അവർക്ക് ഒരു കെണിയും കുടുക്കുമായിത്തീർന്നിരുന്നു. ഒന്നാം നൂറ്റാണ്ടിലെ യഹൂദൻമാരിൽ ''മേശ'' - യുടെ പരാമർശം പ്രയോഗിക്കപ്പെടാവുന്നതിന് ഇനിയും മറ്റൊരു മാർഗ്ഗം ലാറി ഡീസൺ പ്രസ്താവിച്ചിട്ടുണ്ട്:

> ദൈവം യിസ്രായേലിന് മുൻപിൽ അത്യന്തം വിഭവ സമൃദ്ധമായ ഒരു മേശയൊരുക്കി, അതിൽ *മശിഹാ*യെയും (എന്നാൽ ക്രിസ്തുവിനെ കാണുന്നതിന് അവർ വിസമ്മതിച്ചു), *നീതി* എന്ന സൗജന്യ വരവും (എന്നാൽ അവർ അത് തിരസ്കരിച്ചു) പാപക്ഷമയുടെയും അന

രുരഞ്ജനത്തിന്റെയും *സുവിശേഷവും* (എന്നാൽ അവർ അതിന് ചെവി കൊടുത്തില്ല) വിളമ്പി. അവരുടെ അവിശ്വാസം ആ മശിഹാ-സംബന്ധിത വിരുന്നിനെ, അവരുടെ മേൽ ദൈവീക ന്യായവിധി പതിക്കുന്നതിനുള്ള ഒരു കണിയാക്കിത്തീർത്തു.[56]

**ശാപവചനങ്ങളുൾക്കൊള്ളുന്ന സങ്കീർത്തനങ്ങൾ? (11:9, 10)**

ദൈവത്തോട് തന്റെ ശത്രുക്കളെ ശിക്ഷിക്കുന്നതിനായി ആവശ്യപ്പെടുന്ന, സങ്കീർത്തനം 69 പോലെയുള്ള സങ്കീർത്തനങ്ങളെക്കുറിച്ച് ചിലർ അമ്പരക്കാറുണ്ട്. ''ശാപവചനങ്ങളുൾക്കൊള്ളുന്ന സങ്കീർത്തനങ്ങൾ'' എന്നാണ് ഇത്തരത്തിലുള്ള സങ്കീർത്തനങ്ങളെ വിളിക്കുന്നത്. ഏറ്റവും കുറഞ്ഞത് രണ്ട് അഭിപ്രായങ്ങൾ ക്രമത്തിലാണ്. ഒന്നാമത്തേത്, പ്രതികാരം ദൈവത്തിന് വിടുകയാണ് (കാണുക റോമർ 12:19). രണ്ടാമത്തേത്, ''കണ്ണിന് പകരം കണ്ണ്'' (പഴയ നിയമം) എന്ന് പഠിപ്പിച്ച ഉടമ്പടിയുടെ ഭാഗമായിരുന്നു ആ സങ്കീർത്തനങ്ങൾ; ''ഒരു ചെകിടിൽ അടിക്കുന്നവന് മറ്റേ ചെകിടും കാണിച്ചു കൊടുക്കുക'' എന്ന ഉടമ്പടിയുടെ (പുതിയ നിയമം) ഭാഗമായിരുന്നില്ല (കാണുക പുറ. 21:24; മത്തായി 5:38, 39; റോമർ 12:18–21).

**അഹന്തയുയർത്തുന്ന പ്രശ്നം (11:18)**

റോമർക്കുള്ള ലേഖനത്തിൽ (11:18) അഹന്തയെന്ന പ്രത്യേക പ്രശ്നത്തെക്കുറിച്ച് പൗലൊസ് എന്തു കൊണ്ടാണ് എഴുതിയിരിക്കുന്നതെന്ന് നമുക്ക് അറിയില്ല. റോമിലെ സഭയിലെ ജാതികളും യഹൂദൻമാരും പരസ്പരമുള്ള സംഘർഷത്തെക്കുറിച്ച് പൗലൊസിന് അറിവുണ്ടായിരുന്നു വെന്നതിനും ഇത്തര മൊരു സ്ഥിതിവിശേഷം കൈകാര്യം ചെയ്യുന്നതിന് വേണ്ടിയായിരുന്നു പൗലൊസ് ഇത് എഴുതിയത് എന്നതിനും ഒരു സാദ്ധ്യതയുണ്ട്.[57] മൊത്തത്തിൽ, റോമിലെ സഭയുടെ ആത്മീയ നില നല്ലതായിരുന്നു (കാണുക 1:8); എന്നാൽ ഒരു സഭയും പൂർണ്ണതയുള്ളതല്ല. മെച്ചപ്പെടേണ്ട ആവശ്യകതയുള്ള മേഖലകൾ എപ്പോഴുമുണ്ട്. റോമാ സാമ്രാജ്യത്തിലുടനീളം സന്ദർശനം നടത്തിയപ്പോൾ, പൗലൊസ് ഇതേ പ്രശ്നം മറ്റ് കൂട്ടായ്മകളിലും കണ്ടിരുന്നുവെന്നും റോമിൽ അത്തരത്തിലൊരു പ്രശ്നം വഷളായിത്തീരുന്നത് തടയുന്നതിനായി ഈ ലേഖനത്തിൽ ഉപദേശങ്ങൾ ചേർത്തിരിക്കാമെന്നുമുള്ളതിനാണ് മറ്റൊരു സാദ്ധ്യതയുള്ളത്. ഒരു പക്ഷേ, മറ്റുള്ളവരേക്കാൾ ശ്രേഷ്ഠനാണെന്ന തോന്നലുണ്ടാകുന്നതിനെതിരായി ശക്തമായ മുന്നറിയിപ്പ് നമുക്ക് എല്ലാവർക്കും ആവശ്യമാണെന്ന് മനസ്സിലാക്കി പരിശുദ്ധാത്മാവ് ഈ വാക്കുകൾ എഴുതുന്നതിനായി പൗലൊസിന് പ്രചോദനം നൽകിയതാണെന്നും അത് ഇന്ന്വരെ നമുക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു എന്നതിനും സാദ്ധ്യതയുണ്ട്.

''മറ്റെല്ലാ പാപങ്ങളും വളരുന്ന നിലം''[58] എന്ന് അഹന്തയെ വിളിക്കുന്നു. അഹന്തയെ ആളുകൾ ചിലപ്പോൾ മാത്രം തുറന്നു പറയുന്ന ഒരു തിൻമയായി സി. എസ്. ലൂയിസ് നിരീക്ഷിച്ചു:

> ഈ ലോകത്തെ ഒരു മനുഷ്യനും മുക്തമല്ലാത്ത, എന്നാൽ മറ്റാരെങ്കിലും അത് കാണുമ്പോൾ എല്ലാവരും വെറുപ്പോടെ കാണുന്ന ഒരു തിൻമയുണ്ട്; തങ്ങളിൽ ഈ തിൻമയുണ്ട് എന്ന് ക്രിസ്തീയ വിശ്വാസികളൊഴിച്ച്

മറ്റേതെങ്കിലുമൊരു വ്യക്തി ഒരിക്കലും അനുമാനിക്കാത്ത ഒരു പാപം. തങ്ങൾ മുൻകോപികളാണെന്നോ സ്ത്രീവിഷയത്തിലോ മദ്യപാനത്തിലോ തങ്ങൾക്ക് ബലഹീനതയു ണ്ടെന്നോ തങ്ങൾ ഭീരുക്കളാണെന്നോ പോലും ആളുകൾ തുറന്നു സമ്മതിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ, ക്രിസ്തീയ വിശ്വാസി യല്ലാത്ത ഏതെങ്കിലുമൊരു വ്യക്തി ഈ തിൻമ തന്നിലുണ്ടെന്ന് സ്വയം കുറ്റപ്പെടുത്തുന്നതായി ഒരിക്കലെങ്കിലും ഞാൻ കേട്ടിട്ടുണ്ടെന്ന് കരുതുന്നില്ല. ... ഒരു വ്യക്തിയെ മറ്റുള്ളവർക്കെല്ലാം അപ്രിയനാക്കി ത്തീർക്കുന്ന ഇതിനേക്കാൾ വലിയ മറ്റൊരു തിൻമയുമില്ല; ഒപ്പം നമ്മിലുണ്ടെന്ന് നാം അറിയാതെ പോകുന്ന ഇതിനേക്കാൾ വലിയ മറ്റൊരു തിൻമയുമില്ല; കൂടാതെ, നമ്മിൽ എത്രയധികം ഉണ്ടോ അത്രയും അത് മറ്റുള്ളവരിൽ നാം വെറുക്കുന്നു.[59]

ഒരു പക്ഷേ നാം ശ്രദ്ധിക്കേണ്ട ഒരു വസ്തുതയുണ്ട്: പാപകരമായ അഹന്തയും അനുവദനീയമായ അഭിമാനവുമുണ്ട്. 11:13-ലെ ''പുകഴ്ത്തുന്നു'' എന്ന വാക്ക് (δοξάζω, *doxazō*) ''അഭിമാനം കൊള്ളുക'' (''അഭിമാനിക്കുക''; വേമൗത്ത്) എന്ന് പരിഭാഷപ്പെടുത്താം. ഒരു പരിധി വരെ, നാം കണ്ടു മുട്ടുന്ന വ്യക്തികളിൽ മതിപ്പുളവാക്കുന്നതിന് നമ്മുടെ ബാഹ്യരൂപത്തിൽ നാം അഭിമാനിക്കേണ്ടതാണ്. നാം ചെയ്യുന്ന തൊഴിലിനെക്കുറിച്ച് നാം അഭിമാനം കൊള്ളുകയും ഏറ്റവും നന്നായി ജോലിയെടുക്കുകയും ചെയ്യേണ്ടതാണ്. മറ്റുള്ളവർ കൈവരിച്ചിട്ടുള്ള നേട്ടങ്ങളെക്കുറിച്ച് അഭിമാനം കൊള്ളുന്നതിൽ തെറ്റൊന്നുമില്ല (കാണുക 2 കൊരി. 1:14). മറ്റുള്ളവരേക്കാൾ താൻ ഉത്തമനാണ് എന്നുള്ള ആളുകൾ പ്രദർശിപ്പിക്കുന്ന ധാർഷ്ട്യം നിറഞ്ഞ മനോഭാവമാണ് പൗലൊസ് തെറ്റാണെന്ന് വിധിച്ചത്.

നമ്മിൽ പലർക്കും സദൃശവാക്യങ്ങൾ 16:18 (കെജെവി പരിഭാഷ) ''നാശത്തിന്നു മുമ്പെ ഗർവ്വം; വീഴ്ചയ്ക്ക് മുമ്പെ ഉന്നതഭാവം'' എന്ന വചനം പരിചിതമായിരിക്കും.[60] ''വീഴ്ചയ്ക്ക് മുൻപായി അഹന്ത പോകുന്നു'' എന്ന് അത് നാം ചുരുക്കിയിട്ടുണ്ട്. ആ വാക്കുകൾ കേൾക്കുമ്പോൾ, അഹന്തയുള്ള തവളയുടെ നാടോടിക്കഥയാണ് എനിക്ക് ഓർമ്മ വരുന്നത്. രണ്ട് താറാവുകളുമായി ഈ തവള ചങ്ങാത്തത്തിലായി. ഒരു ദിവസം, അവർ ജീവിച്ചിരുന്ന കുളം വറ്റി. താറാവുകൾക്ക് പുതിയൊരു കുളത്തിലേക്ക് പറന്നു പോകുന്നതിന് കഴിയും. എന്നാൽ അവരുടെ കൂട്ടുകാരനായ തവളയ്ക്ക് എന്താണ് ചെയ്യുവാൻ കഴിയുക? ഒടുവിൽ അവർ ഒരു തീരുമാനത്തിലെത്തി: താറാവുകൾ അവരുടെ കൊക്കുകൾക്കിടയിൽ ഒരു കമ്പ് ഉറപ്പിച്ചു വെക്കുകയും അതിൽ കടിച്ചു തൂങ്ങിക്കിടക്കുന്ന തവളയുമായി അവർ പറക്കുകയും ചെയ്യും. അങ്ങനെ അവർ പറക്കുന്നതിനിടയിൽ, പാടത്ത് പണിയെടുത്തിരുന്ന ഒരു കർഷകൻ തലയുയർത്തി അവരെ നോക്കി. അയാൾ വിളിച്ചു കൂവി, ''എന്തൊരു ഗംഭീരൻ ആശയം! ആരായിരിക്കും ഇങ്ങനെയൊരു മാർഗ്ഗം ചിന്തിച്ചത്? തവള താഴേക്ക് നോക്കി പറഞ്ഞു: ''ഞാൻ തന്നെ, അല്ലാതാര്!'' അടുത്ത നിമിഷത്തിൽ തവള താഴേക്ക് വീണു പിടഞ്ഞു മരിച്ചു. ''വീഴ്ചയ്ക്ക് മുൻപായി അഹന്ത പോകുന്നു.''

ഒരിക്കൽ അല്ലെങ്കിൽ മറ്റൊരിക്കൽ, ഒരു പക്ഷേ നാമെല്ലാവർക്കും ഈ ഗർവ്വ് അല്ലെങ്കിൽ തലക്കനം നമ്മെ ബാധിച്ചേക്കാം. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തീയ വിശ്വാസികൾക്ക് അഹന്തയുണ്ടാകേണ്ട യാതൊരു

കാരണവുമില്ലായിരുന്നുവെന്ന് റോമർ 11:18 സ്ഥാപിക്കുന്നു – എങ്കിൽ നമുക്കും ഗർവ്വുണ്ടാകേണ്ടതില്ല. നാം എല്ലാവരും പാപികളും ഒരിക്കൽ മരണം മാത്രം അർഹിക്കുന്നവരുമായിരുന്നു (3:23; 6:23). നാം രക്ഷിക്കപ്പെട്ടത് ദൈവത്തിന്റെ കൃപയാലാണ്, നമ്മുടെ വ്യക്തിഗതമായ യോഗ്യത കൊണ്ടല്ല. ഐസക് വാട്ട്സ് ഇങ്ങനെ എഴുതി,

> മഹത്വത്തിന്റെ രാജാവ് മരിച്ച
> വിസ്മയകരമായ ക്രൂശിനെപ്പറ്റിയോർമ്മിക്കുമ്പോൾ,
> എന്റെ സമൃദ്ധിയാർന്ന നേട്ടമായി എണ്ണുന്നത്
> എന്റെ ഗർവ്വിലാകെ അവജ്ഞയൊഴിക്കുന്നു.[61]

പത്രൊസ് ഇങ്ങനെ എഴുതി: ''അവ്വണ്ണം ഇളയവരേ, മൂപ്പന്മാർക്കു കീഴടങ്ങുവിൻ. എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ; ദൈവം നിഗളികളോടു എതിർത്തുനില്ക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നല്കുന്നു; അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ'' (1 പത്രൊസ് 5:5, 6).

**ദൈവവും യിസ്രായേലും (11:25, 26)**

റോമാ ലേഖനത്തിലെ മനസ്സിലാക്കുന്നതിന് ഏറ്റവും ദുഷ്കരമായ വാക്യങ്ങളിലൊന്നാണ് റോമർ 11:25, 26. ഈ വചനഭാഗം വ്യാഖ്യാനിക്കുന്നതിലെ ഒരു പ്രശ്നം, ഭൗതീകാർത്ഥത്തിലുള്ള യിസ്രായേലിനെ ദൈവത്തിന്റെ ''തെരഞ്ഞെടുത്ത'' (നിയുക്തമാക്കിയ) ജനമായി ചിലർ ഇപ്പോഴും കരുതുന്നുവെന്നതാണ്. യഹൂദൻമാർക്ക് മുൻപ് നൽകിയ വാഗ്ദാനങ്ങൾ ദൈവം ഇപ്പോഴും പൂർത്തീകരി ച്ചിട്ടില്ലെന്നും ചില നിശ്ചിതകാര്യങ്ങൾ ജനങ്ങൾക്ക് നൽകുന്നതിന് ദൈവം ഇപ്പോഴും കടപ്പെട്ടിരിക്കുന്നുവെന്നും ചിലർ വിശ്വസിക്കുന്നു. അതിനാൽ, ചരിത്രത്തിലെ യിസ്രായേലിന്റെ ദൈവവുമായുള്ള ബന്ധം മനസ്സിലാക്കേണ്ടത് പ്രധാനമാണ്.

''*പൊതുവായ തെരഞ്ഞെടുപ്പും*'' എതിരായി ''*പ്രത്യേകമായുള്ള തിരഞ്ഞെ ടുപ്പും.*'' ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെക്കുറിച്ച് നാം ആദ്യം മനസ്സി ലാക്കേണ്ട സത്യങ്ങളിലൊന്ന്, യിസ്രായേലിനെ ദൈവം ''തെരഞ്ഞെടുത്ത'' തിന്റെ (നിയുക്തമാക്കിയതിന്റെ) ആത്യന്തിക ഉദ്ദേശ്യം, മശിഹായെ (''ക്രിസ്തു'') ലോകത്തിലേക്ക് കൊണ്ടു വരികയെന്ന തന്റെ പദ്ധതി നടപ്പിലാക്കുന്നതിന് ഈ ജനതയെ ഉപയോഗിക്കുകയെന്നതായിരുന്നു. തന്റെ തെരഞ്ഞെടുക്കപ്പെട്ട/ നിയുക്ത ജനമെന്ന നിലയിൽ യിസ്രായേലിന് ചില നിശ്ചിത അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടിരുന്നുവെങ്കിലും, യിസ്രായേലിന്റെ (യാക്കോബ്) എല്ലാ ശാരീരിക അനന്തരാവകാശികളെയും രക്ഷിക്കാമെന്ന് ദൈവം *ഒരിക്കലും* വാഗ്ദാനം ചെയ്തിരുന്നില്ല. ഇതിനോട് യോജിച്ചു കൊണ്ട് മോറിസ് എഴുതി,

> ദൈവം യിസ്രായേലിനെ തന്റെ ജനമായി – തന്റെ പദ്ധതി പ്രത്യേക വിധത്തിൽ നടപ്പിലാക്കുന്നതിനുള്ള ജനമായി – തെരഞ്ഞെടുത്തു. അവർ വെളിപ്പാടുകളുടെയും നിരവധി അനുഗ്രഹങ്ങളുടെയും സ്വീകർത്താക്കളായി രിക്കും. (സിഎഫ്. 9:4–5) ... എന്നാൽ ഇവയൊന്നും

തന്നെ മുഴുവൻ ജാതിയും രക്ഷിക്കപ്പെടുമെന്ന് അർത്ഥമാക്കിയില്ല.[62]

ഒരു യഹൂദനായിത്തീരുന്നത് (ന്യായപ്രമാണം പാലിക്കുകയും പരിച്ഛേദന യേൽ ക്കുകയും) നിത്യ രക്ഷ ഉറപ്പു വരുത്തുന്നുവെന്ന് ചില റബ്ബിമാർ വിശ്വസിച്ചുവെന്ന് നാം മുൻപ് സൂചിപ്പിച്ചിരുന്നുവല്ലോ. എന്നാൽ ദൈവ വചനം അങ്ങനെ പഠിപ്പിക്കുന്നില്ല. യിസ്രായേലിന്റെ ചരിത്രത്തിലുട നീളം, വിശ്വസ്തര ായിരുന്ന യഹൂദരേക്കാൾ അവിശ്വസ്തരായിരുന്ന യഹൂദൻമാരുണ്ടായിരുന്നു.

യിസ്രായേലിനെ സംബന്ധിച്ച്, മക്ഗുയിഗ്ഗൻ "പൊതുവായ തെരഞ്ഞെടുപ്പും" "പ്രത്യേക തിരഞ്ഞെടുപ്പും" തമ്മിൽ വ്യത്യാസം വരച്ചു കാട്ടി.[63] ലോകത്തെ മുഴുവൻ അനുഗ്രഹിക്കുന്നതിനുള്ള ഒരു മാദ്ധ്യമമായി യിസ്രായേൽ ജാതിയെ ദൈവം തിരഞ്ഞെടുത്തതുമായാണ്/ നിയുക്തമാക്കിയ തുമാണ്, "പൊതുവായ തെരഞ്ഞെടുപ്പ്" എന്നത് ബന്ധപ്പെട്ടിരിക്കുന്നത്. എന്നാൽ "പ്രത്യേക തെരഞ്ഞെടുപ്പ്" ബന്ധപ്പെട്ടിരിക്കുന്നത്, "യിസ്രായേലിനു ളളിലെ യിസ്രായേലിനെ" (കാണുക 9:6) - ദൈവം രക്ഷയിലേക്ക് നടത്തുന്ന യഥാർത്ഥ വിശ്വാസികൾ - തെരഞ്ഞെടുത്തതുമായാണ്/നിയുക്തമാക്കിയ തുമാണ്.

*യിസ്രായേലിനോടുള്ള ദൈവീക വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെട്ടു.* ദൈവം ഹാരാനിൽ വെച്ച് അബ്രാഹാമിന് മുന്നിൽ പ്രത്യക്ഷപ്പെട്ട് താൻ കാണിക്കാനിരിക്കുന്ന ദേശത്തേക്ക്-അതായത് കനാനിലേക്ക്- പോകുന്നതിന ായി ആവശ്യപ്പെട്ടു (ഉൽ. 12:1). ആ സമയത്ത്, ദൈവം അബ്രാഹാമിന് പ്രത്യേക വാഗ്ദാനങ്ങൾ നൽകി:

> ഞാൻ നിന്നെ വലിയോരു ജാതിയാക്കും;
> നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും;
> നീഒരു അനുഗ്രഹമായിരിക്കും.
> നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും.
> നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും;
> നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും
> (ഉൽ. 12:2, 3).

നിരവധി വർഷങ്ങൾക്ക് ശേഷം ദൈവം അബ്രാഹാമിനോട് പറഞ്ഞു,

> ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും; നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടൽക്കരയിലെ മണൽപോലെയും അത്യന്തം വർദ്ധിപ്പിക്കും; നിന്റെ സന്തതി ശത്രുക്കളുടെ പട്ടണങ്ങളെ കൈവശമാക്കും. നീ എന്റെ വാക്കു അന ുസരിച്ചതുകൊണ്ടു നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകലജ ാതികളും അനുഗ്രഹിക്കപ്പെടും എന്നു ഞാൻ എന്നെക്കൊണ്ടു തന്നേ സത്യം ചെയ്തിരിക്കുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു (ഉൽ. 22:17, 18).

ഈ എല്ലാ വാഗ്ദാനങ്ങളും നിറവേറപ്പെട്ടു. അബ്രാഹാമിന്റെ ശാരീരിക പിൻഗാമികൾ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും കടൽത്തീരത്തെ

മണൽത്തരികളെപ്പോലെയുമാണ്. ‘‘ഒരു വലിയ രാഷ്ട്രം’’ (ഭൗമീക യിസ്രായേൽ) അബ്രാഹാമിനെ ‘‘പിതാവ്’’ എന്ന് വിളിക്കുന്നു. അബ്രാഹാമിന്റെ പേര് ലോകമെമ്പാടും ആദരിക്കപ്പെടുന്നു.

തീർച്ചയായും, ആ വാഗ്ദാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം, അബ്രാഹാമിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകലജാതികളും അനുഗ്രഹിക്കപ്പെടുമെന്നായിരുന്നു. ഉൽപ്പത്തി 22:18-ലെ വാഗ്ദത്തങ്ങൾ, ഗലാത്യർ 3:16-ൽ പൗലൊസ് പരാമർശിക്കുന്നുണ്ട്. ‘‘എന്നാൽ അബ്രാഹാമിന്നും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു; സന്തതികൾക്കും എന്നു അനേകരെക്കുറിച്ചല്ല, നിന്റെ സന്തതിക്കും എന്നു ഏകനെക്കുറിച്ചത്രേ (ദൈവം) പറയുന്നതു; അതു ക്രിസ്തു തന്നേ.’’ ക്രിസ്തു വരിക തന്നെ ചെയ്തു. അബ്രാഹാമിന് നൽകപ്പെട്ട വാഗ്ദത്തങ്ങൾ പൂർത്തീകരിക്കപ്പെട്ടു.

യഹൂദർ ഇപ്പോഴും ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട വംശമാണ് എന്ന് വിശ്വസിക്കുന്നവർ പ്രതിഷേധിച്ചേക്കാം, ‘‘എന്നാൽ അബ്രാഹാമിന്റെ സന്തതിപരമ്പര കൾ കനാൻ ദേശം അവകാശമാക്കും എന്നും ദൈവം വാഗ്ദത്തം ചെയ്തിരുന്നല്ലോ; ഇപ്പോഴും ആ വാഗ്ദത്തം പൂർത്തീകരിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്.’’ അബ്രാഹാമിനോട് ദൈവം ഇങ്ങനെ പറഞ്ഞുവെന്നത് സത്യമാണ്: ‘‘ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും നീ പ്രവാസം ചെയ്യുന്ന ദേശമായ കനാൻ ദേശം ഒക്കെയും ശാശ്വതാവകാശമായി തരും’’ (ഉൽ. 17:8).[64] ഇതേ വാഗ്ദത്തം യിസ്ഹാക്കിനോടും യാക്കോബിനോടും ആവർത്തിക്കുന്നുണ്ട് (ഉൽ. 26:3, 4; 28:13, 14; കാണുക വിലാ. 34:1-4). ഈ വാഗ്ദത്തങ്ങളുടെ ഒരു തുടർച്ച യോശുവ 1:4-ൽ കാണപ്പെടുന്നു: ‘‘മരുഭൂമിയും ഈ ലെബാനോനും തുടങ്ങി ഫ്രാത്ത്[65] എന്ന മഹാനദിവരെയും ഹിത്യരുടെ ദേശം ഒക്കെയും പടിഞ്ഞാറു മഹാസമുദ്രം (മെഡിറ്ററേനിയൻ) വരെയും നിങ്ങളുടെ അതിരായിരിക്കും.’’

ദൈവം തന്റെ വാഗ്ദത്തം പൂർത്തീകരിച്ചുവോ? യോശുവ 21:43-45-ൽ നാം ഈ സംക്ഷിപ്ത പ്രസ്താവനകൾ കാണുന്നു:

> യഹോവ യിസ്രായേലിനു താൻ അവരുടെ പിതാക്കന്മാർക്കു കൊടുക്കുമെന്നു സത്യം ചെയ്ത ദേശമെല്ലാം കൊടുത്തു; അവർ അതു കൈവശമാക്കി അവിടെ കുടിപാർത്തു ... യഹോവ യിസ്രായേൽ ഗൃഹത്തോടു അരുളിച്ചെയ്ത വാഗ്ദാനങ്ങളിൽ ഒന്നും വൃഥാവാകാതെ സകലവും നിവൃത്തിയായി.

യോശുവ തന്റെ മരണത്തിന് മുൻപായി അന്ത്യമൊഴികളായി ഇങ്ങനെ പറഞ്ഞു: ‘‘നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെക്കുറിച്ചു അരുളിച്ചെയ്തിട്ടുള്ള സകലനന്മകളിലുംവെച്ചു ഒന്നിനും വീഴ്ച വന്നിട്ടില്ലെന്നു നിങ്ങൾക്കു പൂർണ്ണഹൃദയത്തിലും പൂർണ്ണമനസ്സിലും ബോധമായിരിക്കുന്നു; സകലവും നിങ്ങൾക്കു സംഭവിച്ചു ഒന്നിനും വീഴ്ചവന്നിട്ടില്ല’’ (യോശുവ 23:14).[66] വർഷങ്ങൾക്ക് ശേഷം, ബന്ധനത്തിൽ നിന്ന് കനാനിലേക്ക് യഹൂദൻമാർ മടങ്ങിയെത്തിയതിന് ശേഷം, അവർ കർത്താവിനെ സ്തുതിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു:

> അബ്രാഹാമിനെ തെരഞ്ഞെടുത്തു അവന്നു അബ്രാഹാം എന്നു പേരിട്ട ദൈവമായ യഹോവ നീ തന്നേ. അവനെ കൽദയപട്ടണമായ

ഊരിൽനിന്നു കൊണ്ടുവന്നു നീ അവന്റെ ഹൃദയം നിന്റെ മുമ്പാകെ വിശ്വസ്തമായി കണ്ടു; ... അവന്റെ സന്തതിക്കു തന്നെ കൊടുക്കും എന്നു നീ അവനോടു ഒരു നിയമം ചെയ്തു; നീ നീതിമാനായിരിക്കയാൽ നിന്റെ വചനങ്ങളെ നിവൃത്തിച്ചുമിരിക്കുന്നു (നെഹ. 9:7, 8).

യഹൂദൻമാർക്ക് ദേശം അവകാശമായി നൽകുമെന്നുളള തന്റെ വാഗ്ദത്തം ദൈവം പൂർത്തീകരിച്ചുവോ? അതേ, ദൈവം അത് ചെയ്തു. തന്റെ വാഗ്ദത്തത്തിൽ വിശ്വസ്തത പുലർത്തുന്നതിനായി നൂറ്റാണ്ടുകൾ ഓരോന്നായി പിന്നിട്ടു കഴിഞ്ഞതിന് ശേഷവും ദൈവം അവ പൂർത്തീകരിക്കുന്നത് തുടർന്നു കൊണ്ടിരിക്കണമോ? നിങ്ങൾ ഒരാൾക്ക് ആയിരം രൂപ നൽകാമെന്ന് വാഗ്ദാനം ചെയ്യുകയും അത് നൽകുകയും ചെയ്തുവെന്ന് കരുതുക; എന്നാൽ പിന്നീട് അയാൾ അത് നഷ്ടപ്പെടുത്തുന്നുവെങ്കിൽ? നിങ്ങൾ ആ വ്യക്തിക്ക് വീണ്ടും ആയിരം രൂപ നൽകേണ്ട ബാദ്ധ്യതയുണ്ടോ? ഇല്ല – യഹൂദൻമാർക്ക് വീണ്ടും ഏതെങ്കിലും സ്ഥലം നൽകുന്നതിന് ദൈവം കടപ്പെട്ടിരിക്കുന്നില്ല. "യഹോവ യിസ്രായേൽഗൃഹത്തോടു അരുളിച്ചെയ്ത വാഗ്ദാനങ്ങളിൽ ഒന്നും വൃഥാവാകാതെ *സകലവും* നിവൃത്തിയായി."

*എവിടെയാണ് യിസ്രായേലിന് തെറ്റു പറ്റിയത്.* റോമർ 11:17–24–ൽ പൗലൊസ് ഒരു ഒലിവ് വൃക്ഷത്തിന്റെ ഉപമ ഉപയോഗിച്ചു. നിരവധി യഹൂദർ "അവരുടെ അവിശ്വാസത്താൽ" (11:20) "കൊമ്പിൽ നിന്ന് ഒടിഞ്ഞു പോയി" എന്ന് എഴുതി. എവിടെയാണ് യിസ്രായേലിന് തെറ്റു പറ്റിയെന്ന് വരച്ചു കാട്ടുന്നതിനായി നമുക്ക് ഒരു ആധുനിക ഉപമ പരിഗണിക്കാം: ഒരു റെയിൽപ്പാതയുടെ ഉപമ. നിരവധി ഉപമകളെപ്പോലെയും ഇത് അതീവ ലളിതമാക്കിയതാണ്. അതിനാൽ അത് ഏറെ ഇഴ കീറി താരതമ്യപ്പെടുത്താൻ കഴിയില്ല; എന്നാൽ എന്താണ് സംഭവിച്ചത് എന്ന് വിശദീകരിക്കുന്നതിന് അത് സഹായിക്കും.

അബ്രാഹാമിൽ നിന്ന് നിത്യതയിലേക്ക് നീളുന്ന ഒരു റയിൽപ്പാത സങ്കൽപ്പിക്കുക. യിസ്രായേൽ സഞ്ചരിക്കണമെന്ന് ദൈവം ആഗ്രഹിച്ചിരുന്ന പാത ഇതാണ്.

ഒന്നാമത്തെ "സ്റ്റോപ്പ്" അല്ലെങ്കിൽ "സ്റ്റേഷൻ" അബ്രാഹാമിനോട് നൽകിയിട്ടുളള വാഗ്ദത്തങ്ങളാണ് (ഉൽ. 12:1–3; 22:17, 18; ഗലാ. 3:16). അടുത്ത സ്റ്റോപ്പ് മോശെയുടെ ന്യായപ്രമാണമാണ് "ലംഘനം നിമിത്തം" (വാഗ്ദാനങ്ങളോട്) കൂട്ടിച്ചേർത്ത (ഗലാ. 3:19) മോശെയുടെ ന്യായപ്രമാണം ആണ്. ഈ ന്യായപ്രമാണം യഹൂദരെ "ക്രിസ്തുവിലേക്ക്" – ഈ ചിത്രീകരണത്തിലെ നമ്മുടെ ആദ്യത്തെ ലക്ഷ്യ സ്ഥാനത്തേക്ക് – നടത്തുന്നതിനുള്ള ഒരു "ശിശുപാലകൻ" (ഗലാ. 3:24) ആയിരുന്നു.

യഹൂദൻമാർ "പാതയിൽ തന്നെ" നിന്നിരുന്നുവെങ്കിൽ അവർ ക്രിസ്തുവിനെ മശിഹാ (മൂന്നാമത്തെ സ്റ്റോപ്പ്) ആയി സ്വീകരിക്കുകയും അവിടുത്തെ മരണത്തിലൂടെ നേട്ടം ലഭിക്കുകയും (നാലാമത്തെ സ്റ്റോപ്പ്) മശിഹായുടെ രാജ്യത്തെ – സഭയുടെ – പൗരൻമാരായിത്തീരുകയും (അഞ്ചാമത്തെ സ്റ്റോപ്പ്) ചെയ്യുമായിരുന്നു. യിരെമ്യാ പ്രവാചകൻ (യിരെ. 31:31–34; കാണുക എബ്രാ. 8:7–13) പ്രവചിച്ച, "പുതിയ നിയമം" അവർ ആശ്ലേഷിക്കുമായിരുന്നു. അതിന് ശേഷം, വിശ്വാസത്താൽ ജീവിച്ചു കൊണ്ട്, ദൈവത്തോടും ക്രിസ്തുവിനോടും കൂടെ നിത്യതയിലുടനീളം സ്വർഗ്ഗത്തിൽ – ആത്യന്തിക ലക്ഷ്യസ്ഥാനം – ജീവിക്കുമെന്ന പ്രത്യാശയിൽ അവർക്ക് നിലനിൽക്കുവാൻ കഴിയുമായിരുന്നു.

യഹൂദ ജനതയ്ക്കായുള്ള ദൈവീക പദ്ധതിയും ഉദ്ദേശ്യവും അതായിരുന്നു. എന്നാൽ, ഒരേ പാതയിൽ തന്നെ യാത്ര തുടരുന്നതിന് പകരം, മിക്കവാറും എല്ലാ യഹൂദൻമാരും യേശുവിനെ മശിഹാ ആയി സ്വീകരിക്കാതെ തിരസ്കരിച്ചുകളഞ്ഞു. തങ്ങൾ ഇപ്പോഴും മുഖ്യപാതയിൽ തന്നെയാണ് എന്ന് അവർ വിശ്വസിച്ചുവെന്നതിന് സംശയമില്ല. എന്നാൽ അവരുടെ അവിശ്വാസത്തിന്റെ ഊടുവഴിയിലേക്ക് അവർ ഒഴിഞ്ഞു കളഞ്ഞു (കാണുക യോഹ. 8:24).

പഴയ നിയമ കാലങ്ങളിൽ, ജാതികൾ യഹൂദരേക്കാൾ വ്യത്യസ്തമായ പാത യിലായിരുന്നു. എന്നാൽ ക്രിസ്തു മോശെയുടെ ന്യായപ്രമാണത്തിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞപ്പോൾ അത് അവസാനിച്ചു (എഫെ. 2:14, 15). അവരിൽ നിരവധി പേർ അനുസരണം നിറഞ്ഞ വിശ്വാസത്താൽ, ''മുഖ്യ പാത'' യിലേക്ക് നീങ്ങുകയും ചെയ്തു. (റോമർ 11:17, 18-ൽ പൗലൊസ് എഴുതിയിരിക്കുന്നതു പോലെ, യഹൂദരോടുള്ള ദൈവീക വാഗ്ദത്തങ്ങളിൽ നിന്ന് തങ്ങൾക്ക് പ്രയോജനം സിദ്ധിച്ചിരിക്കുന്നുവെന്ന് ജാതികളിൽ നിന്നുള്ള ക്രിസ്തീയ വിശ്വാ സികൾ മനസ്സിലാക്കേണ്ടിയിരുന്നു. നമ്മുടെ ചിത്രീക രണത്തിൽ, *സുവിശേഷം* ജാതികളോട് പ്രസംഗിക്കപ്പെട്ടു എന്ന് ഊന്നിപ്പറയുന്നതിനായി നമുക്ക് ആറ ാമത്തെ ഒരു സ്റ്റോപ്പ് കൂടി ചേർക്കാവുന്നതാണ്).

തീർച്ചയായും ഒരു യഹൂദന് മുഖ്യ പാതയിലേക്ക്, യേശുവിനെ സ്വീകരി ക്കുന്നതിലൂടെയും അവിടുത്തെ ഇഷ്ടം നിറവേറ്റുന്നതിലൂടെയും എപ്പോൾ വേണമെങ്കിലും മടങ്ങി വരാവുന്നതാണ്. എന്നാൽ പരിതാപകരമെന്ന് പറയട്ടെ, ''ഇന്നു വരെ'' അവരിൽ ഭൂരിഭാഗം പേരും അങ്ങനെ ചെയ്തിട്ടില്ല (11:8).

*ഉപസംഹാരം.* പഴയ നിയമ കാലഘട്ടങ്ങളിൽ, യിസ്രായേൽ ദൈവത്തിന്റെ ''തെരഞ്ഞെടുത്ത'' (നിയുക്തമാക്കിയ) ജാതിയായിരുന്നു. എങ്കിലും ഇന്ന്, സഭയാണ് ദൈവത്തിന്റെ ''ആത്മീയ'' യിസ്രായേൽ (ഗലാ. 6:16). ക്രിസ്തീയ വിശ്വാസികൾ ദൈവത്തിന്റെ ''തെരഞ്ഞെടുക്കപ്പെട്ട വംശ'' വും (1 പത്രൊസ് 2:9).

**ദൈവത്തിന്റെ ജ്ഞാനം (11:33-36)**

റോമർ 11:33-36-ന്റെ ഭാഷ ആവർത്തനം 29:29-നെ അനുസ്മരിപ്പിക്കുന്ന താണ്: ''മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവെക്കുള്ളവയത്രേ; വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകലവചനങ്ങളും അനുസരിച്ചുനടക്കേണ്ടതിന്നു എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവ യാകുന്നു.'' നമുക്ക് അറിയുവാൻ കഴിയാത്ത നിരവധി കാര്യങ്ങളുണ്ട്. ''രഹസ്യ മയമായ കാര്യങ്ങൾ നമ്മുടെ കർത്താവായ ദൈവത്തിന്റേതത്രേ.'' എങ്കിൽത്ത ന്നെയും, ചില സത്യങ്ങൾ വെളിപ്പെടുത്തുന്നതിന് ദൈവം കൃപ കാണിച്ചിരിക്കുന്നു.

റോമർ 11-ൽ ''വെളിപ്പെടുത്തപ്പെട്ട ചില കാര്യങ്ങൾ'' നാം കാണുന്നു:

യഹൂദരെയും ജാതികളെയും രക്ഷിക്കുന്നതിന് ദൈവത്തിന് ഒരു പദ്ധതി യുണ്ട്.
ദൈവം എല്ലാവരേയും രക്ഷിക്കുന്നതിന് ആഗ്രഹിക്കുന്നു.
എല്ലാവരോടും കരുണ കാണിക്കുന്നതിന് ദൈവം ആഗ്രഹിക്കുന്നു.
നമുക്ക് ഒരിക്കലും ദൈവത്തെ നമ്മുടെ കടക്കാരനാക്കിത്തീർക്കുന്നതിന്

കഴിയില്ല;

നാം അവന്റെ കൃപയിലും കരുണയിലും ആശ്രയിക്കണം.നമ്മുടെ ദൈവം വാക്കുകൾക്ക് അതീതമായി അത്ഭുതവാനാണ്.

---

കുറിപ്പുകൾ

[1]Another way of looking at Paul's statement regarding his Jewishness is reflected in the JB: "I, an Israelite, descended from Abraham through the tribe of Benjamin, could never agree that God had rejected his people." However, a majority of commentators agree with the interpretation I have given here. [2]The Greek word translated "thousands" in Acts 21:20 literally means "ten thousands." The lexical form is μυριάς (*murias*), from which the English word "myriad" is derived. [3]W. E. Vine, Merrill F. Unger, and William White, Jr., *Vine's Complete Expository Dictionary of Old and New Testament Words* (Nashville: Thomas Nelson Publishers, 1985), 522. [4]In Romans 9:27, the word translated "remnant" is ὑπόλειμμα (*hupoleimma*). This compound word was used to emphasize the smallness of the remnant. It combines the prefix ὑπό (*hupo*, "under") with *leimma*. [5]The word "remnant" appears eighty-four times in the NASB. It occurs most frequently in the Book of Isaiah. [6]In Revelation 12:17 (KJV), "remnant" is translated from λοιπός (*loipos*), which is from the same family of words as *leimma*. Both are "akin to *leipō*, to leave" (Vine, 522). Sometimes *loipos* is a synonym for *leimma*; sometimes it is not. In Revelation 12:17, the NASB translates *loipos* as "the rest." [7]F. F. Bruce, *The Letter of Paul to the Romans*, 2d ed., The Tyndale New Testament Commentaries (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 201. [8]"A different word (*sklērynō*) is used of the hardening of Pharaoh's heart in 9:18, but the meaning is not greatly different from that of *pōroō* [in 11:7]" (Ibid., n. 1). [9]*The Analytical Greek Lexicon* (London: Samuel Bagster & Sons, 1971), 181. [10]Vine, 332–33, 693. For an example of the word meaning "zealous," see Galatians 4:17 (KJV).

[11]Ibid., 332–33. [12]Ibid., 259. [13]In verse 12, the NASB has inserted "is" (present tense) twice and then "will ... be" (future tense) once. [14]R. C. H. Lenski, *The Interpretation of St. Paul's Epistle to the Romans* (Minneapolis: Augsburg Publishing Co., 1963), 695. [15]There is no verb in verse 15 in the Greek text, so verbs must be supplied by translators. Some use the words "will ... be" to make this verse predictive prophecy, but there is no indication that Paul was foretelling a wholesale conversion of the Jews in the future. The translators could have supplied "is" rather than "will ... be." [16]Leon Morris, *The Epistle to the Romans* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988), 411. Morris added this footnote: "Paul has ζωή ἐκ νεκρῶν, but the final resurrection is spoken of as ἀνάστασις νεκρῶν (1 Cor. 15:12 etc.)" (n. 69). [17]Walter W. Wessel, Notes on Romans, *The NIV Study Bible*, ed. Kenneth Barker (Grand Rapids, Mich.: Zondervan Publishing House, 1985), 1723. [18]William Hendriksen, *Exposition of Paul's Epistle to the Romans*, New Testament Commentary (Grand Rapids, Mich.: Baker Book House, 1981), 370. [19]Some writers refer to this as a "parable," while others prefer the term "allegory." [20]According to ancient writers, this was occasionally done to revive and stimulate a cultivated tree.

[21]Morris, 414. [22]*The Analytical Greek Lexicon*, 421. [23]A different word for "high" is used in Romans 12:3 than in 11:20, but the basic admonition is the same. [24]We need a strong, healthy fear of fire to keep us from sticking our hands into the flame—but it would be unhealthy to have a fear so strong that we refused to get near a fire (an immobilizing fear). [25]The cross expressed the kindness (love) of God while satisfying the severity (justice) of God. [26]Wessel, 1723. [27]Douglas J. Moo, *Romans*, The NIV Application Commentary (Grand Rapids, Mich.: Zondervan Publishing House, 2000), 368. [28]Hendriksen, 376. [29]Bruce, 205. [30]The rapid spread of the early Restoration Movement in the US made some people overly optimistic. They could easily believe that great numbers of both Gentiles and Jews would obey the gospel in the not-too-distant future.

[31]Vine, 424. [32]Hendriksen, 378. [33]For more information on premillennialism, see David L. Roper, *Revelation 1—11*, Truth for Today Commentary (Searcy, Ark.: Resource Publications, 2002): 14–19. [34]Hendriksen, 379. [35]Morris, 418. [36]Jim McGuiggan, *The Book of Romans*, Looking Into The Bible Series (Lubbock, Tex.: Montex Publishing Co., 1982), 286–87. [37]A few translators have "full number" in both Romans 11:12 and 11:25, but they are the exception rather than the rule. [38]Another

thought or two on *plērōma* may be helpful. Noun and verb forms of *plērōma* are used throughout Romans (for instance, see 1:29; 8:4; 13:8, 10; 15:13, 14, 29), and the concept of "a certain number" or "a set number" is not inherent in any of these. However, some writers use *plērōma* to mean "the full number of those who will be saved," with this emphasis: "God will save everyone who should be saved; He will not miss a single one." We have no problem with this generic, non-controversial approach to *plērōma*. [39]C. G. Wilke and Wilibald Grimm, *A Greek-English Lexicon of the New Testament*, trans. and rev. Joseph Henry Thayer (Edinburgh: T. & T. Clark, 1901; reprint, Grand Rapids, Mich.: Baker Book House, 1977), 468. The NCV has "that is how," while the SEB and McCord have "in this way." [40]Bruce, 209; Morris, 420.

[41]John R. W. Stott, *The Message of Romans: God's Good News for the World*, The Bible Speaks Today (Downers Grove, Ill.: InterVarsity Press, 1994), 304 (emphasis added). [42]Moo, 385. [43]In Romans 11:20, Paul emphasized that Jews had been excluded from God's blessings because of *unbelief*. Here, the apostle said that it was because of *disobedience*. Once more, Paul used the concepts of belief and obedience interchangeably. [44]Ronald F. Youngblood, ed., *Nelson's New Illustrated Bible Dictionary* (Nashville: Nelson, 1995), 822. [45]Hendriksen, 385. [46]Stott, 307. [47]Moo, 291. [48]Many words have been written regarding the difference between "wisdom" and "knowledge." A simple way to think of it is that "knowledge" has to do with knowing facts while "wisdom" has more to do with "common sense." [49]Morris, 427 (emphasis added). [50]Ibid., 429.

[51]Moo, 302. [52]R. C. Bell, *Studies in Romans* (Austin, Tex.: Firm Foundation Publishing House, 1957), 121. [53]Richard A. Batey, *The Letter of Paul to the Romans*, The Living Word Commentary (Austin, Tex.: R. B. Sweet Co., 1969), 133–34. [54]Tragically, some become so hardened in heart that it is "impossible to renew them again to repentance" (Heb. 6:6). Nevertheless, God remains concerned about them (2 Pet. 3:9). [55]See Job 1:18, 19. [56]Larry Deason, *"The Righteousness of God": An In-depth Study of Romans*, rev. ed. (Clifton Park, N.Y.: Life Communications, 1989), 265–66. [57]Some are convinced that this was Paul's primary reason for writing the letter. [58]William Barkley; quoted in Robert J. Morgan, *Nelson's Complete Book of Stories, Illustrations, & Quotes* (Nashville: Thomas Nelson Publishers, 2000), 633. [59]C. S. Lewis, *Mere Christianity* (New York: Macmillan Co., 1952), 108–9. [60]The NASB has "Pride goes before destruction, and a haughty spirit before stumbling."

[61]Isaac Watts, "When I Survey the Wondrous Cross," *Songs of Faith and Praise*, comp. and ed. Alton H. Howard (West Monroe, La.: Howard Publishing Co., 1994). [62]Morris, 399. [63]McGuiggan, 317. [64]Genesis 17:8 says that the land would be given "for an everlasting possession." Some insist that "everlasting" (עוֹלָם, *'olam*) must mean that the words still apply today, but "everlasting" can mean "to the end of the age." Sabbath-day (*seventh*-day) observance was called "an everlasting covenant" (Lev. 24:8); but in the new covenant (New Testament), the Christian's "special" day is the *first* day of the week (Acts 20:7). [65]The kingdom of David and Solomon extended to "the River," that is, the Euphrates (2 Sam. 8:3; 1 Kings 4:1, 24). [66]Joshua warned the Israelites that if they did not keep the covenant they had made with God (which they did not), they would "perish quickly from off the good land" they had been given (Josh. 23:15, 16).